# മീനടം ഗ്രാമ പഞ്ചായത്ത്



## സമഗ്ര വികസന രേഖ

53-6

# മീനടം ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ



# കേരളം



# MAP OF KOTTAYAM DISTRICT




1. Neendoor
2. Athirampuzha
3. Ettumanoor
4. Kumaranalloor
5. Anpukara
6. Aymanom
7. Kumarakom
8. Thiruvarpu
9. Nattakom
10. Panachikadu
11. Puthuppally
12. Vijayapuram
13. Ayarkunnam
14. Akalakunnam
15. Elikulam
16. Pallickathodu
17. Kooroppada
18. Pampady
19. Meenadom



# മീനടം ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

### സമഗ്ര വികസന രേഖ






## എഡിറ്റോറിയൽ ബോർഡ്

1. ശ്രീ. കെ.പി. ഗോപാലകൃഷ്ണൻ നായർ
2. ,, പി.എൽ. ജോൺ
3. ,, ഈ.റ്റി. കുര്യൻ
4. ,, കെ.ആർ. ശിവദാസ്
5. ,, കെ.ജി. കൃഷ്ണൻകുട്ടി
6. ,, ബാബു വറുഗീസ്
7. ,, സാബു മുളയ്ക്കൽ



**Printed at**

Brothers Colour Printers, Pakkil, Phone.560719,569740

**Cover Printing.**

Brothers Screen Printers, Pakkil.

**Typesetting.**

J & B Graphics, T.B. Road, Kottayam.1. Phone.564186

## മുൻ ഭരണസമിതി അംഗങ്ങൾ

പാമ്പാടി പഞ്ചായത്തിന്റെ IV, V, VI, VII എന്നീ വാർഡുകൾ ചേർത്ത് 1.11.82 ൽ മീനടം പഞ്ചായത്ത് രൂപീകൃതമായി.

| | | |
|---|---|---|
| 1. എം.പി. ഏബ്രഹാം മണിമലപറമ്പിൽ | (പ്രസിഡന്റ്) | വാർഡ് 6 |
| 2. ജോസഫ് ഏലിയാസ് | | വാർഡ് 4 |
| 3. ഡോ. കെ.കെ. ചാക്കോ കുഴിയാത്ത് | | വാർഡ് 6 |
| 4. സി.എ. സുകുമാരൻ ചെമ്പൻകുഴിയിൽ | | വാർഡ് 7 |

1.11.83 മുതൽ 31.1.88 വരെ സ്പെഷ്യൽ ആഫീസർ ശ്രീ. എം.പി. അപ്പൻ നിയമിതനായി.

1988 ജനുവരിയിൽ പുതിയ ഭരണസമിതി നിലവിൽ വന്നു.

| | |
|---|---|
| 1. ശ്രീ. സി.എം. മാത്യു ചക്കിപ്പര്യത്ത് | വാർഡ് 1 |
| 2. „ പി.സി. ഏലിയാസ് പമ്പൂർ | „ 2 |
| 3. „ ജോയി സ്കറിയാ വയലികൊല്ലാട് | „ 3 |
| 4. „ പി.എൻ. വേലായുധൻ പൊങ്ങഴയിൽ | „ 4 |
| 5. ശ്രീമതി മറിയാമ്മ ആന്ത്രയോസ് മണ്ണൂകടുപ്പിൽ | „ 5 |
| 6. ഡോ. കെ.കെ. ചാക്കോ കുഴിയാത്ത് | „ 6 |
| 7. ശ്രീ. എം.എ. അപ്പുക്കുട്ടൻ മൈലാടിയിൽ | „ 7 |
| 8. ശ്രീമതി അച്ചാമ്മ വറുഗീസ് ചേറാടിയിൽ | „ 8 |

ഇതിൽ ശ്രീ. എം.എ. അപ്പുക്കുട്ടൻ മൈലാടിയിൽ 1988 ഫെബ്രുവരി മുതൽ 6.11.90 വരെ പ്രസിഡന്റ് ആയിരുന്നു. 7.11.90 മുതൽ 9.2.94 വരെ ഡോ. കെ.കെ. ചാക്കോ പ്രസിഡന്റ് ആയി ഭരണം നടന്നു.

10.2.94 മുതൽ 30.9.95വരെ മേൽ പറഞ്ഞ കമ്മറ്റി അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ആയി പ്രവർത്തിച്ചു.

# മീനടം ഗ്രാമപഞ്ചായത്ത്

## ഭരണ സമിതി



കെ. ടി. പൊന്നപ്പൻ
(പ്രസിഡൻറ്)



മോളി ചെറിയാൻ
(വൈസ് പ്രസിഡൻറ്)



സി. ഐ. ഈശോ
(ചെയർമാൻ, സ്റ്റാൻറിംഗ് കമ്മിറ്റി)



പി. എം. സ്കറിയ
(മെംബർ)



പ്രസാദ് നാരായണൻ
(മെംബർ)



എബി ജോർജ്
(മെംബർ)



ഗ്രേസി ഫിലിപ്പ്
(മെംബർ)



അച്ചാമ്മ വറുഗീസ്
(മെംബർ)

# ഉള്ളടക്കം




1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി

5. വികസന മേഖലകൾ

(1) കൃഷിയും ജലസേചനവും

(2) മൃഗസംരക്ഷണവും മത്സ്യബന്ധനവും

(3) വിദ്യാഭ്യാസം

(4) ആരോഗ്യം – കുടിവെള്ളം – പരിസരശുചിത്വം

(5) വ്യവസായം

(6) ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

(7) പാർപ്പിടവും സാമൂഹ്യക്ഷേമവും

(8) സംസ്ക്കാരം

(9) വനിതാക്ഷേമം

(10) സഹകരണം

(11) പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം

(12) വിഭവസമാഹരണം

ഉപസംഹാരം


സത്യം എന്നാൽ ഈശ്വരൻ; ഈശ്വരൻ എന്നാൽ സത്യം. ഇത് സത്യത്തിന്റെ പരമമായ അർത്ഥമാകുന്നു. സത്യമായതെന്തോ അതു മാത്രമാണ് ശ്രേഷ്ഠമായത്. അതിനാൽ സത്യം അഥവാ സത് എന്നതിന് ശ്രേഷ്ഠം എന്നും അർത്ഥമുണ്ട്. അതായത് സത്യമായ ആഗ്രഹം, സത്യമായ വാക്ക്, സത്യമായ കർമ്മം, സത്യവും സനാതനവുമായ ഏതെല്ലാം നിയമമനുസരിച്ചാണോ ഈ വിശ്വത്തിന്റെ ജഡചേതന പ്രവർത്തിച്ചുപോരുന്നത്. അവയെ നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുകയും അവയ്ക്കനുസരിച്ച് സ്വജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്യുക. സത്യംകൊണ്ട് അസത്യത്തെ നേരിടുക. ഇതാണ് സത്യാഗ്രഹം.

ഗാന്ധിജി.




## ആമുഖം

ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം രാജ്യത്തിന്റെ പുരോഗതിക്കും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പഞ്ചവത്സര പദ്ധതികൾ മുഖേന യുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. കേന്ദ്ര പ്ലാനിംഗ് കമ്മീഷനും സംസ്ഥാനപ്ലാനിംഗ് ബോർഡുമാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി ക്കൊണ്ടിരുന്നത്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിൽ കൂടി ഒട്ടേറെ നേട്ടങ്ങൾ രാജ്യം കൈവരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രവർത്ത നങ്ങളുടെ അടിസ്ഥാനപരമായ പോരായ്മകൾ പരിഹരിക്കുന്നതിനും, വളർച്ച കൂടുതൽ ത്വരിതപ്പെടുത്തുന്നതിനും ജനകീയപങ്കാളിത്തം ആവശ്യമാണ്. വികസനലക്ഷ്യം നേടുന്നതിന് പടിപടിയായി സമയക്ലിപ്തത നിശ്ചയിച്ച് വിദഗ്ദ്ധമായി നടപ്പാക്കിക്കൊണ്ട് ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നുള്ളതാണ് ആസൂത്രണ ത്തിന്റെ കാതലായ ഉദ്ദേശം.

ആസൂത്രണം വഴി ഉണ്ടാകുന്ന പുരോഗതിയും, മെച്ചപ്പെട്ട സൗകര്യങ്ങളും എല്ലാവർക്കും ലഭിക്കുന്നു എന്നു ഉറപ്പു വരുത്തുന്നതും, ഭാവിയിലേക്ക് പ്രയോജനപ്പെടുന്നതിനും, ജനങ്ങളുടെ ആവശ്യങ്ങൾ വർദ്ധിക്കുന്നതനുസരിച്ച്, പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതും വികസനത്തിന്റെ പ്രധാനലക്ഷ്യമാണ്. ഇതിന് സ്ഥായിയും, നീതിപൂർവ്വകവും, ദ്രുതഗതിയിലുമുള്ള സാമ്പത്തിക വളർച്ച ആവശ്യമാണ്.

ഈ ലക്ഷ്യങ്ങൾ മുൻനിർത്തി മീനടം ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിക്കു വേണ്ടിയുള്ള ജനകീയ ആസൂത്രണം, വിവിധ സമിതികളിൽക്കൂടി ചർച്ച ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പ്രാരംഭമായി 8 വാർഡുകളിലും ഗ്രാമസഭകൾ കൂടി പ്രാദേശിക ആവശ്യങ്ങൾ വിലയിരുത്തി തയ്യാറാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുതല വികസന സമിതി ചേർന്ന് വിഷയനിർണ്ണയഗ്രൂപ്പുകൾ രൂപീകരിച്ച്, ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് വികസനരേഖ രൂപപ്പെടുത്തി അനുബന്ധമായി ചേർത്തിരിക്കുന്നു.

# 2. പഞ്ചായത്തു പൊതുവിവരണം

പാമ്പാടി പഞ്ചായത്തിന്റെ ഭാഗമായി ദീർഘകാലം നിലനിന്നിരുന്ന മീനടം പ്രദേശം ഉൾപ്പെട്ട ഒരു പഞ്ചായത്ത് പുതുപ്പള്ളി എം.എൽ.എ. ശ്രീ. ഉമ്മൻചാണ്ടിയുടെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായി 1982– നവംബർ മാസം 3–ാം തീയതി രൂപീകൃതമായി. കുന്നുകളും, ചരിവുകളും, താഴ്‌വരകളും, വയലുകളും ചേർന്ന ഈ പ്രദേശം പ്രകൃതിരമണീയവും, ചെങ്കല്ലും ചരലും ചേർന്ന പശിമരാശിമണ്ണിന്റെ സ്വഭാവമുള്ളതുമാണ്. കാലാവസ്ഥയും, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽക്കൂടി ഒഴുകുന്ന തോടുകളും ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുകയും, തന്മൂലം കാർഷികപ്രധാന്യമുള്ള ഒരു പ്രദേശമാക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | മീനടം ഗ്രാമപഞ്ചായത്ത് |
| ഉൾക്കൊള്ളുന്ന വില്ലേജ് | – | മീനടം |
| ബ്ലോക്ക് പഞ്ചായത്ത് | – | പാമ്പാടി |
| താലൂക്ക് | – | കോട്ടയം |
| ജില്ല | – | കോട്ടയം |
| അസംബ്ലി | – | പുതുപ്പള്ളി |
| വിസ്തീർണ്ണം | – | 11.44 ച.കി.മീറ്റർ |
| അതിരുകൾ | – | കിഴക്ക് പാമ്പാടി പഞ്ചായത്ത് |
| | | വടക്ക് പാമ്പാടി, പുതുപ്പള്ളി പഞ്ചായത്തുകൾ |
| | | പടിഞ്ഞാറ് പുതുപ്പള്ളി പഞ്ചായത്ത് |
| | | തെക്ക് പുതുപ്പള്ളി, കറുകച്ചാൽ, വാകത്താനം പഞ്ചായത്തുകൾ |
| വാർഡുകൾ | – | 8 |
| ജനസംഖ്യ | – | പുരുഷന്മാർ 8,276 |
| | | സ്ത്രീകൾ 8,077 |
| | | ആകെ 16,353 |
| സാക്ഷരത | – | 97% |
| പ്രസിഡണ്ട് | – | ശ്രീ. കെ.റ്റി. പൊന്നപ്പൻ |
| വൈസ് പ്രസിഡണ്ട് | – | ശ്രീമതി. മോളി ചെറിയാൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | – | ശ്രീ. സി.ഐ. ഈശോ |

# 3. സാമൂഹിക സാംസ്കാരിക ചരിത്രം

പുരാതനമായ നാടുവാഴി രാജവാഴ്ച യിൽ തെക്കുംകൂറിന്റെ തലസ്ഥാനമായിരുന്ന വെന്നിമലയുടെ അധികാരപരിധിയിൽപെട്ട പ്രദേശമായിരുന്നു മീനടം. അക്കാലത്ത് ഇവിടെയുണ്ടായിരുന്ന ഹൈന്ദവരെക്കൂടാതെ മറ്റുപ്രദേശങ്ങളിൽ നിന്നും യോദ്ധാക്കളും കച്ചവടക്കാരും, കൃഷിക്കാരുമായി സുറിയാനി ക്രിസ്ത്യാനികൾ കുടിയേറി പാർത്തിരുന്നു. പോർട്ടുഗീസുകാർ മുതലുള്ള വിദേശിയരുമായി ബന്ധപ്പെടുകയും, കൃഷിയും, വ്യാപാരവും വികസിക്കുകയും ചെയ്തതിനെതുടർന്ന് മീനടത്തിന്റെ സമീപപ്രദേശങ്ങളെക്കൂടി ബന്ധപ്പെടുത്തി, ഒരു വാണിജ്യകേന്ദ്രമായിപ്പോലും ജലമാർഗ്ഗ ഗതാഗതസൗകര്യം ഉണ്ടായിരുന്ന മീനടം വലിയ തോടിനെ പ്രയോജനപ്പെടുത്തി ഇപ്പോൾ പള്ളിപ്പാടം എന്നുപറയപ്പെടുന്ന സ്ഥലം അക്കാലത്ത് വികാസം പ്രാപിച്ചിരുന്നു. തെക്കുംകൂർ രാജാവിന്റെ സൈന്യത്തിനുവേണ്ട പരിശീലന കേന്ദ്രങ്ങളും ഈ ഭാഗത്തുണ്ടായിരുന്നു.

വെന്നിമലയുടെ പ്രശസ്തി നഷ്ടപ്പെട്ട തോടുകൂടി കേന്ദ്രീകൃതമായിരുന്ന ജനപദം സമീപ പ്രദേശങ്ങളിലേക്ക് വിന്യസിച്ചു. കാർഷിക വൃത്തിയിൽ ഈ പ്രദേശം അധിഷ്ഠിതമായി. കാലിവളർത്തലും ഉപതൊഴിലായിരുന്നു.

കോട്ടയം ജില്ലയുടെ ഉപവിഭാഗമായ പാമ്പാടി പ്രദേശത്തിന്റെ എട്ടു കരകളിൽ ഒന്നായ മീനടം ഫലഭൂയീഷ്ഠവും ദാരിദ്ര്യം ഇല്ലാത്തതും, ഹിന്ദുക്കളും, ക്രിസ്ത്യനികളും മതസൗഹാർദ്ദത യിലും പരസ്പര സ്നേഹത്തോടുംകൂടി കഴിഞ്ഞി രുന്നതായും മനസ്സിലാക്കാം. ഇവിടെ പണ്ടു മുതൽ മുസ്ലീങ്ങൾ താമസമില്ലായിരുന്നു. എന്നും കാണാ വുന്നതാണ്.

സാംസ്കാരിക രംഗത്ത് പലതലത്തിലും വളർച്ച പ്രാപിച്ചിരുന്ന കോട്ടയവുമായുള്ള ഈ പ്രദേശത്തിന്റെ സാമീപ്യവും, വിദ്യാഭ്യാസപരമായി ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി ആധു നിക വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ചയും അവിടുത്തെ സൗകര്യങ്ങളും, സ്ഥാപനങ്ങളും, ഇവിടെയുണ്ടായിരുന്നവരുടെ സാംസ്കാരിക വളർച്ചക്ക് സഹായകമായിട്ടുണ്ട്.

പിന്നോക്ക വിഭാഗത്തിൽപെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി സി.എം.എസ്. മിഷനറിമാർ നടത്തിയ പ്രവർത്തനം സാമൂഹ്യമായ അവരുടെ ഉയർച്ചയ്ക്ക് ഈ പ്രദേശത്ത് കളമൊരുക്കി. വിദ്യാ ഭ്യാസത്തിനും, ദൈവാരാധനയ്ക്കും, സൗകര്യ ങ്ങൾ അവർക്ക് ലഭിച്ചു.

ശ്രീനാരയണഗുരുവിന്റെ ആശീർവാദ ത്തോടുകൂടി സ്ഥാപിതമായ മഞ്ഞാടി ശിവ ക്ഷേത്രം അവർണ്ണരുടെ പുരോഗമനത്തിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. മീനടം ഭഗവതി ക്ഷേത്രം, വട്ടക്കാവ് ദുർഗ്ഗാക്ഷേത്രം എന്നിവ ഇവിടുത്തെ പഴക്കമുള്ള ക്ഷേത്രങ്ങളാണ്. ക്രിസ്ത്യൻ പള്ളികളിൽ പഴക്കമുള്ള പ്രധാന ദേവാലയമാണ് സെന്റ്. തോമസ്സ് വലിയപള്ളി. ഇതിലേക്ക് സ്ഥലം ദാനമായി നൽകിയത് 'ചിറയ്ക്കൽ നായർ' കുടുംബമാണ്. പുണ്യസ്ഥലമായ പൊത്തമ്പുറം ദയറായുടെ സ്ഥാപനത്തിനും ഭൂമി കൊടുത്തത് മഠത്തിൽ നായർ കുടുംബമാണ്. ഈ ദേവാലയങ്ങളിലെ ഉത്സവങ്ങളും, പെരുന്നാളും ഈ നാട്ടിന്റെ ദേശീയ ഉത്സവങ്ങളായിട്ടാണ് നടത്തപ്പെടുന്നത്.

രാഷ്ട്രീയമായി വിഭിന്ന കാഴ്ചപ്പാടുകൾ പുലർത്തുന്ന ജനങ്ങളിൽ കക്ഷി വൈരാഗ്യ ങ്ങളും, അതിന്റെ അടിസ്ഥാനത്തിൽ സംഘട്ടന ങ്ങളും, മറ്റുപലപ്രശ്നങ്ങളും കഴിഞ്ഞ കാലങ്ങളിൽ ഇവിടെ ഉണ്ടായിട്ടുണ്ട്. അതിന്റെ ഒക്കെ തിക്തഫല ങ്ങൾ കണ്ടറിഞ്ഞ ഇന്നത്തെ ജനങ്ങൾ അവരുടെ മാനസികാവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് ഗ്രാമത്തിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിന് കക്ഷി വ്യത്യാസമില്ലാതെ മുമ്പോട്ടുവരുന്നു. ഈ നിലയിൽ കൂടുതൽ ഉത്തേജനം സാംസ്കാരികരംഗത്ത് വളർത്തി യെടുക്കുന്നതിന് പഞ്ചായത്തുതല സമീപനം ഉണ്ടാകണം.

## 4. ഭൂപ്രകൃതി

പശ്ചിമഘട്ടത്തിൽ നിന്നും ആരംഭിച്ച് ഇടുക്കി ജില്ലയുടെ പടിഞ്ഞാറു ഭാഗത്തുള്ള കോട്ടയം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന മീനടം ഗ്രാമപഞ്ചായത്ത് പ്രദേശം കുന്നുകളും, താഴ്‌വരകളും ചേർന്നതാണ്.

മുൻകാലങ്ങളിൽ ആറാണികുന്നിന്റെ നിറുകയിൽ ഇരുമ്പിന്റെ അംശം ധാരാളം അടങ്ങിയിരുന്ന മണ്ണ് കുഴിച്ചെടുത്ത് സംസ്കരിക്കുന്നതിനുള്ള ശ്രമം നടന്നിരുന്നു. ഇപ്പോഴും അതിന്റെ അവശിഷ്ടങ്ങൾ കാണാനുണ്ട്. ഈ കുന്നിന്റെ താഴ്‌വരകളിലെ കിണറുകളിൽ വേനൽക്കാലത്ത് ഇരുമ്പിന്റെ അംശമുള്ള വെള്ളം കാണപ്പെടുന്നു.

ഈ പ്രദേശത്തിന്റെ ആകെ വിസ്തൃതി 11.44 ച : കി. മീറ്ററാണ്. ഇതിൽ ഏകദേശം 33 ഹെക്ടർ സ്ഥലം താഴ്‌വരയാണ്. 3 മാസക്കാലം തോടുകൾ വറ്റിവരണ്ടുകിടക്കാറുണ്ട്. താഴ്‌വരയോട് അടുത്ത സമതലപ്രദേശങ്ങളിലാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്നത്. അവിടെയാണ് കൂടുതൽ വികസനവും നടന്നി ട്ടുള്ളത്. എന്നാൽ കുന്നിൻ പ്രദേശങ്ങളിലും ഗതാഗതസൗകര്യം ഉണ്ടായതോടെ അങ്ങനെ യുള്ള സ്ഥലങ്ങളും ജനവാസ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു.

# 5.
# വികസന മേഖലകൾ





പാമ്പാടി പഞ്ചായത്ത്
N
N
W
E
S
VIII
VII
V
IV
P.H.C.
GOVT. A.U.H
VI
F.L.O.
P.O.
G.D.O.
V.O.
I
A.G.O.
II
S.P.I.M.
III
S
പുതുപ്പള്ളി പഞ്ചായത്ത്
പാമ്പാടി പഞ്ചായത്ത്
പുതുപ്പള്ളി പഞ്ചായത്ത്
കറുകച്ചാൽ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

## 5(1). കൃഷിയും ജലസേചനവും

**മീ**നടം ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും താഴ്‌വരകളുമായി കിടക്കുന്ന ഭൂപ്രദേശത്തെ മുഖ്യകൃഷി നാണ്യ വിളയായ റബ്ബർ ആണ്. താഴ്‌വരകളിൽ നെല്ല്, തെങ്ങ്, കമുക്, കൊക്കോ ഇടവിളകളായ വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ മുതലായവ കൃഷിചെയ്തുവരുന്നു. ഈ പ്രദേശത്തെ വാർഷിക വർഷപാതം 3069 m.m. ആണ്. ഇപ്പോൾ മഴയെ മാത്രം ആശ്രയിച്ച് നടത്തുന്ന ഇടവിള കൃഷിക്കും ജലസേചനം ലഭ്യമാക്കിയാൽ ഇവ ആദായകരവും, ഉപജീവന മാർഗ്ഗമായും തീരുന്നതാണ്. ഭൂരിഭാഗം ഭൂ ഉടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം കൈവശമുള്ളവരാണ്. ഇതു സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

നെൽകൃഷി മറ്റു സ്ഥലങ്ങളിലേ പോലെ ഇവിടെയും അന്യം നിന്നു കൊണ്ടിരിക്കയാണ്. തോടുകളിൽ മണലും പാറയും ഒഴുകി വന്ന് നികന്നതിനാൽ താഴ്‌വരകൾ ഉയരുകയും വേനൽക്കാലത്ത് ജലസേചന സൗകര്യം ലഭ്യമല്ലാത്തതിനാൽ രണ്ടാം വിള നടത്താൻ സാധിക്കാതെ വരുന്നതും വ്യാപകമായ പ്രാണിശല്യങ്ങളും വിശിഷ്യാ കർഷകതൊഴിലാളികൾ ലഭ്യമല്ലാത്തതുമാണ് ഇതിന്റെ കാരണം.

മുൻകാലങ്ങളിൽ ഒരു കുടിയേറ്റ പ്രദേശമായിരുന്ന ഈ ഗ്രാമത്തിൽ കാടു വെട്ടിത്തെളിച്ച് തീയിട്ട് നെൽകൃഷി ചെയ്ത് ഉപജീവനം നടത്തിയിരുന്നവർ കുന്നിൻ പ്രദേശങ്ങളിലെ നെൽകൃഷി ആദായകരമല്ലാതെ വന്നതിനാൽ നെൽകൃഷി താഴ്‌വരകളിലേക്ക് വ്യാപിപ്പിക്കുകയും ഉയർന്ന പ്രദേശങ്ങളിൽ ദീർഘവിളകളായ തെങ്ങ്, കമുക്, പ്ലാവ് മുതലായവ നട്ടു വളർത്താനും തുടങ്ങി. എന്നാൽ നാല്പതുകളിലും അമ്പതുകളിലും "കാറ്റുവീഴ്ച" തെങ്ങിനെ ബാധിച്ചതിനെത്തുടർന്ന് കർഷകർ ദരിദ്രരായി.നാണ്യവിളയായ റബ്ബറിന്റെ കടന്നു കയറ്റവും തെങ്ങിന് ഭീഷണിയായി. സർക്കാരിന്റെ പുതിയ തെങ്ങു വികസന പദ്ധതി ഉപയോഗിച്ച് തെങ്ങുകൃഷി വ്യാപകമാക്കുന്നതിന് ഈ പ്രദേശത്ത് സാധ്യതയുണ്ട്.

രണ്ടാം ലോകമഹായുദ്ധകാലത്ത് അരിയുടെ ലഭ്യത കുറയുകയും രാജ്യവ്യാപകമായി ക്ഷാമം അനുഭവപ്പെടുകയും ചെയ്തതിനെ തുടർന്ന് കുന്നിൻ പ്രദേശങ്ങളിൽ കപ്പകൃഷി വ്യാപകമായി. സാധാരണക്കാരന്റെ മുഖ്യ ആഹാരമായിരുന്ന ഇതുപോലും നാണ്യവിളയായ റബ്ബറിന്റെ കയ്യേറ്റത്തിൽ അപ്രത്യക്ഷമായി. കപ്പകൃഷി ഈ പ്രദേശത്ത് വീണ്ടും ആരംഭിക്കേണ്ടത് അവശ്യം ആണ്.

**പട്ടിക –1**

| ക്രമ നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 1805 | 634 |
| 2. | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ | 260 | 356 |
| 3. | രണ്ടു ഹെക്ടറിന് മുകളിൽ | 70 | 152 |

* അവലംബം : കൃഷിഭവൻ

## ഭൂപ്രകൃതി

മീനടം പഞ്ചായത്ത് ഉൾപ്പെട്ട പ്രദേശം കുന്നുകളും താഴ്വരകളുമായി നിറഞ്ഞു നിൽക്കുന്നു. ചെങ്കൽ മണ്ണാണ് ഈ പ്രദേശത്ത് കൂടുതലും. നദികൾ ഒന്നും തന്നെയില്ല. നാലാം വാർഡിൽ തുടങ്ങി 5, 6, 7, 8, 1 വാർഡുകളിൽ കൂടി കടന്നു പോകുന്ന വലിയ തോടും, 3-ാം വാർഡിന്റെ തെക്കേ അതിർത്തിയിൽ കൂടി (കുറ്റിക്കൽ നിന്നും വലിയപറമ്പു വരെ) യുള്ള തോടും 8-ാം വാർഡിന്റെ വടക്കുപടിഞ്ഞാറേ അതിർത്തിയിൽ ആറാട്ടുചിറ മുതൽ നാരകത്തോട്ടു വരെയുള്ള തോടും ആണ് ജലസേചനത്തിനായുള്ളത്. കുന്നിൻപ്രദേശങ്ങളിൽ വർഷകാലത്ത് പതിയ്ക്കുന്ന വെള്ളം ചെറുതോടുകളായി ഈ തോടുകളിലേക്ക് ഒഴുകിചേരുന്നു. മൊത്തത്തിൽ ഫലഭൂയിഷ്ടമാണ് ഈ പ്രദേശമെങ്കിലും വേനൽക്കാലത്ത് ഈ തോടുകൾ വറ്റിവരണ്ട് കിടക്കുന്നു. ഇവിടെ പൊതുകുളങ്ങൾ ഇല്ല. അതിനാൽ ജലസേചനത്തിന് കിണറുകളെ ആശ്രയക്കേണ്ടിയിരിക്കുന്നു.

ഇവിടെ ഏറ്റവും വികസന സാധ്യതയുള്ളത് ഹ്രസ്വകാലവിളകളായ വാഴ, പച്ചക്കറി എന്നിവയ്ക്കാണ്. നല്ലയിനം വിത്ത്, ജൈവ-രാസവളങ്ങൾ, കീടനാശിനി, ജലസേചനം, ഉദാരവായ്പാ നയം, ആധുനിക കാർഷിക യന്ത്രങ്ങളുടെ ലഭ്യത മുതലായവകൊണ്ട് മീനടം ഗ്രാമത്തെ ഒരു കാർഷികമേഖലയാക്കാവുന്നതാണ്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1142.0336 ഹെക്ടറാണ്. കുന്നും താഴ്വരകളുമായുള്ള ഈ പ്രദേശത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക – 2**

### ഭൂപ്രകൃതി

| ക്രമ നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ആകെ |
|---|---|---|---|
| 1 | കുന്നിൻ പ്രദേശം | 1109 ഹെ. | 1142.0336 |
| 2 | താഴ്വര | 33.0336 ഹെ. | |

അവലംബം : കൃഷിഭവൻ

**പട്ടിക – 3**

### ഭൂവിനിയോഗം

| ക്രമനമ്പർ | വിനിയോഗം | വിസ്തൃതി |
|---|---|---|
| 1 | റബ്ബർ | 800 ഹെ. |
| 2 | തെങ്ങ് | 200 ഹെ. |
| 3 | കുരുമുളക് | 35 ഹെ. |
| 4 | കപ്പ | 10 ഹെ. |
| 5 | വാഴ | 35 ഹെ. |
| 6 | കൊക്കൊ | 20 ഹെ. |
| 7 | കമുക് | 2 ഹെ. |
| 8 | നെല്ല് | 3 ഹെ. |
| 9 | പച്ചക്കറി | 30 ഹെ. |
| 10 | മറ്റുള്ളവ | 40 ഹെ. |

അവലംബം : കൃഷിഭവൻ

## വളം

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ മൂന്നും വിപണന കേന്ദ്രങ്ങളാണുള്ളത്. രാസവളങ്ങളാണ് പ്രധാന മായും ഉപയോഗിക്കുന്നത്. ജൈവ വളങ്ങൾ വിരളമായേ ഉപയോഗിക്കുന്നുള്ളൂ. ആവശ്യമായ അളവിൽ ലഭ്യമല്ലാത്തതാണ് മുഖ്യകാരണം.

## കീടനാശിനികൾ

റബ്ബർ, നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറികൾ, എന്നിവയ്ക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിക്കുന്നത്. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതികളോ കൃഷിക്കാരുടെ അറിവില്ലായ്മ മൂലം സ്വീകരിക്കുന്നില്ല. ഈ രംഗത്ത് ശരിയായ ബോധവൽക്കരണം ആവശ്യമാണ്.

### കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. കൃഷിയോടുള്ള ആഭിമുഖ്യവും കുറഞ്ഞു വരുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റവും, കൃഷിആദായകരമാകാതെ വന്നതും വ്യവസായത്തിനു നൽകിയ പ്രാധാന്യം സർക്കാർ കൃഷിക്കു നൽകാതിരുന്നതുമാണ് ഇതിന്റെ കാരണം. പുരുഷന് 85 രൂപായും സ്ത്രീയ്ക്ക് 70 രൂപയുമാണ് ഇപ്പോഴത്തെ നിരക്ക്.

### കാർഷിക വായ്പ

മീനടം സഹകരണ സംഘവും തിരുവിതാംകൂർ സ്റ്റേറ്റുബാങ്കിന്റെ മീനടം ശാഖയുമാണ് വായ്പ വിതരണം നടത്തുന്ന സ്ഥപനങ്ങൾ. ഇന്നത്തെ വായ്പാ നയം അഭികാമ്യമല്ല. ഉദാരമായ വായ്പാ നയം ആവിഷ്കരിക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

(1) ആദ്യകാലത്തെ ദീർഘവിളയായ തെങ്ങ് കാറ്റുവീഴ്ചരോഗത്തോടുകൂടി വെട്ടിമാറ്റി റബ്ബർകൃഷിയിടങ്ങളാക്കി. ഇടവിളയായിരുന്ന കപ്പ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുടെ കൃഷിയും റബ്ബർ കയ്യേറി. തന്മൂലം ഭക്ഷ്യവിള ഗണ്യമായി കുറഞ്ഞു. ഏതൊരു ഗ്രാമത്തിനും ക്ഷാമത്തെ നേരിടാനുള്ള മുൻ കരുതലായി ആനുപാതികമായ ഭക്ഷ്യവിളകൾ നിലനിർത്തേണ്ടതാണ്.

(2) തോടുകൾ നികന്നതും ചെറു തോടുകൾ അപ്രത്യക്ഷമാകുകയും ചെയ്തതിനാൽ ലഭിക്കുന്ന മഴവെള്ളം ഒഴുകിപ്പോവുകയും ഭൂഗർഭ ജലവിതാനം കുറയുകയും ചെയ്യുന്നു.

### നിർദ്ദേശങ്ങൾ

(1) *മണ്ണു സംരക്ഷണം* – മണ്ണു കുത്തി ഒലിച്ചു നഷ്ടമാകാതിരിക്കുന്നതിന് കയ്യാലകൾ, ബണ്ടുകൾ, കൃഷിയിടങ്ങളിൽ താഴ്ചയുള്ള കുഴികളും, ചെറിയ കുളങ്ങൾ, ചാലുകൾ എന്നിവ നിർമ്മിക്കുക.

(2) *മണ്ണു പരിശോധന* :–മണ്ണിന്റെ അമ്ലക്ഷാര നില (PH) ഏകദേശം 6.5 മുതൽ 7.5 PH. വരെ ആണ്. വിവിധ പ്രദേശങ്ങളിലെ മണ്ണു പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗം നടത്തുന്ന തിനുള്ള ചാർട്ട് തയ്യാറാക്കി കൃഷിഭവനിൽ സൂക്ഷിക്കുകയും കർഷകരെ ബോധവാന്മാ രാക്കുകയും ചെയ്യുക.

(3) ചെറുതോടുകൾ പുനരുദ്ധരിച്ച് ഉപയോഗ യോഗ്യമാക്കുക

**പട്ടിക – 4**

വളത്തിന്റെ ഉപഭോഗം

| വർഷം | നൈട്രജൻ | ഫോസ്ഫേറ്റ് | പൊട്ടാഷ് |
|---|---|---|---|
| 1993–94 | 80 MT | 82 MT | 88 MT |
| 1994–95 | 93 MT | 99 MT | 108 MT |
| 1995–96 | 120 MT | 132 MT | 136 MT |

അവലംബം : കൃഷിഭവൻ

(4) വലിയ തോടിന്റെ വീതി സംരക്ഷിച്ച് വശങ്ങൾ ബലപ്പെടുത്തുക.

(5) തടയണകൾ നിർമ്മിച്ചും, പുനരുദ്ധരിച്ചും മണ്ണൊലിപ്പ് തടയുന്നു.

(6) കുളങ്ങൾ കുഴിച്ചും ആഴം കൂട്ടിയും ഉപയോഗപ്പെടുത്തുക.

(7) ജല ലഭ്യതയുള്ള സ്ഥലങ്ങളിലെല്ലാം ആവശ്യാനുസരണം കിണറുകൾ കുഴിക്കുകയും പമ്പുസെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക. ഇതിലേയ്ക്ക് ആവശ്യമായ വായ്പയും സബ്സിഡിയും അനുവദിക്കുക.

(8) വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുക.

(9) വിള ഇൻഷ്വറൻസ് വ്യാപകവും ലളിതവുമാക്കുക. ഈ സംഗതിയെപ്പറ്റി വ്യാപകമായ ബോധവൽകരണം നടത്തുക

(10) എല്ലാ വാർഡുകളെയും ഏകോപിപ്പിച്ച് സംഭരണ വിതരണ കേന്ദ്രങ്ങൾ ഉണ്ടാക്കുക. ഒരു പൊതുമാർക്കറ്റ് ഈ പ്രദേശത്ത് ഇല്ലാത്തത് പരിഹരിക്കുക.

(11) വിത്ത്, വളം, കീടനാശിനികൾ മുതലായവ ആവശ്യാനുസരണം യഥാസമയം ലഭ്യമാക്കുക.

(12) കൃഷിഭവന്റെ പ്രവർത്തനത്തെപ്പറ്റി വ്യാപകമായ ബോധവൽക്കരണം നടപ്പാക്കുക.

(13) ഉൽപാദനശേഷി കൂടിയ പുതിയ നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

(14) വായ്പാ സൗകര്യങ്ങൾ ലളിതവും ഫലപ്രദവുമാക്കുക. ഓരോ കർഷകനും അവന്റെ ആവശ്യങ്ങൾ മനസ്സിലാക്കി ഒരു വർഷത്തേയ്ക്ക് വിത്ത്, വളം, പണിയായുധങ്ങൾ, കീടനാശിനി എന്നിവയ്ക്ക് ആവശ്യമായി വരുന്ന തുക നിശ്ചയിച്ച് ആ തുക ആവശ്യാനുസരണം സഹകരണ സംഘങ്ങളിൽ നിന്നും വായ്പയായി ലഭിക്കുന്നതിനും, കാർഷിക വിഭവങ്ങൾ സംഭരിച്ചോ, വിറ്റു കിട്ടിമ്പോഴോ തവണകളായി അടച്ചു തീർക്കുന്നതിന് സംവിധാനമുള്ള ഒരു റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കേണ്ടതാണ്. ഈ പ്രക്രിയ തടർന്നുകൊണ്ടിരിക്കണം.

(15) അഗ്രോ സെയിൽസ് ആൻഡ് സർവ്വീസ് സെന്റർ ആരംഭിക്കുക. ആധുനികരീതിയിലുള്ള കൃഷി നടത്തുന്നതിന് പുതിയ കാർഷികയന്ത്രങ്ങളും അനുബന്ധസാധനങ്ങളും ലഭിക്കുന്നതിനും അവയുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനും ഇത് അത്യാവശ്യമാണ്.

(16) ഒരു ലേബർ ബാങ്ക് സ്ഥാപിക്കുക. കർഷക തൊഴിലാളികളുടെ കുറവു പരിഹരിക്കുന്നതിന് ഇത് അത്യാവശ്യമാണ്. കയറ്റിയിറക്ക് മുതലായവയ്ക്ക് സംഘടിത തൊഴിലാളിവർഗ്ഗമുണ്ട്. എന്നാൽ കർഷക തൊഴിലാളികൾ അസംഘടിതരാണ്. എങ്കിലും അവരിൽനിന്നും സെസ്സ് പിരിക്കുന്നതിനും വാർദ്ധക്യകാലപെൻഷൻ നൽകുന്നതിനും സംവിധാനമുണ്ടന്ന് അറിയുന്നു. ഈ പഞ്ചായത്തിലെ കർഷകതെഴിലാളികളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിക്കുകയും കർഷകരുടെ ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുകയും ചെയ്താൽ തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. ഇപ്പോൾ പിരിക്കുന്ന സെസ്സും സർക്കാരിൽനിന്ന് കിട്ടുന്ന പെൻഷനും അർഹതപ്പെട്ടവർക്ക് മാത്രം ലഭിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകും.

(17) 200 കിണറുകൾ ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ കുഴിയ്ക്കുക.

(18) എല്ലാ വീടുകളോടുമനുബന്ധിച്ച് അടുക്കളതോട്ടവും, സ്കൂളുകളോടനുബന്ധിച്ച് കൃഷിതോട്ടവും ഉണ്ടാക്കുക.

(19) കേടുവന്ന തെങ്ങുകൾ കേരവികസന സമിതിയുടെ ശുപാർശപ്രകാരം കൃഷിഭവന്റെ നേതൃത്വത്തിൽ വെട്ടിമാറ്റി അത്യുല്പാദന ശേഷിയുള്ള സങ്കരയിനം തെങ്ങുകൾ വെച്ചു പിടിപ്പിക്കുക.

(20) കാപ്പി, കുരുമുളക് തുടങ്ങിയ കൃഷികളെ പ്രോത്സാഹിപ്പിക്കുക.

(21) എല്ലാ വീടുകളിലും ഔഷധകൃഷി പ്രോത്സാഹിപ്പിക്കുക.

(22) കൂൺ കൃഷിക്കാവശ്യമായ പരിശീലനം നൽകുക.

(23) മൂന്നും നാലും വാർഡുകളെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൺകൂർ പാമ്പാടി ബ്രാഞ്ചിൽനിന്നും മാറ്റി മീനടം ബ്രാഞ്ചിന്റെ പരിധിയിൽ കൊണ്ടുവരിക

(24) ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുക.

(25) പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുക.

(26) കുരുമുളകുകൃഷി വ്യാപിപ്പിക്കുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.

(27) തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.

(28) മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

(29) വഴിയരുകിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

(30) നെൽകൃഷിക്കാർക്ക് വർദ്ധിച്ച സബ്സിഡി നൽകുക.

(31) തോടുകൾ ബണ്ടുകൾ നിർമ്മിച്ചും ഇപ്പോൾ ഉള്ളവ പുനരുദ്ധരിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

(32) സംയോജിത കൃഷിസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

(33) നീർമറി പ്രദേശ വികസന പദ്ധതികൾ വ്യാപിപ്പിക്കുകയും എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കുകയും ചെയ്യുക.

(34) ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കാർഷിക പദ്ധതികൾ പ്രോത്സാഹിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുക.

(35) സുഗന്ധവ്യഞ്ജന കൃഷി പ്രോത്സാഹിപ്പിക്കുക.

(36) പുഷ്പഫല സസ്യപ്രദർശന മത്സര മേളകൾ സംഘടിപ്പിക്കുക.



ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും, പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും. ഗ്രാമങ്ങളിൽ ചൂഷണം ഇല്ലാതവണം. എന്നാൽ മാത്രമേ അവയെ പുനരുദ്ധരിക്കാൻ പറ്റൂ. ഗ്രാമങ്ങൾ സ്വയം പര്യാപ്തമാവണം. ഗ്രാമങ്ങളുടെ ആവശ്യത്തിന് വേണ്ട സാധനങ്ങൾ അവിടെത്തന്നെ നിർമ്മിക്കണം. അങ്ങനെയുള്ള ഗ്രാമീണ വ്യവസായങ്ങൾക്ക് വേണ്ട യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുകയും വേണം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് ആ വക സാധനങ്ങൾ പ്രയോജനപ്പെടുത്തരുത്.

**ഗാന്ധിജി**



കാർഷികമേഖല ദൃശ്യങ്ങൾ



കാർഷികമേഖല ദൃശ്യങ്ങൾ



'കേരളത്തനിമ കേര വൃക്ഷത്തണലിൽ'



മണ്ണിൽനിന്നും പൊന്നു വിളയിക്കുന്ന കർഷകൻെറ കരുത്ത്.
കർഷക ഗ്രാമമായ മീനടത്തിൻെറ വിവിധ ദൃശ്യങ്ങൾ



മണ്ണിൽനിന്നും പൊന്നു വിളയിക്കുന്ന കർഷകന്റെ കരുത്ത്.
കർഷക ഗ്രാമമായ മീനടത്തിന്റെ വിവിധ ദൃശ്യങ്ങൾ



'കേരളത്തനിമ കേര വൃക്ഷത്തണലിൽ'



കാർഷികമേഖല ദൃശ്യങ്ങൾ



കാർഷികമേഖല ദൃശ്യങ്ങൾ



കാർഷികമേഖല ദൃശ്യങ്ങൾ



കാർഷികമേഖല ദൃശ്യങ്ങൾ

# വികസനറിപ്പോർട്ട്

## 5(2).മൃഗസംരക്ഷണം – മത്സ്യബന്ധനം

**കാ**ർഷികപ്രധാനമായ ഈ പ്രദേശത്ത് കൃഷിയുടെ അവിഭാജ്യഘടകമായ കാലി വളർത്തൽ മുൻകാലങ്ങളിലേ ഉണ്ടായിരുന്നു. അക്കാലത്ത് ഉല്പാദനക്ഷമതയുള്ള പശു, ആട്, എരുമ മുതലായവ ഇവിടുത്തെ വളർത്തു മൃഗങ്ങളായിരുന്നു. നല്ലയിനം വിത്തുകാളകളെയും മുട്ടനാടുകളെയും കർഷകർ വംശവർദ്ധനവിനായി വളർത്തിയിരുന്നു. അക്കാലത്ത് ഗതാഗതത്തിനായി കാളവണ്ടിയെയാണ് ആശ്രയിച്ചിരുന്നത്. പ്രമാണിമാർക്ക് വില്ലുവണ്ടികളും ഉണ്ടായിരുന്നു. ഇതിനായി നല്ലയിനം കാളകളെ സംരക്ഷച്ചികൊണ്ടിരുന്നു. കാളയോട്ടം ഒരു മത്സരമായി ഇവിടെ നടത്തിയിരുന്നു. ഉഴവിനായും കാളകളേയും പോത്തുകളേയും ഉപയോഗിച്ചിരുന്നു. ഉല്പാദന ക്ഷമതയുള്ള സങ്കരവർഗ്ഗ പശുക്കളുടെ ആവിർഭാവത്തോടുകൂടി നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയും വിത്തുകാളകളെ വളർത്തുന്ന രീതി സർക്കാർ തലത്തിൽ തന്നെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. കാർഷിക മേഖലയിൽ ലഭ്യമായിരുന്ന വൈയ്ക്കോൽ പുല്ല്, ഭവനങ്ങളിലെ കാടി, കഞ്ഞിവെള്ളം, കപ്പ അല്പമാത്രമായി പിണ്ണാക്ക്, പുളിംപൊടി മുതലായവ കൊടുത്ത് വളർത്തിയിരുന്ന നാടൻ ഇനങ്ങൾക്ക് പകരം പുതിയ ഇനം മാടുകളെ വളർത്താൻ തുടങ്ങിയ തോടുകൂടി അവയുടെ ആഹാരപരിചരണങ്ങളിൽ ശ്രദ്ധയും ചെലവും വർദ്ധിച്ചു. ഇതു മൂലം മുൻ കാലങ്ങളിലെപ്പോലെ എല്ലാ കുടുംബങ്ങൾക്കും മാടുകളെ വളർത്തുന്നതിന് സാധിക്കാതെ വരികയും മൃഗസംരക്ഷണം ഒരു പ്രത്യേക വിഭാഗത്തിന്റെ തൊഴിലായി മാറുകയും ചെയ്തു.

കോഴി, ഗിനി, ഘൾഗം, താറാവ് എന്നിവയേയും വ്യാപകമായി സംരക്ഷിച്ചിരിന്നു. ഇവിടെയും പുതിയ ഇനങ്ങളുടെ ആവിർഭാവം കോഴി വളർത്തൽ ഒരു തൊഴിലായി മാത്രം ഏറ്റെടുക്കേണ്ട സ്ഥിതി വിശേഷം സംജാതമാക്കി.

**മീനടം ഗ്രാമപഞ്ചായത്ത്**

**95/96 ലേ 3 കൃത്രിമ ബീജസങ്കലനവിവരങ്ങൾ**

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | 2-ൽ അധികം തവണ വേണ്ടാത്തവ |
|---|---|---|---|
| പശു | 1574 | 1451 | 123 |
| എരുമ | 44 | 40 | 4 |

അവലംബം : വെറ്റർനറി ഡിസ്പെൻസറി

**മീനടം ഗ്രാമപഞ്ചായത്ത്**

**വളർത്തു മൃഗസംഖ്യ/വളർത്തുപക്ഷി സംഖ്യ 1987**

| കാള | പശു | | എരുമ | പോത്ത് | ആട് | പട്ടി | പന്നി | കോഴി | | താറാവ് |
|---|---|---|---|---|---|---|---|---|---|---|
| | നാടൻ | സങ്കര ഇനം | | | | | | നാടൻ | നാടൻ അല്ലാത്തത് | |
| 128 | 83 | 1608 | 19 | 14 | 1071 | 414 | 5 | 9395 | 1197 | 65 |

അവലംബം – ലൈവ് സ്റ്റോക്ക് പോപ്പുലേഷൻ ഷെഡ്യൂൾ റ്റേബിൾ നമ്പർ 8, 1987.

## പ്രശ്നങ്ങൾ

(1) പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്.

(2) കാലിതീറ്റയുടെ നാൾക്ക് നാൾ ഉള്ള വില വർദ്ധനവ്.

(3) മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

(4) കോഴി,വസന്ത താറാവ് വസന്ത തുടങ്ങിയ രോഗങ്ങൾ

(5) പാല് ഉല്പാദകർക്ക് ന്യായവിലയ്ക്ക് പാല് വിൽക്കുന്നതിനുള്ള അസൗകര്യം.

(6) കാലികളെ വാങ്ങുന്നതിനും സംരക്ഷണ ത്തിനുമുള്ള സാമ്പത്തിക ബുദ്ധിമുട്ടും ബോധവൽക്കരണത്തിന്റെ അപര്യാ പ്തതയും.

## നിർദ്ദേശങ്ങൾ

(1) മീനടം കേന്ദ്രമാക്കി എല്ലാ കാലി വളർത്തൽ കാരെയും ഉൾപ്പെടുത്തി ഒരു പാൽ സംഭരണകേന്ദ്രം സഹകരണാ ടിസ്ഥാന ത്തിൽ ആരംഭിക്കുക, ഇതിന്റെ സംഭരണ വിതരണകേന്ദ്രം പഞ്ചായത്തിന്റെ എല്ലാ വാർ ഡുകളിലും സ്ഥാപിക്കുക.

(2) ഇങ്ങനെ സംഭരിക്കുന്ന പാല് ഈ സംഘത്തിന്റെ നേതൃത്വത്തിൽ ആവശ്യ ക്കാർക്ക് വിതരണം ചെയ്യുക

(3) നല്ലയിനം കാലിത്തീറ്റ, സംഘം വഴി ആവശ്യാനുസരണം വിതരണം ചെയ്യുക.

(4) നിലവിലുള്ള ഡിസ്പെൻസറിയുടെയും ഐ.സി. ഡി.വി. സെന്ററുകളുടെയും പ്രവർത്തനം വിപുലീ കരിച്ച് ഉല്പാദന ക്ഷമതയുള്ള കന്നുകുട്ടികളെ വിതരണം ചെയ്യുകയും കർഷകർക്കു ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

(5) പാല്, അനുബന്ധ ഉൽപന്നങ്ങൾ, ഇറച്ചി ഇവയ്ക്ക് ഒരു വിപണനകേന്ദ്രം ആരംഭിക്കുക.

(7) കന്നുകാലികളുടെ രോഗം അപ്രതീക്ഷിതമായ അപകടങ്ങൾ, മരണം എന്നിവ മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരി ക്കാൻ സമഗ്ര കന്നുകാലി ഇൻഷുറൻസ് ഏർപ്പെടുത്തുക.

(8) ആട്, തേനീച്ച, പന്നി എന്നിവ വളർത്തു ന്നതിനാവശ്യമായ പരിശീലനവും, സാമ്പത്തിക സഹായവും പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം.

(9) വളർത്തു നായ്ക്കൾക്ക് കുത്തിവെയ്പ് നിർബന്ധമാക്കിയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിച്ചും പേപ്പട്ടിവിഷബാധ തടയുക.

(10) ഇറച്ചി കോഴിയുടെയും മുട്ടകോഴിയുടെയും ഫാമുകൾ സ്ഥാപിക്കുക.

(11) തീറ്റപ്പുൽകൃഷി ഓരോ വീടുകളിലും തുടങ്ങുക.

(12) കാലിത്തീറ്റ ഫാക്ടറി സഹകരണ അടി സ്ഥാനത്തിൽ സ്ഥാപിക്കുക.

(13) ശുദ്ധജലമത്സ്യം വളർത്തുന്നതിന് ഉപയോഗ ശൂന്യമായ നിലം പരിഷ്കരിക്കരിച്ച് സഹകര ണാടിസ്ഥാനത്തിൽ സംഘം രൂപീകരിച്ച് വനിത കളുടെയും പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെയും ഉൾപെടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

(14) കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിനും അറ്റകുറ്റപണി നടത്തുന്നതിനും സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് സബ്സിഡി നൽകുക

(15) ഇറച്ചികോഴികളെയും മുട്ടകോഴികളെയും വാങ്ങി വളർത്തുന്നതിന് ധനസഹായം നൽകുകയും മാം സം, മുട്ട, മീൻ മുതലായവ സൂക്ഷിക്കുന്നതിന് പ ഞ്ചായത്തു തലത്തിൽ ഒരുകോൾഡ് സ്റ്റോറേജ് സ്ഥാപിക്കുകയും ചെയ്യുക.

(16) പട്ടികജാതി വിഭാഗത്തിൽപെട്ട ആളുകൾക്ക് സൗജന്യ നിരക്കിൽ കറവപശുക്കളെ വിതര ണം നടത്തുക.

(17) ആട്, പശു, കോഴി, പന്നി, മുയൽ, തേനീച്ച, മത്സ്യം ഇവയെ വളർത്തുന്നതിന് ശാസ്ത്രീ യമായ പരിശീലനവും, സാങ്കേതിക ജ്ഞാന വും, സാമ്പത്തിക സഹായവും ലഭ്യമാക്കുക.

(18) കന്നുകാലികളെ വാങ്ങുന്നതിനും വിൽക്കുന്ന തിനും ഒരു കന്നുകാലിചന്ത മീനടത്ത് ആരം ഭിക്കുക.

(19) മീനടം തോടും, കൊടൂരാറും തമ്മിൽ യോജി ക്കുന്നതിനിടയിൽ തോടു കുറുകെ അടച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കുക.



കേരളോൽസവം താളുകളിലൂടെ.......................



ജില്ലാ പഞ്ചായത്തു പ്രസിഡൻറ് സജി ഓലിക്കര ആടു വിതരണ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു.


പാമ്പാടി പഞ്ചായത്ത്
C.M.S.
L.P.S.
GOVT. U.P.S.
St. M. M. U.P.S.
B.M.M.H.S.
M.M.I.I.T.C.
പുതുപ്പള്ളി പഞ്ചായത്ത്
പാമ്പാടി പഞ്ചായത്ത്
GOVT. L.P.G.S.
T.M. U.P.S.
GOVT. H.S.
കറുകച്ചാൽ
പഞ്ചായത്ത്
പുതുപ്പള്ളി പഞ്ചായത്ത്

## 5(3).വിദ്യാഭ്യാസം

വിദ്യാലയങ്ങളുടെ ആരംഭത്തിനു ഈ പ്രദേശത്ത് മിഷനറിമാരുടെ പ്രവർത്തനം തുടക്കം കുറിച്ചു. മീനടത്തിന്റെ കിഴക്കുഭാഗത്ത് വട്ടക്കുന്നു കേന്ദ്രമാക്കി അവശവിഭാഗത്തിന്റെ ഉന്നമനത്തിനായി 1888-ൽ അവർ ആരംഭിച്ച വിദ്യാലയമാണ് സി.എം.എസ് എൽ.പി. സ്ക്കൂൾ. മീനടം ഈസ്റ്റ് എന്ന പേരിൽ ഇന്നു നിലകൊള്ളുന്നത്. അവശ വിഭാഗത്തിൽ നിന്നുള്ള കുട്ടികളായിരുന്നു ഏറെയും ഇവിടെ ആദ്യം പഠിച്ചിരുന്നത്. മറ്റുവിഭാഗത്തിൽപെട്ട കുട്ടികളുടെ പഠനത്തിന് വേറെ സ്ക്കൂളുകൾ ഉണ്ടാകുന്നതിന് ഈ വിദ്യാലയം പ്രോത്സാഹനമായി. അങ്ങനെ മീനടം വലിയപള്ളിയോടനുബന്ധിച്ച് ഒരു കുടിപള്ളിക്കൂടം ആരംഭിക്കുകയും, അതുപിന്നീട് 1890-ൽ മീനടം ഗവ: എൽ.പി. സ്ക്കൂളായി ത്തീരുകയും ചെയ്തു. വട്ടക്കുന്നേൽ സ്ക്കൂളിൽ ശ്രീ. കെ.എം. ചാക്കോ ആശാനും, മീനടത്ത് ളാകത്ത് ശ്രീ. എ.വി. നാരായണൻ നായരും പഴയ കാല അധ്യപകരാണ് (മീനടം പഞ്ചായത്തിന്റെ വിഭജനത്തിൽ ആദ്യത്തെ വട്ടക്കുന്നു സി.എം.എസ്. സ്ക്കൂൾ പാമ്പാടി പഞ്ചായത്തിൽ തന്നെ നിലനിന്നു). മീനടം പഞ്ചായത്തിൽ പിന്നീട് വിവിധ കാലഘട്ടങ്ങളിലായി 5 സ്ക്കൂളുകൾകൂടി ഉണ്ടായെങ്കിലും ഒരു ഹൈസ്ക്കൂളിന്റെ അഭാവം നിലനിന്നു. ഗതാഗതസൗകര്യം കുറവായിരുന്ന പഴയ കാലത്ത് വിദ്യാഭ്യാസതല്പരരും, സാമ്പത്തിക സൗകര്യം ഉള്ള ഒരു ചെറിയവിഭാഗം ആളുകൾ മാത്രമേ കുട്ടികളെ മറ്റുസ്ഥലങ്ങളിലുള്ള ഹൈസ്കൂളുകളിലേക്ക് അയച്ചിരുന്നുള്ളൂ. കൂടുതൽ പേരും സ്ഥലത്തുള്ള പ്രാഥമിക വിദ്യാഭ്യാസം കൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്നു. ഇത് സാംസ്ക്കാരികമായി ഈ പ്രദേശത്തിന്റെ ഉന്നമനത്തിനു വിഘാതമായിട്ടുണ്ട്. കാലാന്തരത്തിൽ വിദ്യാഭ്യാസരംഗത്ത് പല മാറ്റങ്ങൾ വന്നു. വിദ്യാഭ്യാസം സാർവത്രികവും, സൗജന്യവുമാക്കി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട ജനങ്ങൾ തങ്ങളുടെ കുട്ടികളെ ഹൈസ്ക്കൂൾ മുതലുള്ള ഉന്നത വിദ്യാഭ്യാസത്തിനു പറഞ്ഞു വിടുന്ന സാഹചര്യം ഉണ്ടായി. വർദ്ധിച്ചു വന്ന ഗതാഗതസൗകര്യങ്ങൾ അതിനു കൂടുതൽ പ്രേരകമായി. അപ്പോഴും ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപനം ഉണ്ടായിരുന്നില്ല. സമീപപ്രദേശങ്ങളിലുള്ള ഹൈസ്ക്കൂളുകളെയാണ് ഇവിടെയുള്ളവൻ ആശ്രയിച്ചിരുന്നത്. കൂടാതെ പ്രൈമറിതലം മുതൽ കോട്ടയം പട്ടണത്തിലുള്ള വിവിധ സ്ക്കൂളുകളിലേയ്ക്കും ഇവിടെ നിന്നും കുട്ടികൾ പഠനത്തിനുപോയിത്തുടങ്ങി.

ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ ആവിർഭാവത്തോടുകൂടി നേഴ്സറി തലംമുതൽ പഠനസൗകര്യമുള്ള ദൂരെയുള്ള സ്ക്കൂളുകളിലേക്കും കുട്ടികളെ വിടുന്നതിന് രക്ഷിതാക്കൾ ആഗ്രഹിച്ചു. ഇങ്ങനെയുള്ള സ്ക്കൂളുകൾക്ക് സ്വന്തമായി വാഹനസൗകര്യം ഏർപ്പെടുത്തിയതുമൂലം കുട്ടികളുടെ പോക്കുവരവിനു വളരെ സൗകര്യം ലഭിച്ചു. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ധന്യജീവിതംകൊണ്ട് പുണ്യമായ പൊത്തമ്പുറം ഇന്ന് ഒരു വിദ്യാഭ്യാസകേന്ദ്രമായി മാറിയിരിക്കുന്നു. ഈ പഞ്ചായത്തിന്റെ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ദയറായുടെ മാനേജ്മെന്റിൽ നഴ്സറിതലം മുതൽ ഹൈസ്ക്കൂൾ തലം വരെയുള്ള ഒരു ഇംഗ്ലീഷ് മീഡിയം (CBSE) ഹൈസ്ക്കൂളും ഒരു I.T.C സ്ഥാപനവും പ്രവർത്തിച്ചുവരുന്നു. ഭാരിച്ച വിദ്യാഭ്യാസചെലവുകൾ വഹിച്ചും തങ്ങളുടെ കുട്ടികളെ നഴ്സറി തലം മുതലുള്ള പഠനത്തിനു ഇപ്രകാരമുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ വിടുന്നതിനുള്ള ജനങ്ങളുടെ പ്രവണത കൂടിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ നല്ല ഒരു വിഭാഗം കുട്ടികൾ ഈ പഞ്ചായത്തിനു പുറത്തുള്ള സ്ക്കൂളുകളിൽ പഠിക്കുന്ന വരായിട്ടുണ്ട്. തന്മൂലം ഇവിടുത്തെ പൊതു വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരുന്നു. വിദ്യാലയ വിവരപട്ടികകളിൽ നിന്നും ഈ കാര്യം മനസ്സിലാക്കാം.

ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ ഉണ്ടായിരിക്കണമെന്നുള്ള ഗവൺമെന്റ് നയത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഹൈസ്ക്കൂൾ ഇല്ലാതിരുന്നതിന്റെ കുറവ്, ഈ പഞ്ചായത്തിലെ ആദ്യത്തെ പ്രൈമറി സ്ഥാപനമായ ഗവ.ബോയ്സ്

എൽ.പി. സ്ക്കൂൾ 1995ൽ ഒരു ഹൈസ്ക്കൂളായി അപ്ഗ്രേഡു ചെയ്തുകൊണ്ട് പരിഹരിച്ചു. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിലുണ്ടായ ഒരു നേട്ടമായി ഇതിനെകണക്കാക്കാം. ജനങ്ങളുടെ സഹകരണത്താൽ ഹൈസ്ക്കൂളിനു വേണ്ട 3 ഏക്കർ സ്ഥലം വാങ്ങി. 9-ാം സ്റ്റാൻഡാർഡുവരെ ഈ വർഷം പഠനം നടക്കുന്നു. ഒരു ഹൈസ്ക്കൂളിനു വേണ്ട സൗകര്യങ്ങളിലെല്ലാം ശൈശവാവ സ്ഥയിൽ മാത്രം നില്ക്കുന്ന ഈ സ്ഥാപനത്തിന് ഇല്ലായ്മകൾ മാത്രമേ പറയുവാനുള്ളു എന്നു വിവിധ വിവര പട്ടികകൾ പരിശോധിച്ചാൽ മനസ്സി ലാക്കാം.

ഇപ്പോൾ അനുവദിച്ചു പണിതു കൊണ്ടിരിക്കുന്ന കെട്ടിടം, അടുത്തവർഷം 10-ാം സ്റ്റാൻഡാർഡുകൂടി ആയി പൂർണ്ണ ഹൈസ്ക്കൂൾ ആകുമ്പോഴും ക്ലാസ്സുമുറികൾക്കു മാത്രമേ തികയുകയുള്ളു. അതിനാൽ ഒരു ഹൈസ്ക്കൂൾ സ്ഥാപനത്തിനുവേണ്ട ഭൗതീക സൗകര്യങ്ങൾ എല്ലാംതന്നെ അടിയന്തരമായി പൂർത്തീകരിക്കേണ്ട ബാദ്ധ്യത പഞ്ചായത്തിനുണ്ട്. സൗകര്യങ്ങൾ എല്ലാം ഉണ്ടാകുന്നതിനോടൊപ്പം ഭാവിയിൽ ഈ സ്ക്കൂൾ ഒരു തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം കൂടിയാക്കി ഉയർത്തേണ്ടതും, ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഒരാവശ്യമാണ്. വികസനസാധ്യതകൾ ഉള്ള ഒരു സ്ഥാപനമായി ഇതിനെകാണാം. പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തു സ്ഥിതിചെയ്യുന്നു. എല്ലാ ഭാഗത്തുനിന്നുമുള്ള റോഡുസൗകര്യവും, പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന ഏറ്റവും ഗതാഗതസൗകര്യമുള്ള പ്രധാന റോഡിന്റെ സാമീപ്യവും ഈ സ്ഥാപനത്തിനുണ്ട്.

പട്ടികയിൽനിന്നും 96-97 വർഷത്തിൽ 6 പൊതു വിദ്യാലയങ്ങളിലായി 763 ആൺ കുട്ടികളും, 623 പെൺ കുട്ടികളും ഉൾപ്പെടെ 1386 കുട്ടികൾ 1 മുതൽ 9 വരെയുള്ള വിവിധ ക്ലാസ്സുകളിൽ പഠിക്കുന്നതായി കാണാം. ഇതിൽ SC/ST വിഭാഗത്തിൽ 60 കുട്ടികളുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ എല്ലാ തലത്തിലും കൂടി 1033 കുട്ടികളും പഠിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളിലെ ഈ പഞ്ചായത്തിലെ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ കുട്ടികൾ കൂടിവരുന്നതായും കാണുന്നു. ഈ വർഷം പൊതു വിദ്യാലയങ്ങളിലെ 1-ാം സ്റ്റാൻഡാർഡിലെ കുട്ടികളുടെ ആകെ എണ്ണം 149 ആണ്. (77+72) പുതിയ ഹൈസ്ക്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവു കാണുന്നു. I.T.C സ്ഥാപനത്തിലും കുട്ടികൾ കുറഞ്ഞു വരുന്നു. പെൺകുട്ടികൾക്കു പഠിക്കാവുന്ന ട്രേഡുകൾ കുറവാണ് എന്നുള്ളതാണ് കാരണം. തോറ്റു പഠിക്കുന്നവരുടെ എണ്ണം കുറവാണ്. പഠനം നിർത്തിപ്പോകുന്നവർ വളരെ പരിമിതമാണ്.

ഈ പഞ്ചായത്തിൽ 2 എൽ.പി സ്ക്കൂളുകൾ, 3 യു.പി. സ്ക്കൂളുകൾ ഒരു ഹൈസ്ക്കൂൾ അങ്ങനെ പൊതു വിദ്യാഭ്യാസ മേഖലയിൽ 6 വിദ്യാലയങ്ങളും, നേഴ്സറി മുതലുള്ള ഒരു ഹൈസ്ക്കൂൾ (CBSC) ഇംഗ്ലീഷ് മീഡിയവും, ഒരു I.T.C സാങ്കേതിക വിദ്യാലയവും, പ്രൈവറ്റു മേഖലയിലുമായി ആകെ 8 വിദ്യാലയങ്ങൾ ഉണ്ട്. കൂടാതെ സെന്റ് മേരീസ് യു.പി സ്ക്കൂളിനോടനുബന്ധിച്ച് ഒരു നഴ്സറിസ്ക്കൂളും പ്രവർത്തിക്കുന്നു. ഇവയിൽ പൊതു വിദ്യാഭ്യാസമേഖലയിൽ 3 സർക്കാർ സ്ക്കൂളുകളും 3 എയ്ഡഡ് സ്ക്കൂളുകളുമാണ്. പ്രൈവറ്റ് മേഖലയിലുള്ള ഇംഗ്ലീഷ് മീഡിയം I.T.C സ്ഥാപനം എന്നിവ അൺ എയ്ഡഡ് വിഭാഗത്തിൽ ഉൾപ്പെടുന്നു.

6 വിദ്യാലയങ്ങളിലായിട്ട് 55 അദ്ധ്യാപകർ ഉള്ളതിൽ 8 പുരഷന്മാരും 47 സ്ത്രീകളുമാണ്. അധ്യാപനരംഗത്ത് സ്ത്രീകളാണ് കൂടുതൽ. അധ്യാപന പരിശീലനം നേടിയവരാണ് എല്ലാവരും ഭാഷാദ്ധ്യാപകർ ഉണ്ടെങ്കിലും കായികാധ്യാപകർ ഒരു സ്ക്കൂളിലും ഇല്ലാതിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, സാങ്കേതിക വിദ്യാലയം എന്നിവിടങ്ങളിൽ എല്ലാ വിഭാഗത്തിനും പരിശീലനം നേടിയ അധ്യാപകരുണ്ട്. ആവശ്യാനുസരണം അനധ്യാപകരും അവിടെ പ്രവർത്തിക്കുന്നു. പൊതു വിദ്യാലയങ്ങളിൽ അനധ്യാപകർ ആവശ്യത്തിനില്ല. കളിസ്ഥലങ്ങൾ പല സ്ക്കൂളുകളിലും ഇല്ലാത്ത സ്ഥിതിയാണ്.

പൊതുവിദ്യാലയങ്ങളിൽ ആകെ 46 ഡിവിഷനുകളുണ്ട്. ഇവയ്ക്കെല്ലാം തന്നെ പ്രത്യേകം ക്ലാസ്സുമുറികളില്ല. ഹാൾ ആയിട്ടു കിടക്കുന്ന കെട്ടിടം ക്ലാസ്സുമുറികളായിട്ട് തിരിച്ചിരിക്കുന്നു. സാമാന്യം സൗകര്യമുള്ള സ്ഥിരമായ കെട്ടിടങ്ങളാണ് കൂടുതലും. അർദ്ധസ്ഥിരമായ കെട്ടിടങ്ങളുമുണ്ട്. (സെന്റ് മേരീസ് യു.പി. സ്ക്കൂൾ) എല്ലാ സ്ക്കൂളിനും

ഓഫീസ് മുറി ഉണ്ടെങ്കിലും സ്റ്റാഫ് റൂം പലതിനും ഇല്ല. മൂത്രപ്പുരയും, കക്കൂസും ഇല്ലാത്ത സ്ക്കൂളുകളും ഉണ്ട്. കുടിവെള്ളത്തിനു സൗകര്യം മിക്ക സ്ക്കൂളുകളിലും ഉണ്ടെങ്കിലും, ഇല്ലാത്തവയും, വേനൽക്കാലത്ത് എല്ലാ സ്കൂളുകളിലും കുടിവെള്ളത്തിന്റെ പ്രശ്നം രൂക്ഷവുമാണ്. വൈദ്യുതി ലഭിക്കാത്ത യു.പി. സ്ക്കൂളികളുമുണ്ട്. പാചകമുറി എല്ലാ സ്ക്കൂളുകളിലുമുണ്ട്. ഫർണിച്ചർ പല സ്ക്കൂളിനും മതിയാകാതെയുണ്ട്. കെട്ടിടഅറ്റകുറ്റപ്പണികൾ പലതും ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. എല്ലാ സ്ക്കൂളുകൾക്കും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതിന്റെ ആവശ്യം ഉണ്ട്. പുതിയ ഹൈസ്ക്കൂളിനു എല്ലാ ഭൗതിക സൗകര്യങ്ങളും കൂടുതലായി ഉണ്ടാകേണ്ടതുണ്ട്. മറ്റു വിദ്യാലയങ്ങൾക്കു എല്ലാ വിധ സൗകര്യങ്ങളും ലഭ്യമാണ്.

## അക്കാദമിക്ക് സൗകര്യങ്ങൾ

പഠനോപകരണങ്ങൾ, മാപ്പുകൾ, ചാർട്ടുകൾ മുതലായവ എല്ലാ സ്ക്കൂളുകളിലും വേണ്ടത്ര ഇല്ല. ലാബറട്ടറി , ലൈബ്രറി സൗകര്യം മിക്ക സ്ക്കൂളുകളിലും ഇല്ല. പ്രൈമറിസ്ക്കൂളുകളിൽ ഗവൺമെന്റിൽനിന്നു പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതു കുട്ടികൾക്ക് വായിച്ച് പ്രയോജനപ്പെടുത്താവുന്ന സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ല. റേഡിയോ ചില സ്ക്കൂളുകളിൽ ഉണ്ടെങ്കിലും, ആധുനിക ദൃശ്യ ഉപകരണങ്ങൾ ഒന്നും പൊതുവിദ്യാലയങ്ങളിൽ ലഭ്യമല്ല. മാതൃസംഗമം, ക്ലാസ്സുറൂം, പി.റ്റി.എ. എന്നിവയുടെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്. സമരങ്ങൾ മൂലം എൽ.പി. സ്ക്കൂളുകളിൽ ദിവസങ്ങൾ നഷ്ടമായില്ലെങ്കിലും മറ്റു സ്ക്കൂളുകളിൽ കഴിഞ്ഞ വർഷം 7 ദിവസവും, പ്രത്യേക പൊതുഅവധികളിലൂടെ 9 ദിവസങ്ങളും നഷ്ടമായിട്ടുണ്ട്. അക്കാദമിക്ക് സൗകര്യങ്ങൾ മറ്റുസ്ഥാപനങ്ങളിൽ കൂടുതൽ മെച്ചപ്പെട്ടതാണ്. പൊതുവിദ്യാലയങ്ങളിലെ സ്റ്റാൻഡാർഡ് 3 മുതൽ 9 വരെയുള്ള 1062 കുട്ടികളുടെ നിലവാരം പരിശോധിച്ചതിൽ 30 ശതമാനത്തിൽ താഴെ 132 കുട്ടികളും 60 ശതമാനത്തിൽ കൂടുതൽ 343 പേരുമാണെന്നു മനസ്സിലായി. അതായത് 60 ശതമാനത്തിൽ കൂടുതൽ മാർക്കുനേടുന്നവർ ആകെയുള്ളതിന്റ 1/3 ഭാഗം മാത്രമാണ്. അധ്യയനനിലവാരം വളരെ മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ബോധനസമ്പ്രദായത്തിൽ മാറ്റം വരുത്തണം. അധ്യാപകർക്ക് മെച്ചമായ പരിശീലനം ലഭ്യമാക്കണം. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം ആരംഭിക്കുന്നതും രക്ഷകർത്താക്കളുടെ പൂർണ്ണ പങ്കാളിത്തം ഈ കാര്യങ്ങളിൽ നേടിയെടുക്കേണ്ടതും ആവശ്യമാണ്. 10-ാം ക്ലാസ്സ് പൂർത്തിയാക്കിയ ഹൈസ്ക്കൂൾ ഇല്ലാത്തതിനാൽ എസ്.എസ്.എൽ.സി. വിജയ ശതമാനം രേഖപ്പെടുത്താനില്ല. എന്നാൽ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളിലെ കുട്ടികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെട്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിൽ 10-ാം സ്റ്റാൻഡാർഡ് പരീക്ഷയിൽ അവിടെ 100% വിജയം ലഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാലയത്തിലെ 95-96 ഫലം പ്രസിദ്ധ പ്പെടുത്തിയിട്ടില്ല.

## കുട്ടികൾക്കു ലഭിച്ചിട്ടുള്ള അവാർഡുകൾ

പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ഉപജില്ലാതലത്തിൽ നടത്തുന്ന പല മത്സരങ്ങളിലും അധ്യാപകർ പങ്കെടുപ്പിക്കുന്നുണ്ട്. ഈ വർഷം നടത്തപ്പെട്ട ഗണിതശാസ്ത്രമേള, ശാസ്ത്ര പ്രദർശനം, പ്രവൃത്തി പരിചയം മുതലായ ഇനങ്ങളിലും കലാകായികമേളകളിലും പലസ്ക്കൂളുകളിലേയും കുട്ടികൾ ഉന്നതസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഈ വർഷത്തെ പാമ്പാടി ഉപജില്ലാ കലോൽസവത്തിൽ മീനടം നോർത്ത് യു.പി. സ്ക്കൂൾ വിദ്യാർത്ഥി മാസ്റ്റർ എബിൻ ബാബു കലാപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു. ഗണിത ശാസ്ത്രമേളയിൽ യു.പി. വിഭാഗത്തിന് ഓവറോൾ ട്രോഫിയും ഈ സ്ക്കൂൾ കരസ്ഥമാക്കി. കൂടുതൽ സൗകര്യങ്ങളും മെച്ചമായ പരിശീലനം കൊടുത്ത് കുട്ടികളെ ജില്ലാതലത്തിലും ദേശീയതലത്തിലും ഉയർത്തിക്കൊണ്ടുവരാൻ കഴിയും. ഇംഗ്ലീഷ് മീഡിയം (C.B.S.E.) സ്ക്കൂളുകളും ഈ വർഷം ജില്ലാതല മത്സരങ്ങൾ ആരംഭിച്ചിരിക്കുന്നു. സാങ്കേതികസ്ഥാപനങ്ങളിൽ ഈ രംഗത്ത് പ്രോത്സാഹനം ഉണ്ടാകണം.

# വിദ്യാലയ വിവരങ്ങൾ

## പട്ടിക – 1

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ 1996–97

| No. | സ്ക്കൂളിന്റെ പേര് | സ്ഥാപിച്ച വർഷം | പഞ്ചായത്ത് വാർഡ് | നിലവിലുള്ള സ്റ്റാൻഡാർഡ് | ആകെ കുട്ടികൾ | | | Sc/ST കുട്ടികളുടെ | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | C.M.S. L.P. സ്ക്കൂൾ മീനടം വെസ്റ്റ് | 1895 | VIII | I to IV | 62 | 61 | 123 | 1 | 2 | 3 |
| 2. | Govt. L.P.G. സ്ക്കൂൾ, മീനടം | 1913 | I | I to V | 56 | 49 | 105 | 3 | 4 | 7 |
| 3. | Govt. U.P. സ്ക്കൂൾ ചീരംകുളം | 1962 | VIII | I to VII | 162 | 116 | 278 | 19 | 3 | 22 |
| 4. | St. Mary' U.P. സ്ക്കൂൾ മീനടം നോർത്ത് | 1964 | IV | I to VII | 210 | 164 | 374 | 8 | 3 | 11 |
| 5. | T.M.U.U.P. സ്ക്കൂൾ മീനടം | 1933 | I | V to VII | 80 | 64 | 144 | 1 | 2 | 3 |
| 6. | Govt. High സ്ക്കൂൾ മീനടം | 1890 | II | I to IX | 193 | 169 | 362 | 6 | 8 | 14 |
| | (പൊതുവിദ്യാലയങ്ങൾ 6) | | ആകെ | | 763 | 623 | 1386 | 38 | 22 | 60 |
| 7. | B.M.M. Eng. Medium High | 1983 | IV | I to X | 407 | 414 | 821 | 1 | 4 | 5 |
| | School (CBSC) | | | LKG | 53 | 46 | 99 | – | – | – |
| | പൊത്തമ്പുറം | | | UKG | 53 | 60 | 113 | – | – | – |
| | | | | ആകെ | 513 | 520 | 1033 | 1 | 4 | 5 |
| 8. | M.M.I.I.T.C. പൊത്തമ്പുറം | 1978 | IV | 1–ാം വർഷം | 105 | 3 | 108 | 3 | – | 3 |
| | (5 ട്രേഡുകളിൽ) | | | 2–ാം വർഷം | 90 | – | 90 | – | – | – |
| | | | | ആകെ | 195 | 3 | 198 | 3 | – | 3 |

* അവലംബം : സ്ക്കൂളുകൾ

## പട്ടിക 2

# സ്ക്കൂളിന്റെ പൊതുവിവരം

(96–97)

| No. | സ്ക്കൂളിന്റെ പേര് | H.S. U.P. L.P. | സ്ക്കൂളിന്റെ ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | സ്ക്കൂളിന്റെ വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണം | അനധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | പു. | സ്ത്രീ | | | പ്യൂൺ | പാർടൈം | മറ്റുള്ളവർ |
| 1. | C.M.S. L.P. സ്ക്കൂൾ മീനടം വെസ്റ്റ് | L.P. | എയ്ഡഡ് | 62 | 61 | 123 | – | 4 | 121/2 സെന്റ് | ഇല്ല | – | – | – |
| 2. | Govt. L.P.G. സ്ക്കൂൾ, മീനടം | L.P. | ഗവ. | 56 | 49 | 105 | 2 | 4 | 30സെ. | ഇല്ല | – | 1 | 1 |
| 3. | Govt. U.P. സ്ക്കൂൾ ചീരംകുളം | U.P. | ഗവ. | 162 | 116 | 278 | 1 | 10 | 51 സെ. | ഇല്ല | 1 | – | – |
| 4. | St. Mary' U.P. സ്ക്കൂൾ മീനടം നോർത്ത് | U.P. | എയഡഡ് | 210 | 164 | 374 | 0 | 15 | 1ഏ.50സെ. | 50സെ. | 1 | – | – |
| 5. | T.M.U.U.P. സ്ക്കൂൾ മീനടം | U.P. | എയ്ഡഡ് | 80 | 64 | 144 | 2 | 5 | 1ഏ. | 50സെ. | 1 | – | – |
| 6. | Govt. High സ്ക്കൂൾ മീനടം | H.S. | ഗവ. | 193 | 169 | 362 | 3 | 9 | 3ഏ. | 2ഏ.75സെ. | – | 1 | – |
| | ആകെ | | | 763 | 623 | 1386 | 8 | 47 | 6ഏ. 431/2സെ. | 3ഏ.75സെ. | 3 | 2 | – |
| 7. | B.M.M. Eng. Medium HS (CBSC) പൊത്തമ്പുറം | H.S. | അൺഎയ്ഡഡ് | 407 | 414 | 821 | 3 | 42 | 3.8ഏ. | 60സെ. | 4 | 4 | – |
| | „ നേഴ്സറി (LKG, UKG) | LKG UKG | „ | 106 | 106 | 212 | 0 | 8 | „ | „ | – | – | |
| | ആകെ | | | 513 | 520 | 1033 | 3 | 50 | 3.8ഏ. | 60സെ. | 4 | 4 | – |
| 8. | M.M.I.I.T.C. പൊത്തമ്പുറം | ITC | അൺഎയ്ഡഡ് | 195 | 3 | 198 | 8 | 6 | 21/2ഏ. | 25സെ. | – | 1 | 3 |
| | സെന്റ് മേരീസ് നേഴ്സറി | പ്രീ.പ്രൈ. | „ | 14 | 16 | 30 | – | 1 | – | – | – | – | – |

* അവലംബം : സ്ക്കൂളുകൾ

## പട്ടിക 3

### സ്ക്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിന്റെ പേര് | ഡിവിഷൻ സ്ഥിരം | കെട്ടിടങ്ങൾ | മുറികൾ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ള സൗകര്യം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം | ഓഫീസ് റൂം | നിലവിലുള്ള കെട്ടിട സൗകര്യം മതിയാകുമോ | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ |
|---|---|---|---|---|---|---|---|---|---|---|---|---|
| C.M.S. L.P. സ്ക്കൂൾ മീനടം വെസ്റ്റ് | 4 | 2 | 4 | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാകും | മതിയാകില്ല |
| Govt. L.P.G. സ്ക്കൂൾ മീനടം | 5 | 2 | 7 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ,, | ,, |
| Govt. U.P. സ്ക്കൂൾ ചീരംകുളം | 9 | 2 | 11 | 2 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാകില്ല | ,, |
| St. Mary' U.P. സ്ക്കൂൾ മീനടം നോർത്ത് | 13 | 5 | 15 | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | ,, |
| T.M.U.U.P. സ്ക്കൂൾ മീനടം | 5 | 2 | 13 | 2 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | മതിയാകും |
| Govt. High സ്ക്കൂൾ മീനടം | 10 | 3 | 12 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | മതിയാകില്ല | മതിയാകില്ല |
| B.M.M. Eng. Medium പൊത്തമ്പുറം | 30 | 2 ബ്ലോക്ക് | 36 | 16 | 8 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | മതിയാകും | മതിയാകും |
| M.M.I.I.T.C. പൊത്തമ്പുറം | 9 | 3 ബ്ലോക്ക് | 14.30 Sq.mt. | 2 | 5 | ഉണ്ട് | " | ഉണ്ട് | കാന്റീൻ | ഉണ്ട് | ,, | ,, |

അവലംബം : സ്ക്കൂൾ രേഖകൾ

## പട്ടിക 4

### അക്കാദമിക്ക് സൗകര്യങ്ങൾ

| ്ക്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല | ലാബറട്ടറി ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ മാപ്പുകൾ ചാർട്ടുകൾ വേണ്ടത്ര ഉണ്ടോ | റേഡിയോ | ടേപ്പ് റെക്കോഡർ | ടി.വി. സെറ്റ് | വി.സി.ആർ | കമ്പ്യൂട്ടർ | ബ്ലാക്ക്ബോർഡ് | സമരങ്ങളിൽക്കൂടി നഷ്ടപ്പെട്ട ദിവസങ്ങൾ | മാതൃസംഗമം സജീവമാണോ | ക്ലാസ്സ്റൂം PTA പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|
| M.S. L.P. സ്ക്കൂൾ നടം വെസ്റ്റ് | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 4 | ഇല്ല | സജീവം | സ്ക്കൂൾ PTA പ്രവർത്തിക്കുന്നു |
| ാvt. L.P. സ്ക്കൂൾ, നടം | ,, | ,, | ,, | ,, | ,, | ,, | ,, | ,, | 5 | ,, | ,, | ,, |
| ാvt. U.P. സ്ക്കൂൾ രംകുളം | ,, | ,, | ,, | ഇല്ല | ഇല്ല | ,, | ,, | ,, | 5 | ,, | ,, | ,, |
| Mary' U.P. ക്കൂൾ മീനടം ാർത്ത് | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | 13 | 1 | ,, | ,, |
| M.U.U.P. സ്ക്കൂൾ നടം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | 5 | 7 | സജീവമല്ല | ,, |
| ാvt. H.S. മീനടം നടം | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ,, | ,, | ,, | 8 | – | ,, | ,, |
| M.M. Eng. Medium ാത്തമ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 24 | 7 | ഇല്ല | ക്ലാസ്റൂം P.T.A. പ്രവർത്തിക്കുന്നു |
| .M.I.I.T.C. ാത്തമ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | ഇല്ല | ഇല്ല | P.T.A. |

വലംബം – സ്ക്കൂളുകൾ

# [illegible]

([illegible])

## [illegible] (96–97)

[illegible]

| | [illegible] | [illegible] (1) | [illegible] (2) | 30% [illegible] (3) | 30–40 [illegible] (4) | 40–50 [illegible] (5) | 50–60 [illegible] (6) | 60% [illegible] (7) | 91–92 [illegible] (8) | 92–93 (9) | 93–94 (10) | 94–95 (11) | 96–97 (12) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | C. M. S. L.P.S. Meenadom West | III to IV | 62 | 5 | 3 | 5 | 8 | 41 | | | | | |
| 2. | Govt. L.P.G.S. Meenadom | III to V | 70 | 9 | 11 | 7 | 16 | 27 | | | | | |
| 3. | Govt. U.P.S. Cheeramkulam | III to VII | 224 | 26 | 27 | 37 | 52 | 82 | | | | | |
| 4. | St. Mary's U.P.S. Meenadom North | III to VII | 285 | 29 | 49 | 80 | 62 | 65 | | | | | |
| 5. | T. M. V. U. P. S. Meenadom | III to VII | 144 | 22 | 20 | 24 | 41 | 37 | | | | | |
| 6. | Govt. H. S. Meenadom | III to IX | 277 | 41 | 50 | 52 | 43 | 91 | 10-ാം [illegible] | | | | |
| | (6 School) Total | III to IX | 1062 | 132 | 160 | 205 | 222 | 343 | | | | | |
| 7. | B. M. M. Eng. Medi. H. S. Pothampuram | III to IX | 638 | 48 | 81 | 119 | 222 | 168 | X-ാം Std [illegible] | | 93-94 11 | 94-95 11 | 95-96 11 |
| 8. | M.M.I.I.T.C. Pothampuram (5 Trades) | Ist Year | 108 | 18 | 19 | 22 | 20 | 29 | [illegible] 95–96 ൽ 5 Trade ൽ 2nd year [illegible] | | 100% | 100% | 100% |
| | | 2nd Year | 90 | 29 | 12 | 16 | 16 | 17 | 121 Result [illegible] | | | | |

[illegible] – [illegible]

[illegible]

# മീനടം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസം

(വിദ്യാലയ സംഗ്രഹം)

## അക്കാദമിക്ക് നിലവാരം (96–97)

സ്കൂളിന്റെ പേര്

| സ്കൂളിന്റെ പേര് | ക്ലാസ് | ആകെ | 30% താഴെ കുട്ടികൾ | 30–40 മാർക്ക് നേടുന്നവർ | 40–50 മാർക്ക് നേടുന്നവർ | 50–60 മാർക്ക് നേടുന്നവർ | 60% ശതമാനം നേടുന്നവർ | 91–92 കൂടുതൽ നേടുന്നവർ | 92–93 | 93–94 | 94–95 | 96–97 |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| C. M. S. L.P.S. Meenadom West | III to IV | 62 | 5 | 3 | 5 | 8 | 41 | | | | | |
| Govt. L.P.G.S. Meenadom | III to V | 70 | 9 | 11 | 7 | 16 | 27 | | | | | |
| Govt. U.P.S. Cheeramkulam | III to VII | 224 | 26 | 27 | 37 | 52 | 82 | | | | | |
| St. Mary's U.P.S. Meenadom North | III to VII | 285 | 29 | 49 | 80 | 62 | 65 | | | | | |
| T. M. V. U. P. S. Meenadom | III to VII | 144 | 22 | 20 | 24 | 41 | 37 | | | | | |
| Govt. H. S. Meenadom | III to IX | 277 | 41 | 50 | 52 | 43 | 91 | 10-൧൦ സ്റ്റാൻഡാർഡ് ആയിട്ടില്ല | | | | |
| (6 School) Total | III to IX | 1062 | 132 | 160 | 205 | 222 | 343 | | | | | |
| B. M. M. Eng. Medi. H. S. Pothampuram | III to IX | 638 | 48 | 81 | 119 | 222 | 168 | X- ൧൦ Std പരീക്ഷ എഴുതിയവരും | | 93-94 11 | 94-95 11 | 95-96 11 |
| M.M.I.I.T.C. Pothampuram (5 Trades) | Ist Year | 108 | 18 | 19 | 22 | 20 | 29 | വിജയ ശതമാനവവും<br>95-96 ൽ 5 Trade ൽ 2nd year പരീക്ഷ എഴുതിയതിൽ | | 100% | 100% | 100% |
| | 2ndYear | 90 | 29 | 12 | 16 | 16 | 17 | 121Result ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല | | | | |

അവലംബം സ്കൂൾ സർവ്വേ

ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.

ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക



### സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥി കളുടെ വിവരം

പൊതുമേഖലവിദ്യാലയങ്ങളിൽ SC, ST, OBC എന്നീ വിഭാഗത്തിൽ (123+110) 233 കുട്ടികൾക്ക് ലംപ്സം ഗ്രാന്റായി ഈ വർഷം 16,429 രൂപാ സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. മെറിട്ടോറിയൽ സ്കോളർഷിപ്പ് 3 കുട്ടികൾക്കു ലഭിക്കുന്നു. ഒരു വർഷത്തിനു 30 രൂപാ. ഈ തുച്ഛമായ തുക വർദ്ധിപ്പിക്കേണ്ടതാണ്. വികലാംഗവിഭാഗത്തിൽ പെടുന്ന കുട്ടികൾക്കും സഹായധനം ലഭിക്കുന്നു. ST വിഭാഗം കുട്ടികൾക്ക് പ്രതിമാസ സ്റ്റൈഫന്റ് ലഭിക്കുന്നുണ്ട്. അൺഎയ്ഡഡ് വിഭാഗത്തിലുള്ള സ്ഥാപനത്തിൽ ഗവ. ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. അവർക്കുംകൂടി മേൽപ്പറഞ്ഞവ ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം.

### ചെലവു സംബന്ധിച്ച വിവരങ്ങൾ

കെട്ടിടം അറ്റകുറ്റപ്പണികൾ ഉപകരണങ്ങൾ, ഉച്ചഭക്ഷണം, കലാകായികം, മുതലായ കാര്യങ്ങൾക്കായി പൊതുവിദ്യാലയങ്ങളിൽ 98,889 രൂപാ ചെലവു ചെയ്തിട്ടുണ്ട്. ഇതിന്റെ വരവിനത്തിൽ സർക്കാർ എയ്ഡഡ് സ്കൂളികൾക്ക് മെയിന്റനൻസ് ഗ്രാന്റും എല്ലാ സ്കൂളുകൾക്കും ഉച്ചഭക്ഷണപാചകത്തിനുള്ള സഹായവും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പുതിയഹൈസ്കൂളിനു ഫർണീച്ചർ ഇനത്തിലും 37,751 രൂപാ മൊത്തം സഹായധനം കൊടുത്തിട്ടുണ്ട്. കൂടാതെ ഫീസിനും, PTA ഫണ്ട്, വിനോദയാത്രകൾക്ക് വേണ്ടി രക്ഷാകർത്താക്കളിൽനിന്നുള്ള പിരിവ് മുതലായവയും വരുമാനമാർഗ്ഗങ്ങളിൽപെടും. എല്ലാ സ്കൂളുകളിലും കൂടി 655 കുട്ടികൾ ഉച്ചഭക്ഷണത്തിൽ പങ്കെടുക്കുന്നു. ഇംഗ്ലീഷ് മീഡിയംസ്കൂൾ, സാങ്കേതികവിദ്യാലയം എന്നിവിടങ്ങളിൽ കുട്ടികളിൽനിന്നുള്ള ഫീസു പിരിച്ചും, മറ്റിനങ്ങളിൽനിന്നുള്ള വരുമാനത്തിൽ നിന്നും സ്ഥാപനങ്ങളുടെ ചെലവുകൾ നിർവ്വഹിക്കുന്നു.

**പട്ടിക 6**

**സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നവരുടെ വിവരം (96–97)**

| സ്കൂളിന്റെ പേര് | ലംപ്സംഗ്രാന്റ് | | | | | | | | തുക | മെറിട്ടോറിയൽ സ്കോളർഷിപ്പ് | വികലാംഗർ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|
| | SC | | ST | | OBC | | ആകെ | | | | | |
| | ആ. | പെ. | ആ. | പെ. | ആ. | പെ. | ആ. | പെ. | | | | |
| C.M.S. L.P. സ്കൂൾ മീനടം വെസ്റ്റ് | – | – | 1 | 2 | 8 | 8 | 9 | 10 | 985 | – | – | – |
| Govt. L.P. സ്കൂൾ, മീനടം | 2 | 4 | 1 | 0 | 2 | 0 | 5 | 4 | 540 | L.S.S.1 Rs. 30 | 1 Rs.600 | – |
| Govt. U.P. സ്കൂൾ ചീരംകുളം | 9 | 6 | 1 | 2 | 42 | 33 | 52 | 41 | 6208 | | | ST സ്റ്റൈഫന്റ് 3X168 |
| St. Mary's U.P. സ്കൂൾ മീനടം നോർത്ത് | 7 | 4 | – | – | 24 | 16 | 31 | 20 | 3585 | | | മെറിട്ടോറിയൽ SC (2+3)Rs.120 |
| T.M.U.U.P. സ്കൂൾ മീനടം | 1 | 2 | – | – | 5 | 7 | 6 | 9 | 1620 | L.S.S.2 | 3 Rs.60 | – Rs.1800 |
| Govt. H.S. മീനടം | 3 | 5 | 3 | 3 | 14 | 18 | 20 | 26 | 3491 | – | – | – |
| ആകെ | 22 | 21 | 6 | 7 | 95 | 82 | 123 (233) | 110 | 16429 | 3 90 | 4 2400 | 3–168 |
| B.M.M. Eng. Medium പൊത്തമ്പുറം | ഗവ. ആനുകൂല്യം ലഭിക്കുന്നില്ല | | | | | | | | | | | |
| M.M.I.I.T.C. പൊത്തമ്പുറം | - Do - | | | | | | | | | | | |

അവലംബം – സ്കൂൾരേഖ

# മീനടം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസം

## (വിദ്യാലയ സംഗ്രഹം)

## കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ സംബന്ധിച്ച് 96–97

ഉപജില്ലാ തലത്തിൽ ഗണിതശാസ്ത്രമേള, ശാസ്ത്രമേള, പ്രവൃത്തിപരിചയം, കലാകായികമേള

| | സ്കൂളിന്റെ പേര് | പങ്കെടുക്കുന്ന മത്സരങ്ങൾ | ലഭിച്ച സ്ഥാനം | ജില്ലാതലത്തിൽ | | | സംസ്ഥാനതലത്തിൽ | | | ദേശീയ തലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | C. M. S. L.P.S. Meenadom West | പ്രവൃത്തിപരിചയം | 4 ഇനത്തിന് Ist<br>2 " 2nd<br>3 " 3rd | 5 | 4 | 9 | | | | | | |
| 2. | Govt. L.P.G.S. Meenadom | | 1 ഇനത്തിന് Ist<br>1 " 3rd | 2 | | 2 | | കലാകായികമേളകൾ ഈ വർഷം നടത്താനിരിക്കുന്നു | | | | |
| 3. | Govt. U.P.S. Cheeramkulam | | 2 ഇനത്തിന് Ist<br>1 " 3rd | 5 | 4 | 9 | | | | | | |
| 4. | St. Mary's U.P.S. Meenadom North | L. P.ഗണിതമേള<br>U. P.ശാസ്ത്രപ്രദർശനം<br>പ്രവൃത്തിപരിചയം 4 ഇനത്തിൽ | Ist<br>2nd<br>2nd Ist | 9 | 10 | 19 | | | | | | |
| 5. | T. M. V. U. P. S. Meenadom | ഗണിതശാസ്ത്രമേള<br>ശാസ്ത്രപ്രദർശനം<br>പ്രവൃത്തിപരിചയം | Ist<br>Ist 1 2nd 1<br>Ist 5 2nd 3 | 7 | 5 | 12 | | | | | | |
| 6. | Govt. H. S. Meenadom | ഒന്നും ലഭിച്ചിട്ടില്ല | | | | | | | | | | |
| | ( Total വിവിധയിനങ്ങളിൽ 1, 2, 3, സ്ഥാനം ലഭിച്ചവർ ) | | | | | | | | | | | |
| 7. | B. M. M. Eng. Medi. H. S. Pothampuram | (96–97 ൽ ആദ്യമായി (CBSE)സ്കൂളുകൾ Sports meet കോട്ടയം ജില്ലാതലത്തിൽ നടത്തിയതിൽ ഈ സ്കൂളിനു രണ്ടാം സ്ഥാനത്തിനുള്ള ട്രോഫി ലഭിച്ചിട്ടുണ്ട്) | | | | | | | | | | |
| 8. | M.M.I.I.T.C. Pothampuram (5 Trades) | (സ്ഥാപനത്തിൽമാത്രം കായികകലാമേള നടത്തുന്നു.) ജില്ലാ അടിസ്ഥാനത്തിൽ മേളകൾ ഒന്നും സംഘടിപ്പിച്ചിട്ടില്ല. | | | | | | | | | | |

അവലംബം – സ്കൂൾ സർവ്വേ

പട്ടിക 8

# മീനടം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസം

## (വിദ്യാലയ സംഗ്രഹം)

## ചെലവ് സംബന്ധിച്ച വിവരങ്ങൾ 96–97

| | സ്കൂളിന്റെ പേര് | ഉച്ചഭക്ഷണത്തിൽ പങ്കെടുക്കുന്ന കുട്ടികൾ | ആകെ ചിലവ് | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ / ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാ വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | പഠനപര്യടനങ്ങൾ വിനോദയാത്രകൾ | ഉച്ചഭക്ഷണം | ഉച്ചഭക്ഷണം | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി. ടി. എ. ഫണ്ട് | മാനേജ്മെന്റിൽനിന്നും രക്ഷകർത്താക്കളിൽനിന്നും വിനോദയാത്രയ്ക്ക് വരവ് | ആകെ വരവ് A | ABC |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | |
| 1. | C.M.S. L.P.S. Meenadom West | 95 | 14653 | 300 | 400 | - | - | 250 | - | 4003 | 700 | 1597 | 1246 | 2843 | - | - | 1761 | 10049 | 1810 | 14653 |
| 2. | Govt. L.P.G.S. Meenadom | 65 | 11050 | 7000 | - | - | 200 | 150 | - | 3700 | - | 1700 | 7000 | 8700 | 871 | - | 900 | 579 | 2350 | 11050 |
| 3. | Govt. U.P.S. Cheeramkulam | 147 | 6907 | 1800 3 | 60 | - | 250 | 250 | - | 4147 | 100 | 920 | 920 | 1840 | 614 | - | 4317 | 136 | 5067 | 6907 |
| 4. | St. Mary's U.P.S. Meenadom North | 118 | 13900 | 1300 | 600 | 100 | 400 | 250 | 250 | 3500 | 7500 | 2000 | 900 | 2900 | 831 | 250 | 1000 | 8919 | 1000 | 13900 |
| 5. | T.M.U. U.P.S. Meenadom | 50 | 14829 | 1989 | - | - | 340 | 950 | 350 | 3700 | 7500 | 491 | 935 | 1426 | 720 | - | 1056 | 11627 | 3403 | 14829 |
| 6. | Govt. H.S. Meenadom | 180 | 37550 | 2000 | 25000 | - | 250 | 300 | - | 6500 | 3500 | 8100 | 26750 | 34850 | 1238 | - | 500 | 962 | 2700 | 37550 |
| 6 | Schools (Total) | 655 | 98,889 | 17089 | 26360 | 100 | 1440 | 2150 | 600 | 25550 | 25600 | 14808 | 37751 | 52559 | 4274 | 250 | 9534 | 32272 | 16330 | 98889 |
| 7. | B.M.M. Eng. Med. H.S. Pothenpuram | - | 23,44600 | 1,70,000 | 75,000 | 37,000 | 8000 | 21400 | 17600 | 10,57200 | 958600 | - | - | - | 12,76956 | 7644 | 3000 | 10,57000 | - | 23,44600 |
| 8. | M.M. I.I.T.C. Pothenpuram | - | 8,90000 | 10,0000 | 25000 | 1,20000 | 5000 | 10000 | 20000 | - | 620000 | - | - | - | 4,50000 | 5000 | 2000 | 4,33000 | - | 8,90000 |

അവലംബം – സ്കൂൾ സർവ്വേ

## അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതയുടെ തുടർപ്രവർത്തനങ്ങൾ നടക്കുന്നില്ല. പഞ്ചായത്തിൽ പല വായനശാലകളും, സ്പോർട്ട്സ് ആർട്ട്സ് ക്ലബ്ബുകളും നിലവിലുണ്ട്. ഇവയിൽ പലതും പുനരുദ്ധരിച്ച് അനൗപചാരിക വിദ്യാഭ്യാസതുടർ പ്രവർത്തനങ്ങൾക്കും, കലാകായിക വിദ്യാഭ്യാസത്തിനും പ്രോത്സാ ഹനം കൊടുക്കത്തക്ക കേന്ദ്രങ്ങളാക്കി മാറ്റി പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുവാൻ കഴിയണം. ഗവൺമെന്റുതലത്തിൽ ഈ രംഗത്ത് കൂടുതൽ പ്രധാന്യം കൊടുത്തുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് പലതലത്തിലും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന്റെ വികസനത്തിന് വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചമാക്കിയും, തൊഴിൽസാദ്ധ്യതകൾ വർദ്ധിക്കുന്നതിന് സാങ്കേതികവിദ്യാഭ്യാസ പരിശീലനസ്ഥാപനങ്ങൾ ഉണ്ടാക്കിയും ആസൂത്രണപരിപാടികൾ നടപ്പാക്കുന്നതിന് സാമ്പത്തിക വിനിയോഗത്തിൽ പഞ്ചായത്തു തലത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണ്.

### പ്രധാനപ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ആദ്യമായി അനുവദിച്ച ഹൈസ്ക്കൂളിനും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഇല്ല.
2. ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതുമൂലം നിലവിലുള്ള പല സ്ക്കൂളുകളും "അൺ എക്കണോമിക്ക്" വിഭാഗമായി മാറും.
3. എല്ലാ സ്ക്കൂളുകളിലും വേനൽ ക്കാലത്ത് കുടിവെള്ളപ്രശ്നം രൂക്ഷമാണ്.
4. പഠനോപകരണങ്ങൾ – ലൈബ്രറി – ലാബറട്ടറി സൗകര്യങ്ങൾ വേണ്ടത്രയില്ല.
5. പഠനനിലവാരം മെച്ചമാക്കാനുള്ള സംവിധാനങ്ങൾ ഒന്നും കാര്യമായി നടപ്പാക്കു ന്നില്ല.
6. സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ നടക്കുന്നില്ല.
7. PTAയുടെ പൂർണ്ണമായ പങ്കാളിത്തം പഠനകാര്യത്തിലും, സ്ക്കൂളിന്റെ പൊതുവായ കാര്യങ്ങളിലും ലഭ്യമാകുന്നില്ല.
8. അധ്യാപകർക്ക് മെച്ചമായ പരിശീലനം ലഭിക്കുന്നില്ല.
9. മിക്ക സ്ക്കൂളുകളിലും കളിസ്ഥലമില്ല.
10. കായികമേളകൾക്കുവേണ്ടി പഞ്ചായ ത്തിൽ ഒരു പൊതുകളിസ്ഥലം സജ്ജമായിട്ടില്ല.
11. കലാ-കായിക അഭ്യസനത്തിനു സ്ക്കൂളിൽ പ്രത്യേകം അധ്യാപകരില്ല.
12. സൗകര്യമുള്ള സ്ക്കൂളുകളുമായി ബന്ധിച്ചു നടത്താവുന്ന തൊഴിൽ പരിശീലനങ്ങൾ ഇല്ല.
13. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ/എയ്ഡഡ് വിഭാഗത്തിൽ ഈ പഞ്ചായത്തിലില്ല.
14. പ്രീ പ്രൈമറി വിദ്യാലയങ്ങൾ എല്ലാ വിദ്യാലയങ്ങളുമായി ബന്ധിച്ചില്ല.
15. പാഠ്യേതരപ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിനു അനുവദിച്ച സൈക്കൂൾ മാതൃകാവിദ്യാലയമാക്കി മാറ്റുക. അതിനു വേണ്ട ഭൗതികസൗകര്യങ്ങൾ പഞ്ചായത്തു തലത്തിൽ നടപ്പിലാക്കുക.
2. പ്രീപ്രൈമറി, പ്രൈമറിതലത്തിൽ മാതൃഭാഷ അഭ്യസനം നിർബന്ധമാക്കുകയും അപ്പർ പ്രൈമറിതലം മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചും, നിലവിലുള്ള സ്ക്കൂളുകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുക.
3. എല്ലാ സ്ക്കൂളുകളിലും വേനൽക്കാലത്ത് കുടിവെള്ളം ലഭിക്കുന്നതിന് പമ്പുസെറ്റ് പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുക.
4. പഠനോപകരണങ്ങൾ, ലൈബ്രറി, ലാബറട്ടറി ഫർണീച്ചർ എന്നിവ പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം.
5. മൂത്രപ്പുര, കക്കൂസ് എന്നിവ ആവശ്യമുള്ള വിദ്യാലയങ്ങളിൽ അവ നിർമ്മിച്ചുകൊടുക്കുക.
6. പഠനനിലവാരം മെച്ചമാകുന്നതിനുള്ള ഉപാധികൾ ആസൂത്രണം ചെയ്ത്

നടപ്പിലാക്കുക.

(1) വിദ്യാർത്ഥികൾക്കു പരിഹാര ബോധനം കൊടുക്കുക.

(2) മാതൃസംഗമം സജീവമാക്കി പ്രവർത്തനം തുടർന്നുകൊണ്ടുപോകുക.

(3) PTAയുടെ പ്രവർത്തനം കർശനവും മെച്ചപ്പെട്ടതുമാക്കുക.

(4) അധ്യാപകർക്കു മെച്ചമായ പരിശീലനം തുടർച്ചയായി കൊടുക്കുക.

(5) സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം നടപ്പിലാക്കുക.

7. കലാ-കായിക അഭ്യസനത്തിനു പ്രാധാന്യം നൽകി പ്രൈമറിതലം മുതൽ പ്രത്യേക അധ്യാപകരെ നിയമിക്കുകയും കളിസ്ഥലങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. പഞ്ചായത്തുതലത്തിൽ ഒരു സൗകര്യമുള്ള പൊതു കളിസ്ഥലം നിർമ്മിക്കുക.

8. തൊഴിൽ പരിശീലനം അപ്പർ പ്രൈമറി തലത്തിൽ ആരംഭിക്കുക.

(1) ബുക്കു ബയന്റിംഗ്

(2) റബ്ബർ ഉല്പന്നങ്ങൾ

(3) തെങ്ങിൽനിന്നും ലഭിക്കുന്ന സാധനങ്ങൾ ഉപയോഗിച്ച് കരകൗശലവസ്തുക്കളുടെ നിർമ്മാണം.

9. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ഉണ്ടാക്കുക. (വ്യവസായങ്ങൾക്ക് സഹായകമായ റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ നിർമ്മാണത്തിനും, പരിചരണത്തിനും പരിശീലനം കൊടുക്കുക.)

10. എല്ലാ സ്ക്കൂളുകളോടും അനുബന്ധിച്ച് അംഗീകൃത പ്രീപ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക.

11. പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചമാക്കുക. ഉപജില്ല-ജില്ലാതലത്തിൽ നടക്കുന്ന മത്സരങ്ങളിൽ വിദ്യാർത്ഥികളെ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിന് അധ്യാപകരും PTAയും സഹകരിച്ചു പ്രവർത്തിക്കുക.

12. ഉച്ചഭക്ഷണവിതരണത്തിന്റെ പൂർണ്ണമായ ചുമതല പഞ്ചായത്ത് ഏറ്റെടുക്കുക.

13. എല്ലാ സ്ക്കൂളുകളുടേയും അറ്റകുറ്റപ്പണികൾ പഞ്ചായത്തു മേൽനോട്ടത്തിൽ യഥാസമയം നടത്തുക.

14. വിദ്യാർത്ഥി-അധ്യാപക അനുപാതം കുറയ്ക്കുക.

15. പരീക്ഷാരീതികളിൽ മാറ്റങ്ങൾ വരുത്തുക.

16. ഓരോ സ്ക്കൂളിന്റെയും പ്രവർത്തനങ്ങൾ പഞ്ചായത്തുതല സമിതികൾ നിരീക്ഷിക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുക.

17. കുടിവെള്ളപ്രശ്നം എല്ലാ സ്കൂളുകളിലും ബാധകമാകുന്നതിനാൽ സ്കൂളുകളുടെ സമീപത്തുള്ള വീടുകളെക്കൂടി ഉൾപ്പെടുത്തി വെള്ളം കിട്ടാവുന്ന സ്ഥലത്ത് ടാങ്കുകൾ കെട്ടി പമ്പുചെയ്ത് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

18. ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് സ്കീമിൽ ഇപ്പോൾ എൽ. പി. സ്കൂളുകൾക്കു ലഭിക്കുന്ന പഠനോപകരണങ്ങളും മറ്റും, യു. പി., ഹൈസ്കൂൾ എന്നിവയോട് ചേർന്ന് എൽ. പി. സ്കൂളുകൾക്കും ലഭ്യമാക്കുക.

19. സ്കൂൾ തുറക്കുമ്പോൾതന്നെ അദ്ധ്യാപകരുടെ ഒഴിവുകളിൽ നിയമനം നടത്തുക.

20. എല്ലാ സ്കൂളുകൾക്കും ഓരോ റ്റി. വി., വീഡിയോ സെറ്റ് ലഭ്യമാക്കുകയും വിദ്യാഭ്യാസ പരിപാടികൾ കുട്ടികൾക്ക് കാണുവാൻ സ്കൂൾ സമയത്തുതന്നെ ക്രമീകരണങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

21. പഞ്ചായത്തു തലത്തിൽ ഒരു പൊതു കളിസ്ഥലം സജ്ജമാക്കുക. ഹൈസ്കൂളിന് ഇപ്പോൾ ലഭ്യമായ സ്ഥലത്ത് ഒരു മിനി സ്റ്റേഡിയം നിർമ്മിച്ച് സ്കൂളിന്റെ ആവശ്യങ്ങളും പഞ്ചായത്തിന്റെ പൊതു ആവശ്യത്തിനും ഭാവിയിൽ ഉപയോഗപ്പെടുത്തണം.

22. മാസംതോറും കുട്ടികൾക്ക് മെഡിക്കൽ പരിശോധനയും ഫസ്റ്റ് എയിഡിനുള്ള പരിശീലനവും നൽകുക.

23.. പഞ്ചായത്തിലെ പുതിയ ഹൈസ്കൂൾ പൂർത്തിയാക്കുന്നതോടൊപ്പം പ്ലസ് ടു സംവിധാനവും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുമായും ഉയർത്തുക.

# 5(4). പൊതുജനാരോഗ്യം – കുടിവെള്ളം പരിസര ശുചിത്വം

**പൊ**തുജനാരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകം ശുദ്ധവായു ശുദ്ധ ജലം ശുചിത്വമുള്ള പാർപ്പിടം എന്നിവയാണ്. 1961 വരെ ഈ പ്രദേശത്ത് ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യന്മാരുടെ നിയന്ത്രണത്തിലായിരുന്നു. അവർ കയ്യൊഴിയുന്ന രോഗികൾ സാമ്പത്തിക സ്ഥിതിയനുസരിച്ച് സമീപ പ്രദേശങ്ങളിലെ വൈദ്യന്മാരേയോ പാമ്പടി ഗവ. ആശുപത്രിയിലോ, തോട്ടയ്ക്കാട് സർക്കാർ ആശുപത്രിയിലോ, കോട്ടയം ജില്ലാ ആശുപത്രിയിലോ അഭയം പ്രാപിച്ചിരിന്നു. 1961 ൽ ആരംഭിച്ച ഗവ. ആയിർവ്വേദ ഡിസ്പെൻസറി ആയിരുന്നു മീനടത്തെ പ്രധാന ആതുര ശുശ്രൂഷാകേന്ദ്രം. ഈ ഡിസ്പെൻസറി പിന്നീട് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തി. 1970 ൽ ഒരു സ്വകാര്യ നഴ്സിംഗ് ഹോം മീനടം ഭഗവതി ക്ഷേത്രത്തിന് സമീപം ആരംഭിച്ചുവെങ്കിലും പിന്നീട് അതിന്റെ പ്രവർത്തനം നിലച്ചുപോയി. ഇപ്പോൾ മീനടത്ത് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇന്നാട്ടിലെ ജനങ്ങളുടെ ചികിത്സാ സൗകര്യം നിറവേറ്റുന്നനതിന് ഈ സ്ഥാപനത്തിന് കഴിയുന്നില്ല. ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി ഈ പഞ്ചായത്തിന് അത്യന്താപേക്ഷിതമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തെ രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു കേന്ദ്രമാക്കി മാറ്റുകയും രണ്ടു ഡോക്ടർമാരുടെയെങ്കിലും മുഴുവൻ സമയ സേവനം ഈ സ്ഥാപനത്തിന് ഉറപ്പാക്കേണ്ടതുമാണ്. നിലവിലുള്ള ഗവ. ആയുർവേദ ആശുപത്രി കെട്ടിടത്തിന് ഒരു നിലകൂടി നിർമ്മിച്ച് കൂടിതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ സൗകര്യവും, ജീവനക്കാരെയും നിയമിച്ച് ഈ സ്ഥാപനം വികസിപ്പിക്കേണ്ടതാണ്. വിഷം, മർമ്മം, നേത്രം തുടങ്ങിയ വിഭാഗങ്ങളും ആരംഭിക്കണം. ചുറ്റുമതിൽ നിർമ്മിച്ച് ജീവനക്കാരുടെയും രോഗികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്. ഈ ആശുപത്രിയുടെ വാട്ടർ പമ്പ്, പൈപ്പ്, ടാപ്പ്, വയറിംഗ്, ലൈറ്റ്–പോയിന്റ്, ഫാൻ മുതലായവ ഉപയോഗശൂന്യമായിരിക്കയാണ്. വാർഷിക മെയിന്റനൻസുകൾ സമയത്ത് നടത്താറില്ല. ഇവയുടെ അറ്റകുറ്റ പ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

ഈ പപഞ്ചായത്തിലുണ്ടാകുന്ന ജനനങ്ങളുടേയും മരണങ്ങളുടേയും വിവരം ഇവിടെ ത്തന്നെ രജിസ്റ്റർ ചെയ്യുകയും, സർട്ടിഫിക്കറ്റുകൾ ഇവിടെ നിന്നു തന്നെ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. വർഷകാലത്തും വേനൽക്കാലത്തും ഉണ്ടാകുന്ന പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കുവാൻ കിണറുകളിലും, കുളങ്ങളിലും ക്ലോറിനേഷൻ, കൊതുകു നശീകരണം, ഈച്ച നശീകരണം എന്നിവ ഫലപ്രദമായി നടത്തേണ്ടതാണ്.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളെക്കാൾ പ്രാധാന്യം ബോധവൽക്കരണത്തിനാണ്. എന്നാൽ ഫീൽഡ് വർക്കർമാരിൽ കാണുന്ന അലസതയും, നിഷ്ക്രിയതയും മാറ്റിയെടുക്കുകയും കൂടുതൽ ഉത്സാഹത്തോടെ പ്രവർത്തിക്കേണ്ടിയുമിരിക്കുന്നു. ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നതിൽ ജങ്ങൾക്കുള്ള വിമുഖതയും എടുത്തു പറയേണ്ടതാണ്. ഇവയെ ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുത്തനുണർവ്വ് സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

## പൊതുജനാരോഗ്യം

ഗവ. ആയുർവേദ ആശുപത്രി മീനടം

1. നിലവിലുള്ള 20 കിടക്കകൾ 50 എണ്ണമായി വർദ്ധിപ്പിക്കണം.

2. രോഗികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ കെട്ടിടം പൊതുജനസഹകരണത്തോടെ നിർമ്മിക്കണം.

3. പിഴിച്ചിൽ തുടങ്ങിയ ശാസ്ത്രീയ ചികിത്സയ്ക്കുള്ള തോണി ഉണ്ടാക്കണം.

4. ചികിത്സയ്ക്ക് ആവശ്യമായ പച്ചമരുന്നുകൾ ലഭിക്കുന്നതിന് ഒരു ഔഷധത്തോടും ആശുപത്രി കോമ്പൗണ്ടിൽ നിർമ്മിക്കണം.

5. നേഴ്സിംഗ് റൂമിനോട് ഒരു ബാത്ത്റൂം ഉണ്ടാക്കണം.

6. അത്യാവശ്യമായ സ്ഥലങ്ങളിൽ നെയിം ബോർഡ് സ്ഥാപിക്കണം.

7. വിദഗ്ദ്ധ പരിശോധനാ സൗകര്യങ്ങൾ ഉണ്ടാക്കണം.

8. ചുറ്റുമതിൽ നിർമ്മിക്കണം.

### P. H. സെന്റർ

### നിർദ്ദേശങ്ങൾ

1. ആവശ്യമായ സ്ഥലങ്ങളിൽ നെയിം ബോർഡ് സ്ഥാപിക്കണം.

2. ചുറ്റുമതിൽ നിർമ്മിക്കണം.

3. ബാത്ത്റൂം നിർമ്മിക്കണം.

4. വിദഗ്ദ്ധപരിശോധനാ സംവിധാനം

5. മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള മുറി പണിയണം.

രണ്ടാം വാർഡിലെ ഹെൽത്ത് & മിഡ്വൈഫറി സെന്റർ വേണ്ടവിധം പ്രവർത്തിക്കുന്നില്ല.

പ്രവർത്തനം കാര്യക്ഷമമാക്കണം.

നല്ല ഒരു അലോപ്പതി ആശുപത്രി ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ മറ്റുള്ള പ്രദേശങ്ങളിലേക്ക് ജനങ്ങൾ ചികിത്സ തേടി പോകുന്നു. ഇത് പരിഹരിക്കേണ്ടതാണ്.

സഹകരണമേഖലയിൽ ഒരു ആശുപത്രി തുടങ്ങണം.

## കുടിവെള്ളം

ഈ പ്രദേശത്തെ തോടുകൾ മൂന്നു മാസക്കാലത്തോളം വറ്റിവരണ്ടുകിടക്കുന്നു. താഴ്വരപ്രദേശത്തുപോലും വേനൽക്കാലത്ത് ജലക്ഷാമമുണ്ട്. അപൂർവ്വം വറ്റാത്ത കിണറുകളെയാണ് ഇക്കാലത്ത് ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. വേനൽക്കാലത്ത് വളരെ ദൂരെ നിന്നും വെള്ളം തലചുമടായി കൊണ്ടുപോകുന്നത് സാധാരണ കാഴ്ചയാണ്. ജല അതോറിറ്റി വകുപ്പിന്റേതായി താഴെപറയുന്ന സ്കീമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽനിന്നും ശുദ്ധജലം ലഭ്യമല്ല. സ്കീമിനു വേണ്ടി നിർമ്മിച്ചിട്ടുള്ള കിണറുകളും പരിസരവും മലിനമായതിനാലും, തൊട്ടുമുകളിൽ തോടുകളിൽ കെട്ടിക്കിടക്കുന്ന വെള്ളം ഓലയഴുക്കുന്നതിനും, മാടുകളെ കുളിപ്പിക്കുന്നതിനും മറ്റും ഉപയോഗിക്കുന്നതിനാൽ അശുദ്ധജലമാണ് പമ്പ് ചെയ്തു വിതരണം ചെയ്യുന്നത്.

പഞ്ചായത്തിൽ പുതുവയൽ, ഊട്ടിക്കുളം, പന്നിക്കോട്ട് ഭാഗം, മുണ്ടിയാക്കൽ, ആറാണി, പൊങ്ങഴ, കങ്ങഴക്കുന്ന്, പൂതകുഴിഭാഗം, അടുമ്പുകാട്, കാവാലചിറ, കല്ലുപറമ്പ്, തുടങ്ങിയ ഭാഗങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു.

### സ്കീമുകൾ

(1) മോസ്ക്കോ

(2) കിളിരുത്തയിൽ...

(3) ചക്കുങ്കൽ...

അല്പം ശ്രദ്ധപതിപ്പിച്ചാൽ ഈ കിണറുകൾ വൃത്തിയാക്കി ശുദ്ധജലം പമ്പ് ചെയ്തു വിതരണം ചെയ്യാവുന്നതാണ്. എന്നാൽ (വാട്ടർ അതോറിട്ടിയുടെ അനാസ്ഥ മൂലം) ഈ പദ്ധതികൾ കൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്കു മുഴുവൻ ജലം ലഭിക്കുന്നില്ല. ജലലഭ്യതയുള്ള മിന്നൂണി, ചകിരിപ്പാടം, ശിവദർശന ക്ഷേത്രപരിസരം, പന്നിക്കോട് ഭാഗം, പുത്തൻപുരപടി ഭാഗം,

നാരകത്തോട് എന്നിവടങ്ങളിൽ പുതിയതായി പദ്ധതികൾ തുടങ്ങേണ്ടതാണ്. നിർദ്ദിഷ്ട പേത്തൻപുറം വാട്ടർ സപ്ലൈ സ്കീമിന്റെ പണി ത്വരിതപ്പെടുത്തുക.(ടാപപുഴ പദ്ധതി)

ശുചിത്വവും ആരോഗ്യവും പരസ്പര പൂരകമാണ്. വ്യക്തി ശുചിത്വവും പരിസരശുചിത്വവും പാലിക്കണമെങ്കിൽ ജലവും, ആധുനിക കക്കൂസുകളും അത്യന്താപേക്ഷിതമാണ്. വ്യാവസായികമായി പിന്നോക്കപ്രദേശ മാണെങ്കിലും റബ്ബർ റോളറുകളും റബ്ബർബാന്റ് ഉൽപാദിപ്പിക്കുന്ന ശാലകളും പരിസര മലിനീകരണം സൃഷ്ടിക്കുന്നു. ഹോട്ടലുകളിൽ നിന്നും മദ്യഷാപ്പുകളിൽനിന്നും അഴുക്കുവെള്ളം പൊതുനിരത്തിലേക്ക് തുറന്നുവിടുന്നു. ഈ പ്രവണത തടയണം. ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്ന കുടുംബങ്ങൾക്ക് സർക്കാർ സഹായ ത്തോടുകൂടി, ആധുനിക കക്കൂസുകൾ നിർമ്മിക്കേണ്ടതാണ്.

### പൊതുശ്മശാനം

സ്വന്തമായി സ്ഥലമില്ലാത്തതും ദേവാലയങ്ങളിൽ ശവസംസ്കാരത്തിന് സൗകര്യമില്ലാത്തതുമായ ജനവിഭാഗങ്ങൾക്ക് ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതാണ്.

### പുത്തൻപുരപടി ഭാഗം

പുത്തൻപുരപടിയ്ക്കൽ ഒരുകുളംകുത്തി സമീപപ്രദേശത്ത് ഒരു ടാങ്ക് നിർമ്മിച്ചാൽ 1–8 വാർഡുകളിലെ ജലക്ഷാനം ഒരു പരിധിവരെ പരിഹരിക്കാം.

### പന്നിക്കോട്ട് ഭാഗം

നെടുങ്ങോട്ടു ഭാഗത്ത് കുളം നിർമ്മിച്ച് പന്നിക്കോട്ട് ടാങ്ക് പണിതാൽ 4, 5, 6 എന്നീ വാർഡുകളിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. മീനടം തോടിന്റെ വീതിയും ആഴവും കൂടി സംരക്ഷിച്ചാൽ മൃഗങ്ങൾക്കും സസ്യങ്ങൾക്കും ആവശ്യമായ ജലം ലഭിക്കും.

ടാപ്പുഴ പദ്ധതിയുടെ പരിധിയിൽ വരാത്ത പ്രദേശത്തുകൂടി പൈപ്പു ലൈൻ സ്ഥാപിക്കുക.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഇപ്പോഴത്തെ റൂറൽ സ്കീമുകൾ എല്ലാംതന്നെ ടാങ്കിന്റെ ലീക്ക്, പമ്പുകളുടെ ഗുണനിലവാരക്കുറവ്, പൈപ്പുകൾ പൊട്ടി ഒഴുകുക, കൃത്യമായി നന്നാക്കാതിരിക്കുക, എന്നിവ ഫലപ്രദമായി തടയുന്നതിന് നിയന്ത്രണം പഞ്ചായത്തിന്റെ അധീനതയിൽ ആക്കേണ്ടതാണ്.

### തകിടി പദ്ധതി.

രണ്ടു കിണറുകൾ നിലവിലുണ്ടെങ്കിലും ഒരു കിണറ്റിൽനിന്ന് മാത്രമേ വെള്ളം പമ്പുചെയ്യുന്നുള്ളു. ഒരു പമ്പ് ഹൗസിൽ മോട്ടർ നിലവിൽ ഇല്ല. രണ്ടും പ്രവർത്തിപ്പിച്ചാൽ ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കാം. പഴകിയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കണം.

### മോസ്ക്കോ പദ്ധതി

പമ്പിംഗ് ലൈൻ നേരിട്ട് ടാങ്കിലേക്ക് കൊടുക്കണം. നെടുംപൊയ്ക ഭാഗത്ത് ഒരു കുളം കുത്തി ടാങ്കിലേക്ക് തന്നെ പമ്പ് ചെയ്യണം.

> എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ലാതാനും.
>
> മഹാത്മജി

## പൊതുജനാരോഗ്യം

### പട്ടിക 1 സ്ഥാപനവിവരങ്ങൾ

അവലംബം – പഞ്ചായത്തുരേഖ

| നമ്പ. | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥന്മാരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1. | പ്രഥമിക ആരോഗ്യകേന്ദ്രം മീനടം | അലോപ്പതി | സ്വന്തം | 21 | 1988 | ആശുപത്രിയായി ഉയർത്തുക ആധുനിക സൗകര്യം ഉണ്ടാക്കുക |
| 2. | ഗവ. ആയുർവ്വേദ ആശുപത്രി | ആയുർവ്വേദം | സ്വന്തം | 14 | 1961 | കോംബൗണ്ട് വാൾ കിടക്ക സൗകര്യത്തോടു കൂടി കെട്ടിട നിർമ്മാണം |

### പട്ടിക 2

### മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ

(ആയുർവ്വേദ ആശുപത്രിയിൽനിന്ന് ലഭിച്ചത്)

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർവ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc.) | മറ്റുള്ള രോഗങ്ങൾ | |
| 93–94 | 166 | 48000 | 20% | 50% | 10% | 5% | 15% | |
| 94=95 | 153 | 50000 | 18% | 52% | 10% | 5% | 15% | |
| 95–96 | 172 | 52000 | 18% | 52% | 8% | 5% | 17% | |

### പട്ടിക 3

### ശുദ്ധജലസ്രോതസുകൾ

അവലംബം –പഞ്ചായത്തു സർവ്വേ

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ | കുളങ്ങൾ |
|---|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | | |
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | | | |
| 5 | 4 | 1050 | 1100 | 7 | 2166 | 1 |



മീനടം, ഗവൺമെൻറ് ആയുർവേദ ആശുപത്രി



# വി. റിപ്പോർട്ട്

## 5(5)വ്യവസായം

വ്യവസായമേഖലയിൽ മീനടം ഗ്രാമ പഞ്ചായത്ത് വളരെ പിന്നിലാണ്. വ്യവസായം അല്ലെങ്കിൽ വ്യവസായശാല എന്ന നാമം അർഹിക്കുന്ന ഒരു സ്ഥാപനവും ഈ ഗ്രാമത്തിലില്ല എന്നുള്ളതാണ് സത്യം. പരമ്പരാഗത കുടിൽ വ്യവസായം എന്നു പറയാനും യാതൊന്നും ഇല്ല എന്നു പറയാം. ഗാർഹികാവശ്യത്തിന് അത്യാവശ്യം വേണ്ട കുട്ട, മുറം, പായ മുതലായവ പണ്ടുകാലത്ത് ഉണ്ടാക്കി വിറ്റിരുന്നു എന്നു മാത്രം. കാർഷിക പ്രധാനമായ ഈ പ്രദേശം വിദ്യാഭ്യാസത്തിന് വളരെ പിന്നിലായിരുന്നതിനാൽ ആളുകൾ കൃഷിയെ മാത്രം ആശ്രയിച്ചു, തന്മൂലം പുതിയ കണ്ടുപിടുത്തങ്ങളെപ്പറ്റിയോ, തൊഴിൽമേഖലകളെ ക്കുറിച്ചോ അറിവു ലഭിക്കാതിരിക്കുകയും ചെയ്തു. വ്യവസായവൽക്കരണം എന്ന ആശയം പോലും ഈ പ്രദേശത്ത് ഉണ്ടയിട്ടില്ല. അഭ്യാസ്തവിദ്യരിൽ ചുരുക്കം ചിലർ പുറം നാടുകളിൽ ജീവസന്ധാരണത്തിന് പോയിട്ടുണ്ടന്നുള്ളത് മാത്രമാണ് പുരോഗതിയായിട്ട് പറയാനുള്ളത്. ഇന്നാട്ടിലെ കൂടുതൽ ആൾക്കാരും തേങ്ങാവെട്ട്, നെല്ലുകുത്ത്, ധാന്യങ്ങൾ പൊടിക്കുക, കറിപൗഡർ നിർമ്മാണം, കാപ്പിപ്പൊടി നിർമ്മാണം തുടങ്ങിയവയ്ക്കാണ് പഞ്ചായത്ത് ലൈസൻസ് എടുത്തിരിക്കുന്നത്. വാഹനസൗകര്യവും ജലലഭ്യതയുള്ളതും, വൈദ്യുതി കിട്ടുവാൻ എളുപ്പമുള്ളതും ആൾക്കാരെ കുടി ഒഴിപ്പിക്കൽ വേണ്ടാത്തതുമായ വിശാലമായ സ്ഥലങ്ങൾ വ്യവസായവൽക്കരണത്തിന് വേണ്ടി ഉപയോഗിക്കുന്നതിന് ലഭ്യമാണ്. ഇങ്ങനെയുള്ള ഏതെങ്കിലും ഒരു 10 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി രൂപാന്തരപ്പെടുത്തിയാൽ ഇന്നാട്ടിലെ പ്രധാനഉൽപന്നമായ റബ്ബറിനെ അധിഷ്ടിതമാക്കിതന്നെ ധാരാളം ഉൽപന്നങ്ങൾ നിർമ്മിച്ച് കേരളത്തിലും അതേപോലെതന്നെ പുറംനാടുകളിലും മാർക്കറ്റു കണ്ടെത്തി വിപണനം നടത്തുവാൻ സാധിക്കും. ഈ വ്യവസായ എസ്റ്റേറ്റിനു വേണ്ട മൂലധനവും തൊഴിൽസംരഭകരെയും, തൊഴിലാളികളെയും ഇവിടെനിന്നുതന്നെ കണ്ടെത്തുന്നതിനും പ്രയാസമില്ല.

### പ്രശ്നങ്ങൾ

ഏകദേശം 11.5 ച.കി. മീറ്റർ വിസ്തീർണ്ണവും 16000 ന് മേൽ ജനസംഖ്യയും 3000ൽ പരം വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ല ഒരു വിപണി ഉണ്ടായിട്ടും അതിനെ ചൂഷണം ചെയ്യുന്നതിന് സഹകരണ മേഖലയിലോ, സന്നദ്ധസംഘടന കളുടെ ആഭിമുഖ്യത്തിലോ യാതൊരു വിധ പ്രവർത്തനവും ഉണ്ടായിട്ടില്ല. താഴെ പറയുന്ന കാരണങ്ങളലാണിത് സാധിക്കാതെ വന്നത്.

1. ഇന്നാട്ടിലെ മുഖ്യ കാർഷികോല്പന്നമായ റബ്ബർ വ്യാവസായികാവശ്യത്തിന് പ്രയോജനപ്പെടുത്തിയിട്ടില്ല.

2. വൈദ്യുതിയുടെ ദൗർലഭ്യം.

3. സാങ്കേതിക പരിജ്ഞാനം ലഭിക്കാഴികയും വ്യവസായസംരഭകൻ ആകുവാനുള്ള പ്രേരണക്കുറവും.

4. ധനസഹായം എങ്ങിനെ ലഭിക്കും എന്നുള്ളതിന്റെ അറിവില്ലായ്മ.

### സാധ്യതകൾ

1. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ സേവനം ലഭിക്കും.

2. ജലം, വാഹനം, വൈദ്യുതി ലഭ്യതയുള്ള ഭൂമികിട്ടുവാനുണ്ട്.

3. ചെറുകിട വ്യവസായത്തിനുള്ള അസംസ്കൃത വിഭവങ്ങൾ കിട്ടുന്നതിനുള്ള എളുപ്പം.

4. സഹകരണ മേഖലയിലോ ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്തോ വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി മൂലധനം സ്വരൂപിക്കുന്നതിനുള്ള സാധ്യത.

5. കാപ്പിപ്പൊടി, അച്ചാർ, മധുര പലഹാരം, ചിപ്സ്, തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ഒന്നോ രണ്ടോ പേർകൂടി ചേർന്ന് നിർമ്മാണവും വിപണനവും നടത്തുന്നതിനുള്ള സാധ്യത.

**നിർദ്ദേശങ്ങൾ**

1. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുക.

3. ഇലക്ട്രോണിക് സാധനങ്ങളുടെ ഉല്പാദനത്തിന് സാധ്യത ആരായുക.

4. ചെറുകിട വ്യവസായ മേഖല അഭിവൃദ്ധിപ്പെടുത്തുക.

5. കാലിത്തീറ്റ ഫാക്ടറി സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

6 വനിതകൾക്ക് റെഡിമെയ്ഡ് യൂണിറ്റുകൾ സ്ഥാപിക്കുക.

7. കരിങ്കൽ ക്വാറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

8. റബ്ബർത്തടി സംസ്കരണശാല ആരംഭിക്കുക.

9. ക്രീപ്പ്മില്ലുകൾ, ക്രംമ്പ് ക്രഷറുകൾ എന്നിവ സ്ഥാപിക്കുക.

10. ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ചെറുപ്പക്കാർക്ക് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നല്കുക.

11. സ്കൂൾ ബാഗ്, നോട്ട് ബുക്ക്, മെഴുകുതിരി, തീപ്പെട്ടി മുതലായവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

12. നൂതന സാങ്കേതിക വിദ്യ സംബന്ധിച്ച പരിശീലനം ലഭ്യമാക്കുക.

13. ട്രൈസം പരിപാടി നടപ്പിലാക്കുക.

14. ഇൻഡസ്ട്രിയൽസ് ട്രെയിനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം കൊടുക്കുക.

**പട്ടിക 1**

**സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ**

അവലംബം - പഞ്ചായത്തു രേഖ

| ചെറുകിടവ്യവസായം | വൻകിടവ്യവസായം | വ്യാപാരിക്കച്ചവടം | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 59 | ഇല്ല | 51 | 2 | 112 |

# വി. റിപ്പോർട്ട്

## 5(6). ഗതാഗതം ഊർജ്ജം

### മാർക്കറ്റ്

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന്റെ ആണിക്കല്ല് ഗതാഗതസൗകര്യം ആണ്. മീനടം പ്രദേശം കോട്ടയം–പാമ്പാടി റോഡിന്റെയും കോട്ടയം–കറുകച്ചാൽ റോഡിന്റെയും ഇടയ്ക്ക് പുതുപ്പള്ളിയുടെ കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു. പ്രധാന റോഡുകൾ ഈ പ്രദേശത്തുകൂടി കടന്നുപോകുന്നില്ലാത്തതിനാൽ ദീർഘദൂരയാത്രക്കാർ ആരും തന്നെ ഇന്നാട്ടിൽ എത്തുന്നില്ല. ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പ്രധാനറോഡുകൾ കോട്ടയം – വെട്ടത്തുകവല – പാമ്പാടി റോഡും, തോട്ടയ്ക്കാട് – പാമ്പാടി കാളച്ചന്ത റോഡും ആണ്. ഇവ രണ്ടും P.W.D റോഡുകൾ ആണ്. മീനടം പ്രദേശത്തെ എട്ടു വാർഡുകളിലായി പ്രധാന സ്ഥലങ്ങളെ പരസ്പരം ബന്ധിക്കുന്ന പഞ്ചായത്ത് റോഡുകൾ 70 എണ്ണം ഉണ്ട്. (പട്ടിക 1 കാണുക) ഇവയിൽ മിക്കതും മൺറോഡുകളും ഓടസൗകര്യങ്ങൾ കുറവായതിനാൽ വർഷകാലങ്ങളിൽ കുത്തി ഒലിച്ച് സഞ്ചാരയോഗ്യം ഇല്ലാത്തതാകുന്നതുമാണ്. ഗ്രാമീണ രോഡുകൾ എല്ലാം തന്നെ സ്ഥലലഭ്യത അനുസരിച്ചും ജനവാസത്തിന്റെ അടിസ്ഥാനത്തിലും എട്ടും ആറും മീറ്റർ വീതിയിൽ വെട്ടി ഓടയും, കലുങ്കുകളും, ചപ്പാത്തുകളും നിർമ്മിച്ച് സഞ്ചാരയോഗ്യം ആക്കേണ്ടതും ആണ്. കാലാവധി നിശ്ചയിച്ച് മേൽപറഞ്ഞ റോഡുകൾ എല്ലാംതന്നെ ടാർ റോഡുകൾ ആക്കി മാറ്റേണ്ടതും ആണ്. ഈ പ്രദേശത്തുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്ന തിനു പ്രധാനകാരണം വിദ്യാലയങ്ങളെ ബന്ധി പ്പിച്ച് ബസ് സർവ്വീസുകൾ ഇല്ലാത്തതാണ്. ഇന്നാ ട്ടിലെ കൂടുതൽ വിദ്യാർത്ഥികളും കോട്ടയം, പാമ്പാടി പ്രദേശങ്ങളിലെ എയ്ഡഡ് സ്ക്കൂളു കളിൽ ബസ്സിൽ യാത്രചെയ്താണ് വിദ്യാഭ്യാസം നടത്തുന്നത്. അതിനാൽ ഗ്രാമീണ റോഡുകൾ വഴി ബസ് സർവ്വീസ് ആരംഭിക്കേണ്ടത് സ്ക്കൂളുകളുടെ നിലനിൽപ്പിനു തന്നെ അത്യാവശ്യമാണ്.

### പ്രശ്നങ്ങൾ

1. ഗ്രാമീണ റോഡുകൾ ഓരോ മഴക്കാലം കഴിയുംതോറും കുത്തി ഒലിച്ച് സഞ്ചാര യോഗ്യമല്ലാതെ ആയിത്തീരുന്നു.

2. കുന്നിൻ പ്രദേശങ്ങളിൽ നിന്നും ഒഴുകി വരുന്ന വെള്ളം ഗ്രാമീണ റോഡുകളെ മുറിച്ച് കടക്കുമ്പോൾ റോഡുകൾ മുറിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു.

### നിർദ്ദേശങ്ങൾ

1. എല്ലാ റോഡുകളുടെയും വീതി കൂട്ടുന്നതിന് സ്ഥലം ഉടമകളിൽ നിന്നും സറണ്ടർ ഫോറം വാങ്ങുക.

2. റോഡുകളുടെ കയറ്റ–ഇറക്കങ്ങൾ പരമാവധി കുറയ്ക്കുക.

3. റോഡുകൾക്ക് താഴ്ചയുള്ള ഓടകൾ നിർമ്മിക്കുക.

4. റോഡുകൾ മുറിഞ്ഞുപോകുന്ന ഭാഗങ്ങളിൽ ചപ്പാത്തുകളോ കലുങ്കുകളോ നിർമ്മിക്കുക. അതോടൊപ്പം ഓടകളെ കലുങ്കുമായി ബന്ധിപ്പിക്കുക.

5. വീതികൂട്ടുന്നതിന് ജനപങ്കാളിത്തം ഉറപ്പാക്കുക.

6. കലുങ്കുകൾ കെട്ടാൻ ബുദ്ധിമുട്ടുള്ള പ്രദേശത്ത് കോൺക്രീറ്റ് പൈപ്പുകൾ സ്ഥാപിക്കുക.

7. പുത്തൻ പുരപ്പടി പരിയാരം റോഡ്

(a) 800 മീറ്റർ നീളം, 8 മീറ്റർ വീതിയിൽ ടാർ ചെയ്യണം.

(b) N.S.S. കരയോഗമന്ദിരം തിടുപ്പിൻപടി റോഡ്. 1200 മീറ്റർ നീളം, 6 മീറ്റർ വീതിക്ക് ടാർ ചെയ്യണം.

(c) മുളയ്ക്കൽ പടികുന്നത്തു മലറോഡ്. 1 കി.മീ. നീളം, 6 മീറ്റർ വീതിയിൽ മെറ്റൽ ചെയ്ത്

ടാർ ചെയ്യണം.

(d) വട്ടക്കാവ് മാത്തുപടി പല്ലാട്ടുപ്പടി വലിയ പറമ്പ് :- 1800 മീ. നീളം 8 മീറ്റർ വീതി റീ ടാർ ചെയ്യണം.

(e) ആയുർവേദ ആശുപത്രിപ്പടി പുളിഞ്ചുവട് റോഡ്.

(f) നെടും പൊയ്ക പുതുവയൽ മോക്സ്ക്കോ

(g) ശിവദർശനക്ഷേത്രം ഊട്ടിക്കുളം, കൈതമറ്റം– ദയറ

(h) തട്ടാൻ കടവ് – മഞ്ഞാടി

(i) P. H. സെന്റർ – മുണ്ടിയാക്കൽ റോഡ്

(j) ആശുപത്രിപ്പടി – കല്ലുപറമ്പ് റോഡ്. ഈ റോഡുകൾ പരമാവധി വീതികൂട്ടി മെറ്റൽ ടാർ ചെയ്യണം.

(k) നാരകത്തോട് – ചീരം കുളം അടുമ്പംകാട്–മല്ലകാട്ടുപടി റോഡ് 6 മീറ്റർ വീതിയിൽ ടാർ ചെയ്യണം.

(i) നാരകത്തോട്, കാവാലച്ചിറ പുത്തൻപുരപ്പടി റോഡ് 8 മീറ്റർ വീതിയിൽ ടാർ ചെയ്യണം.

താഴെപറയുന്ന റോഡുകൾ വീതികൂട്ടി മെറ്റൽചെയ്ത് ടാർ ഇടുന്നതിന് നടപടി സ്വീകരിക്കണം.

1. മണിമലപ്പറമ്പ് – ചുണ്ടമണ്ണിപ്പടി റോഡ്
2. പൂതക്കുഴി – പാണുപ്പടി റോഡ്
3. വയലാറ്റുപടി – ഇട്ട്യേപാടം റോഡ്
4. കൊല്ലംപറമ്പിൽ – ഇട്ട്യേപാടം റോഡ്
5. മഞ്ഞാടി – കാരിക്കോട്ടുപടി റോഡ്
6. പാമ്പാടികണ്ടം – ഐ. റ്റി. സി. റോഡ്
7. തേക്കട – മഞ്ഞാടി റോഡ്
8. കക്കാട്ട് – ആലയംപടി റോഡ്
9. മാക്കത്തടം – ബി. എം. എം. റോഡ്
10. പാണുകുന്ന് – ചെറുമല റോഡ്
11. പള്ളിപ്പടി – തുണ്ടിപ്പടി റോഡ്
12. ചക്കാലപ്പടി – തുണ്ടിപ്പടി റോഡ്
13. പ്രായിക്കാട് – ചുമയങ്കര റോഡ്
14. മൂന്നാം മൈൽ – ചാരോത്തുപടി റോഡ്
15. ചീരംകുളം കോളനി – കണിയാംപറമ്പ് പടി റോഡ്
16. കുന്നത്തുപടി – ചീരംകുളം സ്കൂൾ റോഡ്
17. ചെറുമല – കുതിരക്കല്ലേൽ റോഡ്
18. വള്ളിമല – കോളപ്ലാക്കൽ റോഡ്

മീനടം പഞ്ചായത്ത് പ്രദേശത്തെ ഉൾപ്പെടുത്തി ഒരു PWD Asst.Engg. ആഫീസ് ആരംഭിക്കുക.

റോഡുകളുടെ വീതി കൂട്ടുമ്പോൾ നിലവിലുള്ള ഇല.പോസ്റ്റുകൾ മാറ്റാതിരിക്കുന്നതുമൂലം ടാർറോഡുകളുടെ നടുവിൽ പോസ്റ്റുകൾ നിൽക്കുന്ന സ്ഥിതി ഒഴിവാക്കുക.

മെയിൻറോഡുകളിൽ പ്രധാന കവലകളിൽ ഓടകൾ നിർമ്മിച്ച് സ്ലാബ് ഇടുക.

കല്ലുപറമ്പ്–ആശുപത്രിപടി റോഡിൽ പടിഞ്ഞാറേവീട്ടിൽകടവിൽ പുതിയ പാലം പണിയണം.

അമ്പലപ്പടി–ഏടാട്ടുപടി റോഡിൽ അമ്പലക്കടവുപാലം പണിയണം.

തട്ടാംകടവ് – 8–ാം മൈൽ P. W. D. റോഡ് റീ–ടാർ ചെയ്യണം

## ഊർജ്ജം

1965ൽ വെട്ടത്തു കവല ഇലക്കൊടിഞ്ഞി റോഡിന്റെ വശങ്ങളിൽ, ഞണ്ടുകുളം മുതൽ മൂന്നാം മൈൽ വരെയുള്ള പ്രദേശത്ത് ഏതാനും വീടുകൾക്ക് വൈദ്യുതി വിളക്കുകൾ ലഭ്യമാക്കിക്കൊണ്ടാണ് ഈ പ്രദേശത്ത് വൈദ്യുതി കടന്നു വന്നത്. പുത്തൻപുരപ്പടിക്കടുത്തുള്ള 11കെ.വി. ലൈനിൽ ഒരു ചെറിയ ട്രാൻസ്ഫോർമർ ഘടിപ്പിച്ചാണ് ഇതിന് തുടക്കം കുറിച്ചത്. അന്ന് തോട്ടയ്ക്കാട് ഓവർസീയറുടെ കീഴിലായിരുന്നു ഈ ഭാഗത്തെ വൈദ്യുതി വിതരണം. ഇന്ന് വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം ആയിരത്തിനു മുകളിൽ ആയിട്ടുണ്ടെങ്കിലും പുതുപ്പള്ളി

അസി. എക്സിക്യൂട്ടിവ് എൻജിനീയറുടെയും, പാമ്പാടി അസി. എക്സിക്യൂട്ടിവ് എൻജിനീയറുടേയും അധികാരപരിധിയിൽ രണ്ടു വിഭാഗമായിട്ടാണ് പ്രവർത്തിക്കുന്നത്. പുതുപ്പള്ളിയുടെ കീഴിൽ ഒരു ഓവർസിയർ ഓഫീസു മാത്രമാണ് ഈ പ്രദേശത്തെ ഏക വൈദ്യുതി ആഫീസ്.

പല അധികാരികളുടെ കീഴിൽ പ്രത്യേകിച്ചും പല ഓവർസീയർമാരുടെ കീഴിൽ ആയതിനാൽ റബ്ബർ തോട്ടങ്ങൾ മുഖ്യമായുള്ള ഈ പ്രദേശത്ത് വർഷക്കാലങ്ങളിൽ ലൈനിൽ കേടു സംഭവിക്കുന്നതും വൈദ്യുതി ലഭ്യമല്ലാതാകുന്നതും സാധാരണ സംഭവമായി മാറിയിരിക്കയാണ്. ആധുനിക സൗകര്യങ്ങൾ വർദ്ധിച്ച തോടുകൂടി വെളിച്ചത്തിനു മാത്രം ഉപയോഗി ച്ചിരുന്ന വൈദ്യുതി ഇന്ന് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുക, ഇസ്തിരിയിടുക, തുണി യലക്കുക, ആഹാരം പാകംചെയ്യുക, ഫ്രിഡ്ജുകൾ പ്രവർത്തിപ്പിക്കുക, ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളുടെ പ്രവർത്തനം മുതലായ എല്ലാകാര്യങ്ങൾക്കും വൈദ്യുതി ഒഴിച്ചുകൂടാനാവാത്ത സ്ഥിതിയിലെത്തി. വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമവും പ്രസരണത്തിലുള്ള വ്യതിയാനവും വിലപിടിപ്പുള്ള വൈദ്യുതി ഉപകരണങ്ങളുടെ ആയുസ്സ് കുറയ്ക്കുന്നു. ഈ പരിതസ്ഥിതിയിൽ വൈദ്യുതി രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനുവേണ്ടി ഈ പ്രദേശത്ത് ഒരു അസി. എൻജീയറുടെ ആഫീസ് സ്ഥാപിക്കുകയും, മീനടം പഞ്ചായത്തിന്റെ വൈദ്യുതിയുടെ മുഴുവൻ അധികാര പരിധിയും അദ്ദേഹത്തിന്റെ കീഴിൽ നിക്ഷിപ്തമാക്കുകയും ചെയ്യേണ്ടതാണ്. അത്യാവശ്യം വേണ്ടതായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും എല്ലാസ്ഥലങ്ങളിൽക്കൂടിയും ത്രീ ഫേസ് ലൈൻ വലിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

### പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളും മുഴുവനായും വൈദ്യുതീകരിച്ചിട്ടില്ല.

2. വൈദ്യുതി ബോർഡിന്റെ പല ആഫീസുകളുടെ പ്രവർത്തനപരിധിയിൽ ഈ പ്രദേശം വരുന്നതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന വിഷമങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് കാലതാമസം നേരിടുന്നു.

3. പ്രേഷണ-വിതരണ രംഗങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ശ്രദ്ധക്കുറവുണ്ട്.

(1) കേടുവന്ന വൈദ്യുത കാലുകൾ കാലാകാലങ്ങളിൽ മാറ്റിസ്ഥാപിക്കാതിരിക്കുക.

(2) വൈദ്യുതലൈനുകളിൽ മുട്ടിക്കിട ക്കുന്ന മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റുക മുതലായവ.

(4) ഹരിജൻ കോളനികളിൽ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടില്ല.

(5) ഗ്രാമീണ റോഡുകളിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മിക്കവാറും കൃത്യമായി പ്രകാശിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1. മീനടം പ്രദേശം മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അസി. എൻജീനിയറുടെ ആഫീസ് സ്ഥാപിക്കുക.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

3. നിലവിലുള്ള ത്രീ ഫേസ് ലൈനുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

4. എല്ലാ ഗ്രാമീണറോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും അത് കൃത്യമായി പ്രകാശിപ്പിക്കുകയും ചെയ്യുക.

5. പ്രധാന ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

6. പഞ്ചായത്ത് ഉപയോഗിക്കുന്ന കറന്റിന് പ്രത്യേകം മീറ്റർ സ്ഥാപിക്കുക.

7. ഗോബർ ഗ്യാസ പ്ലാന്റ് കാലിവളർത്തലുള്ള എല്ലാവീടുകളിലും നിർമ്മിക്കുക.

8. പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും നിർമ്മിക്കുക.

9. സൗരോർജ്ജവിളക്കുകൾ എല്ലാ

വീടുകളിലും അനേർട്ടിന്റെ സഹായത്തോടുകൂടി ലഭ്യമാക്കുക.

10. ഒരു എൽ. പി. ജി. ഗ്യാസ് ഏജൻസി മീനടം പഞ്ചായത്തിൽ ആരംഭിക്കുക.

11. പൊതു അടുക്കള (കമ്മ്യൂണിറ്റികിച്ചൻ) സ്ഥാപിക്കുക.

12. പെട്രോൾ പമ്പ് പഞ്ചായത്തിൽ അനുവദിക്കുക.

## മാർക്കറ്റ്

പച്ചക്കറി ഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള ഈ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന മാർക്കറ്റിൽ മത്സ്യവും മാംസവും വിൽക്കുവാൻ ആവശ്യമായ ലൈസൻസ് ഇതുവരെയും ലഭിച്ചിട്ടില്ല. ഒരു സമ്പൂർണ്ണ മാർക്കറ്റ് മീനടത്ത് ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള സാഹചര്യത്തിൽ ഇത് അസാദ്ധ്യമായതിനാൽ പഞ്ചായത്തിന്റെ സൗകര്യങ്ങൾ കരുതി കമ്മ്യൂണിറ്റി ഹാൾ, ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് മുതലായവ നിർമ്മിക്കുവാൻ ഈ സ്ഥലം പ്രയോജനപ്പെടുത്തണമെന്നുള്ളതുകൊണ്ട് മാർക്കറ്റ് സൗകര്യമായ സ്ഥലത്തേക്ക് മാറ്റേണ്ടതാണ്.



എനിക്കുശേഷം എല്ലാ അർത്ഥത്തിലും എന്നെ അനുകരിക്കുന്ന ഒരാൾപോലും ഉണ്ടായില്ലെന്നുവരാം. പക്ഷെ എന്റെ ഒരംശമെങ്കിലുമുള്ള ആയിരങ്ങൾ എല്ലാക്കാലത്തുമുണ്ടായിരിക്കും.

ഗാന്ധിജി

പട്ടിക 1

## മീനടം പഞ്ചായത്തിലെ റോഡുകൾ

| വാർഡ് | ന. | റോഡുകൾ | ഉടമസ്ഥത | നീളം | വീതി | ടാർ/ മെറ്റൽ/ മൺ റോഡ് | ഗതാഗത സൗകര്യം |
|---|---|---|---|---|---|---|---|
| I | 1 | ഞണ്ടുകുളം-പരിയാരം റോഡ് | പഞ്ചായത്ത് | 500മീ. | 5മി | മൺ | വാഹന സൗകര്യം ഉണ്ട് |
| | 2 | പുത്തനൻ പുരപടി-പരിയാരം | ” | 800മീ. | 5മി | ” | |
| | 3 | പൊട്ടമല-പരിയാരം റോഡ് | ” | 1കീ | 5മി | ” | ” |
| | 4 | മറ്റപ്പള്ളിപടി-പരിയാരം | ” | 1.5കീ | 6മി | ” | ” |
| | 5 | മീനടം ബാങ്കുപടി-തോട്ടയ്ക്കാട് | ” | ” | 6മി | ടാർ | |
| | 6 | കരയോഗമന്ദിരം-തിടുപ്പിൽപടി | ” | 1.240കീ | 6മി | മൺ | |
| | 7 | കണ്ണോത്രമാളിക-തോട്ടയ്ക്കാട് | P.W.D. | 1കീ | 8മി | ടാർ | |
| | 8 | കുടിലിൽപ്പടി-കിഴക്കേടത്തു | പഞ്ചാ | 600മീ | 5മി | മൺ | |
| II | 9 | TMUUPസ്ക്കൂൾ-കങ്ങഴക്കുന്ന് | ” | 500മീ | 4.75മി | ” | |
| | 10 | കയ്യാലയിൽപടി-പമ്പുക്കവല | ” | 1.200കീ | 6മി | ” | |
| | 11 | പമ്പുപ്പടി-ഇട്ടിയപ്പാടം | ” | 1.200കീ | 6മി | ” | |
| | 12 | കുറിയന്നൂർപ്പടി-മറ്റപ്പള്ളിപ്പടി | ” | 500മീ | 5മി | ” | |
| | 13 | മുളയ്ക്കൽപ്പടി-കുന്നത്തുമല് | ” | 1കി | 6മി | ” | |
| | 14 | കുരിക്കകുന്നു-തോട്ടയ്ക്കാട് | ” | 1.600കി | 6മി | ടാർ | |
| | 15 | 3-ാം മൈൽ-വലിയപറമ്പ് | ” | 1കി | 6മി | മൺ | |
| | 16 | TMUUPസ്ക്കൂൾ-കുന്നത്തുമല | ” | 1.400കി | 4.5മി | ” | |
| | 17 | മുളയ്ക്കൽപ്പടി-കാക്കനാട്ടുപടി | ” | 740മി | 4മി | ” | |
| III | 18 | നെടുംപൊയ്ക-തോട്ടുങ്കൽ | ” | 1.300മി | 8മി | ടാർ/ | |
| | 19 | കല്ലുരാത്തുപടി-മംഗലത്തുപടി | ” | 800മി | 4മി | മെറ്റൽ | |
| | 20 | കൊച്ചുവീട്ടിൽപടി-പൊത്തംമ്പുറം | ” | 400മി | 4മി | മൺ | |
| | 21 | പറക്കാവ്-സെന്റ് ജോർജ് ജംഗ്ഷൻ | ” | 1.300കി | 6മി | ” | |
| | 22 | നെടുംപൊയ്ക-പുതുവയൽ മോസ്ക്കോ | ” | 1.100കി | 7മി | ” | |
| | 23 | കിളിരൂപ്പറമ്പ്-പൊത്തംമ്പുറം | ” | 600മി | 6മി | മെറ്റൽ | |
| | 24 | വട്ടക്കാവ്-കല്ലൂർപടി | ” | 1കി | 6മി | ” | |
| | 25 | പൊത്തൻപുറംദയറ-വട്ടക്കാവ് റോഡ് | ” | 1.2കി | 6മി | ” | |
| | 26 | പൊത്തംമ്പുറം-പല്ലാട്ടുപടി | ” | 1 കി | 5മി | ടാർ | |
| | 27 | വട്ടക്കാവ്-കല്ലൂർപടി റോഡ് | ” | 1.2കി | 5മി | ” | |
| | 28 | ആയുർവ്വേദ ആശുപത്രി-കല്ലൂർപടി | ” | 400മി | 4മി | മൺ | |

| | | | | | |
|---|---|---|---|---|---|
| | 29 | വട്ടക്കാവ്-കുറിയന്നൂർ | 1.1കി | 4മി | ,, |
| | 30 | മുണ്ടപ്ലാവ്-മാത്തപ്പടി | 1.1കി | 4മി | ,, |
| | 31 | ശിവദർശനക്ഷേത്രം-ഊട്ടിക്കുളം | 1കി | 6മി | ,, |
| IV | 32 | തലയ്ക്കമറ്റം-മഞ്ഞാടി | 1.500മി | 6മി | ,, |
| | 33 | ഒൻപതാംമൈൽ-ചാപ്പമറ്റം | 100മി | 5.3മി | ,, |
| | 34 | തലയ്ക്കമറ്റം-മാവേലിമറ്റം | 400മി | 6മി | ,, |
| | 35 | ആറ്റുപുറം-ചുമയങ്കര | 500മി | 3മി | ,, |
| | 36 | പോത്തമ്പുറംദയറാ-കൈതമറ്റം | 310മി | 6മി | ,, |
| | 37 | പറുതലമറ്റം-കുമ്പമ്പടം | 350മി | 3.5മി | ,, |
| | 38 | മാനപ്പുഴ-കുമ്പമ്പടം | 570മി | 3.5മി | ടാർ |
| | 39 | വള്ളിമല-പാറമ്പുഴ | 1കി | 4മി | ,, |
| V | 40 | കിളിരുപ്പറമ്പ്-തുണ്ടിയിൽപടി | 2കി | 6മി | മൺ |
| | 41 | തട്ടാൻകടവ്-വളർക്കടുപ്പ് | 1.100കി | 4മി | ,, |
| | 42 | വളർക്കടുപ്പ്-മഞ്ഞാടി | 1.600കി | 4മി | ടാർ |
| | 43 | കരുനാട്ടുപടി-വളർക്കടുപ്പ് | 600കി | 4മി | മൺ |
| | 44 | ചെറുമലപ്പടി-പാണക്കുന്ന് | 600മി | 4മി | ,, |
| | 45 | മംഗലത്തുപടി-ആറാണിറോഡ് | 700മി | 4മി | ,, |
| | 46 | പന്നിക്കോട്പടി-ആറാണി | 1കി | 4മി | ,, |
| | 47 | ഇലവുന്താനം-മുണ്ടിയാക്കൽ | 1.8കി | 4.8മി | ,, |
| | 48 | കുറിയന്നൂർ-മഞ്ഞാടി | 2.200കി | 6മി | ,, |
| VI | 49 | വട്ടക്കാവ്-മാത്തുപ്പടി | 800കി | 4മി | ,, |
| | 50 | കടുപ്പിൽപടി-വെള്ളറപ്പടി | 1കി | 6മി | ,, |
| | 51 | വടശ്ശേരിപ്പടി-മാത്തുപ്പടി | 1കി | 5മി | ,, |
| VII | 52 | താവുവടക്കേൽ-പയ്യപ്പാടി | 1കി | 6മി | ,, |
| | 53 | മാപ്പിളക്കുന്ന്-പുത്തൻപുരപ്പടി | 1.4കി | 8മി | ,, |
| | 54 | ആശുപത്രിപ്പടി-കല്ലുപറമ്പ് റോഡ് | 1.4കി | 6മി | ,, |
| | 55 | ഭഗവാൻപടി-തകിടി | 800മി | 6മി | ,, |
| | 56 | വെള്ളുപ്പറമ്പ്പടി-പടിഞ്ഞാറേവീട്ടിൻപടി | 800മി | 6മി | ,, |
| | 57 | തകിടി-മാപ്പിളക്കുന്ന് | 600മി | 4മി | ,, |
| | 58 | ഭഗവാൻപടി-കളരിയ്ക്കൽകുന്ന് | 500മി | 3.5മി | ,, |
| | 59 | കുന്നുവെട്ടിക്കൽമറ്റം-വള്ളിമല | 330മി | 4മി | ,, |
| | 60 | കൊന്നക്കൽപടി-തകിടി | 300മി | 3.5മി | ,, |
| | 61 | മഠത്തിൽകവല റോഡ്-കാവാലച്ചിറ | 300മി | 3.5മി | ,, |
| VIII | 62 | ആലയ്ക്കാപ്പറമ്പ്-മല്ലകാട്ടുപടി | 3.6കി | 6മി | ,, |

| | | | |
|---|---|---|---|
| 63 | കാവാലിച്ചിറ-ഇലഞ്ഞിമറ്റം | 400മി | 4മി |
| 64 | നാരകത്തോട്-ചീരംകുളം | 600മി | 4മി |
| 65 | നാരകത്തോട്-പയ്യാപ്പാടി | 1400മി | 6മി |
| 66 | നാരകത്തോട്-കാവാലംച്ചിറ | 1കി | 18അടി |
| 67 | കാവാലച്ചിറ-പുത്തൻപുരപ്പടി | 1കി | " |
| 68 | കൈയ്യാലപ്പറമ്പ്-ചീരംകുളം | 1.300കി | " |
| 69 | ആലക്കാവ്പറമ്പ്-പയ്യ്പ്പാടി | 1കി | " |
| 70 | പുത്തൻപുരപ്പടി-നാരകത്തോട് | 1.450കി | " |
| 71 | അടുമ്പുംകാട്-പുതുവൻറോഡ് | 700മി | " |



# 5(7)പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം



നമ്മുടെ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന നല്ല വിഭാഗം ജനങ്ങൾ താമസിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ നിർമ്മിക്കുക എന്നുള്ളത് ഇവരെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നമായി നിലനിൽക്കുന്നു. രണ്ടും, മൂന്നും സെന്റ് ഭൂമികളിൽ വീടുവച്ചു താമസിക്കുന്നവരാണ് അധികവും സ്വന്തമായി ഭൂമി ഇല്ലാത്തവരും, വാടകവീട്ടിൽ താമസിക്കുന്നവരുമായി 30 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 8 കുടുംബങ്ങൾ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ടവരാണ്. ഇവർക്ക് സ്വന്തമായി ഒരുവീടും, കുടിലുകളിൽ താമസിക്കുന്ന 324 കുടുംബങ്ങൾക്ക് സാമാന്യം അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പാർപ്പിടങ്ങളും ഉണ്ടാക്കേണ്ടത് പഞ്ചായത്തിന്റെ കടമയായി തീരുന്നു. അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ 2559 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. വീടുകളെ സംബന്ധിച്ച വിവരണപട്ടികയിൽനിന്നും, തരംതിരിവുകൾ മനസ്സിലാക്കാം.

കെട്ടിട നിർമ്മാണം ഇന്നത്തെക്കാലത്ത് വളരെ ചെലവേറിയ ഒരു സംരഭമാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അനുദിനവർദ്ധനവ്, നിർമ്മാണ തൊഴിലാളികളുടെ ലഭ്യതകുറവ്, ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ ഈ രംഗത്ത് അനുഭവപ്പെടുന്നു.

ചെലവു കുറഞ്ഞ, സൗകര്യപ്രദമായ വീടുകൾ നാട്ടിൽ ലഭിക്കാവുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പരിശീലനപദ്ധതി പഞ്ചായത്തു തലത്തിൽ സംവിധാനം ചെയ്യണം.

എന്റെ ജീവിതമാണ്
എന്റെ സന്ദേശം
ഗാന്ധിജി

പട്ടിക 1

വീടുകളെ സംബന്ധിച്ചവ

| No. | വീടുകളുടെ തരംതിരിവ് | എണ്ണം |
|---|---|---|
| 1 | കോൺക്രീറ്റ് കെട്ടിടങ്ങൾ | 238 |
| 2 | ഷീറ്റ് മെഞ്ഞവ | 22 |
| 3 | ഓട് മേഞ്ഞവ | 2299 |
| 4 | ഓലക്കുടിൽ | 324 |
| 5 | നികുതിയില്ലാത്തവ | 128 |
| | ആകെ | 3011 |

അവലംബം: പഞ്ചായത്ത് രേഖ

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ വഴി ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഈ പഞ്ചായത്തിലെ ജനങ്ങളെ ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളും, വനിത വികസന കോർപ്പറേഷനും, പട്ടികജാതി വികസന കോർപ്പറേഷനും, ക്ഷേമനിധി ബോർഡുകളും, സന്നദ്ധസംഘടനകളും എല്ലാം ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ പ്രയോഗത്തിൽ വരുത്തേണ്ടതാണ്. അവശ ജനങ്ങൾക്കു ഗവണ്മെന്റു നൽകുന്ന ധനസഹായങ്ങളിൽ ഉണ്ടാകുന്ന കാല താമസങ്ങൾ ഒഴിവാക്കണം. പെൻഷൻ ലഭിക്കുന്നവരുടെ വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു. പഞ്ചായത്തിൽ അർഹരായുള്ള മുഴുവൻ പേർക്കും ഇപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

വനിതകളെ സ്വയം തൊഴിൽ സംരഭങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും, വിവിധ തൊഴിലുകളിൽ പരിശീലനം കൊടുക്കുന്നതിനും ഒരു വാർഡിൽ ഒരു മഹിളാസമാജം വീതം ശരിയായരീതിയിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഈ പഞ്ചായത്തിന്റെ അഭിവൃദ്ധിക്ക് വളരെ സഹായകമാകും.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള വ്യക്തികളെയും, സന്നദ്ധസംഘടനകളേയും കൂടുതൽ പ്രോത്സാഹിപ്പിക്കണം. അങ്ങനെയുള്ളവരെ ഈ പഞ്ചായത്തിലേക്ക് ആകർഷിക്കണം. 3-ാം വാർഡിൽ മാങ്ങാനം മന്ദിരം ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ഒരു ഗ്രാമവികസനസമിതി 8 വർഷമായി പ്രവർത്തിക്കുന്നു. സമീപത്തുള്ള അനേകം കുടുംബങ്ങൾക്ക് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, വീടുവയ്ക്കുന്നതിനും, തൊഴിലിനും, കൃഷിക്കും സഹായം, ആരോഗ്യപരിപാലനം, കലാകായിക പ്രോത്സാഹനം തുടങ്ങി വിവിധ ക്ഷേമ പ്രവർത്തനങ്ങൾ സമിതിമൂലം നടത്തപ്പെടുന്നു.

## അംഗൻ വാടികൾ

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലായിട്ട് 13 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 381 കുട്ടികൾ പഠിക്കുന്നു. ഇവർക്ക് ആവശ്യമായ കളിക്കോപ്പുകൾ ലഭ്യമല്ല. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ പദ്ധതിമൂലം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷക ആഹാരത്തിന്റെ കുറവ് ഒരുപരിധിവരെ പരിഹരിക്കാൻ സഹായകമാകുന്നുണ്ട്. മെച്ചമായ വിതരണസംവിധാനം ഈ രംഗത്ത് ഉണ്ടാകണം.

ദുർബല ജനവിഭാഗങ്ങൾ തിങ്ങി

പ്പാർക്കുന്ന സ്ഥലങ്ങളിലും, കോളനികളിലും കുടിവെള്ളത്തിന്റെയും, വൈദ്യുതിയുടേയും പ്രശ്നം പൂർണ്ണമായിട്ടും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവരെയൊക്കെ ബാധിക്കുന്ന മറ്റൊരു സുപ്രധാന പ്രശ്നമാണ് പഞ്ചായ ത്തിൽ ഒരു പൊതുശ്മശാനം ഇല്ലാത്താത്. ഇതിലേക്ക് പഞ്ചായത്തുതലത്തിൽ അടിയന്തിര പ്രാധാന്യം നൽകി പരിഹാരം ഉണ്ടാക്കേണ്ടതാണ്. ദുർബലജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശ ങ്ങളും, സഹായങ്ങളും ചെയ്തുകൊടുക്കന്നതിന് ഒരു ഗൈഡൻസ് ബ്യൂറോയുടെ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിക്കുന്നതും നല്ലതാണ്.

## ക്ഷേമനിധികൾ

പഞ്ചായത്തിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷേമനിധികളുടെവിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇതുകൂടാതെയുള്ള മറ്റു ക്ഷേമ നിധികൾ ഒന്നും ഇവിടെ നിലവിലില്ല.

## പൊതുവിതരണം

ഈ പഞ്ചായത്തിൽ 5 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. 2480 റേഷൻ കാർഡുകൾ നിലവിലുണ്ട്. ഒരു മാവേലിസ്റ്റോറും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾ വഴി അരിയും നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യപ്പെടുന്നു. അരിയും മറ്റു സാധനങ്ങളും ന്യായവിലയ്ക്ക് ലഭിക്കുന്ന മാവേലിസ്റ്റോർ രണ്ടു വാർഡുകൾക്ക് ഒന്നു വീതം സൗകര്യമായ സ്ഥാനങ്ങളിൽ ഉണ്ടാകേണ്ടതാണ്. ഓണം, ക്രിസ്തുമസ്സ്, വിഷു, മുതലായ ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും താല്ക്കാലിക ചന്തകൾ സഹകരണസംഘങ്ങൾ വഴി നടത്തേണ്ടതാണ്. ഇതോടനുബന്ധിച്ച് മറ്റ് ആവശ്യവസ്തുക്കളും വിതരണം ചെയ്യുന്നതിന് കഴിയണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമവും, കുറ്റമറ്റതുമാക്കാൻ ജനങ്ങളെബോധവൽക്കരിക്കേണ്ടതും ഉപഭോക്തൃസംരക്ഷണ സമിതി രൂപീകരിക്കേണ്ടതുമാണ്.

## പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ: നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമാണ സഹകരണസംഘം രൂപികരിക്കുക.

2. കെട്ടിട നിർമാണസാമഗ്രികളായ സിമന്റ്, കമ്പി മുതലായവയുടെ വിതരണം സിവിൽ സപ്ലൈസ് മുഖാന്തരം നടത്തുക.

3. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

   (a) അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

   (b) സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

പട്ടിക – 2

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| No. | പെൻഷൻഇനം | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|
| 1 | കർഷകതൊഴലാളി പെൻഷൻ | 300 |
| 2 | തൊഴിലില്ലായ്മ വേതനം | 250 |
| 3 | വാർദ്ധക്യകാല പെൻഷൻ | 12 |
| 4 | വിധവാ പെൻഷൻ | 27 |
| 5 | വികലാംഗ പെൻഷൻ | 4 |
| 6 | ക്ഷയരോഗ പെൻഷൻ | 2 |

അവലംബം : വില്ലേജ് ഓഫീസ്

4. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ നിർമാണരേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

5. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

6. സ്വന്തമായി വീടില്ലാത്ത താഴ്ന്ന വരുമാനക്കാർക്ക് വീടു വയ്ക്കുന്നതിന് ധനസഹായം നൽകുക.

7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമാണവായ്പകളുടെ സംഖ്യവർദ്ധിപ്പിക്കുക.

8. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് സാമ്പത്തികഏജൻസികളിൽ നിന്നും വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

9. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട് കൂടി വീട് നിർമ്മിച്ച് നൽകുക.

10. ദുർബലവിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് നിർമാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ, വായ്പകളോ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുക.

11. ഐ.എ.വൈ, എം.ഡബ്ലിയു, എസ്.ജെ.ആർ.വൈ, ആർ.എൽ.ജി.പി, എന്നിവ 20,000 രൂപയിൽനിന്ന് 30,000 രൂപയായി ഉയർത്തുക.

12. രാജീവ് ദശലക്ഷ പാർപ്പിടപദ്ധതി 26,400 രൂപയിൽനിന്ന്, 50,000 രൂപയായി ഉയർത്തുക.

13. പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി 15,000രൂപയിൽനിന്നും 25,000 രൂപയായി ഉയർത്തുക.

14. അംഗൻവാടികളിൽ കളികോപ്പുകളും ഫർണിച്ചറുകളും ലഭ്യമാക്കുക.

15. ഗൈഡൻസ് ബ്യൂറോ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

16. ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ ചെലവ് വരുന്ന കെട്ടിടനിർമാതക്കളിൽ നിന്നും നിശ്ചിതസംഖ്യ ഈടാക്കി ഒരു ഫണ്ട് ശേഖരിച്ച് ആ തുക ദുർബലവിഭാഗത്തിന് വീട് അറ്റകുറ്റ പണിക്ക് ഉപയോഗിക്കുക.

17. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് അവ ലഭ്യമാക്കുക.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണമായ ല്ലെങ്കിലും പരമാവധി പരിഹരിക്കാൻ നമുക്ക് കൂട്ടായി യത്നിക്കാം.

## സാമൂഹ്യക്ഷേമം പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. സ്വന്തമായി സ്ഥലവും, കെട്ടിവും ഇല്ലാത്ത അംഗൻവാടികൾക്ക് ആയത് ലഭ്യമാക്കുക.

2. എല്ലാത്തരം പെൻഷനുകളും പഞ്ചായത്ത് മുഖേന വിതരണം നടത്തുക.

3. തൊഴിലില്ലായ്മവേതനം പഞ്ചായത്ത് മുഖേന അർഹരായവർക്കുമാത്രം കൊടുക്കുക.

4. നിർദ്ധനരായ ആളുകളുടെ മരണാനന്തരചെലവുകൾ പഞ്ചായത്ത് വഹിക്കുക.

5. സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ലഭ്യമാക്കുകയും, അവയ്ക്ക് വേണ്ട പ്രോത്സാഹനം പഞ്ചായത്ത് തലത്തിൽ കൊടുക്കുകയും ചെയ്യുക.

6. മഹിളാസംഘടനകൾ വാർഡു തലത്തിൽ സംഘടിപ്പിച്ച്, അവയ്ക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക.

7. വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

8. ഉപഭോക്തൃസമിതി രൂപികരിക്കുക.

9. വൃദ്ധമന്ദിരം പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

10. പൗരസമിതികൾ എല്ലാ വാർഡുകളിലും രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ അർഹമായ പ്രോത്സാഹനം കൊടുക്കുക.

11. അഗതിമന്ദിരം ആരംഭിക്കുക.

12. മാതൃശിശു സംരക്ഷണകേന്ദ്രം ആരംഭിക്കണം.






'പുതിയൊരു തുടക്കം' ജില്ലാ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ആടു വിതരണ പദ്ധതിയുടെ ചടങ്ങുകൾ

## 5(8). സംസ്കാരം

മീനടം ഗ്രാമം വെന്നിമല കേന്ദ്രമായി ഏറ്റവും സംസ്കാരസമ്പന്നമായിരുന്ന ഒരു പ്രദേശത്തിന്റെ ഭാഗമാണ്. (ഈ പുസ്തകത്തിൽ തന്നെ സാമൂഹ്യപശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചേർത്തിട്ടുണ്ട്). ക്ഷേത്രങ്ങളോടനുബന്ധിച്ച്, ഗരുഡൻ പറവ, മയിൽപ്പീലിതൂക്കം, തുള്ളൽ, തിരുവാതിരകളി, കളമെഴുത്ത്, പുള്ളുവൻപാട്ട് മുതലായവയും പള്ളികളോടനുബന്ധിച്ച് മാർഗ്ഗംകളി, പരിചമുട്ട്കളി മുതലായവയും ഓണാഘോഷത്തോടനുബന്ധിച്ച് പകിടകളി, ചതുരംഗം, കടുവാകളി മുതലായവയും, കാർഷിക മേഖലയിൽ കൊയ്ത്ത് പാട്ട്, കാളയോട്ടം, മരമടി മുതലായവയും ഇവിടെ നില നിന്നിരുന്നു. ഇപ്പോൾ ഉത്സവങ്ങൾ, പെരുനാൾ, ക്രിസ്തുമസ്സ് കാലങ്ങളിൽ മേൽപറഞ്ഞവ നടത്തുന്നുണ്ട്.

ഈ ഗ്രാമപ്രദേശത്ത് പ്രധാനമായി അഞ്ചു ലൈബ്രറികൾ പ്രവർത്തിക്കുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഗീതാക്ലാസ്സുകൾ, പള്ളികളോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ, മറ്റു സാമുദായിക സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങൾ, കലാകായിക രംഗത്തു പ്രവർത്തിക്കുന്ന ക്ലബ്ബുകൾ എന്നിവ ഈ പ്രദേശത്തെ വിദ്യാഭ്യാസ കാലാ-സാംസ്കാരിക അഭിവൃദ്ധിയ്ക്ക് ആക്കം കൂട്ടുന്നു.

കായികരംഗത്ത് നാടൻ പന്തുകളിയിൽ മീനടം ടീം സമീപപ്രദേശങ്ങളിൽ നടത്തിയ ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുകയും ട്രോഫികൾ നേടുകയും ചെയ്തിട്ടുണ്ട്. എങ്കിലും പുതിയ തലമുറയെ ആധുനിക കലാ-കായിക രംഗങ്ങളിൽ പ്രാപ്തരാകുവാൻ ചിട്ടയായ സംവിധാനവും പ്രവർത്തനവും ആവശ്യമാണ്. സാംസ്കാരിക രംഗത്തെ കുതിച്ചുചാട്ടത്തിന് നിലവിലുള്ള ലൈബ്രറികൾ ആധുനീകരിക്കുകയും ദൃശ്യശ്രവ്യമാദ്ധമങ്ങൾ എല്ലാപ്രദേശത്തും പ്രത്യേകിച്ച് കോളനികൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

### കലാ-സഹിത്യ സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന സംഘടനകൾ

### സാംസ്കാരിക നിലയം

1. മീനടം പഞ്ചായത്തിൽ പതിനൊന്നിന പരിപാടി ഉൾപ്പെടുത്തി 1988-ൽ അനുവദിച്ച സാംസ്കാരിക കേന്ദ്രത്തിനായി പഞ്ചായത്ത് വാങ്ങിയ സ്ഥലം പഞ്ചായത്തിലെ 4-ാം വാർഡിൽ പ്രവർത്തനരഹിതമായി കിടക്കുന്നു. ഊട്ടിക്കുളം ലക്ഷംവീട് കോളനിക്ക് സമീപമായി നിർമ്മിക്കാനുദ്ദേശിച്ചു. ഇവിടെ ഒരു വായനശാല, കളിസ്ഥലം എന്നിവ പണിയാൻ കഴിഞ്ഞിട്ടില്ല.

2. <u>മീനടം പബ്ലിക് ലൈബ്രറി</u> - 1951 ഏപ്രിലിൽ പ്രവർത്തനം ആരംഭിച്ചു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ഇരുന്നൂറിൽ അധികം അംഗങ്ങളും പതിനായിരത്തിൽ അധികം പുസ്തകങ്ങളും ഉള്ള ഒരു 'എ' ഗ്രേഡ് ലൈബ്രറി ആണ്. ജനവിദ്യാകേന്ദ്രം, അംഗൻവാടി, സാക്ഷരതാ പ്രവർത്തനം എന്നിവ നടന്നുവരുന്നു.

3. <u>വൈ.എം.എ ലൈബ്രറി</u> - സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. അയ്യായിരത്തോളം പുസ്തകങ്ങളും മുന്നൂറോളം മെമ്പറന്മാരും ഉണ്ട്. സർക്കാർ, പഞ്ചായത്ത് എന്നിവയുടെ ഗ്രാന്റ് ലഭിക്കുന്നു.

4. <u>വിജയാ ലൈബ്രറി ആൻഡ് ക്ലബ്ബ്</u> - സ്വന്തമായി കെട്ടിടം ഉണ്ട്. അംഗൻവാടി ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. സർക്കാർ, പഞ്ചായത്ത് ഗ്രാന്റ് ലഭിക്കുന്നു. പുസ്തക വിതരണം ക്രമമായി നടക്കുന്നു.

ഇവകൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏതാനും വായനശാലകൾകൂടി പ്രവർത്തിക്കുന്നുണ്ട്.

5. <u>വൈ.എം.സി.എ.</u> - നൂറ്റിനാൽപത്

അംഗങ്ങൾ ഉണ്ട്. കലാ സാംസ്കാരിക മത്സരങ്ങൾ, സ്പോർട്ട്സ്, ഗെയിംസ്, എന്നിവ നടത്തുന്നു. ഓണം, ക്രിസ്തു മസ്സ് ഇവ ആഘോഷിക്കുന്നു.

മദ്യ വർജന പ്രസ്ഥാനം – സ്ഥാപകൻ കുര്യാക്കോസ് പാറയ്ക്കൽ ന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ പ്രസ്ഥാനം സാമൂഹ്യതിന്മകളായ മദ്യം മയക്കുമരുന്ന് എന്നിവക്കെതിരെ ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നു.

ബസ്സ് പാസഞ്ചേഴ്സ് അസോസിയേഷൻ ജനങ്ങളുടെ യാത്രാപ്രശ്നങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളിൽ ബന്ധപ്പെട്ട അധികാരി കളുമായി ചർച്ചചെയ്ത് പരിഹാരം ഉണ്ടാക്കുന്നു.

വൈ.എം.എൻ.എ – എൻ.എസ്.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന യുവജനസംഘടനയാണ്. കലാ–കായിക രംഗങ്ങളിൽ അംഗങ്ങൾക്ക് പ്രോത്സാഹനം നടത്തിവരുന്നു.

എസ്.എൻ.ഡി.പി യൂത്ത് മൂവ്മെന്റ് – എസ്.എൻ.ഡി.പി യുടെ കീഴിൽ പ്രവർത്തിക്കുന്ന യിവജന സംഘടനയാണിത്. സമൂഹത്തിലെ തിന്മകൾക്കെതിരായി പോരാടാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

ആർട്ടിസാൻസ് യുവജനഫെഡറേഷൻ – വിശ്വകർമ്മ മഹാസഭയുടെ കീഴിൽ പ്രവർത്തി ക്കുന്നു. നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ ത്തിന് ആവശ്യമായ പ്രോത്സാഹ നങ്ങൾ ചെയ്തുവരുന്നു.

ഇവ കൂടാതെ വിവിധ രാഷ്ട്രീയ സാമുദായിക സംഘടനകളുടെ കീഴിൽ വനിതാ സമാജങ്ങളും സാംസ്കാരിക സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ 3–ാം വാർഡിലുള്ള യു.കെ.വൈ.എം.എ ലൈബ്രറി കെട്ടിടം ഇപ്പോൾ പൊതുജനങ്ങൾക്കായി തുറന്നു പ്രവർത്തി ക്കുന്നില്ല.

2. നിലവിലുള്ള ക്ലബ്ബുകൾക്ക് സ്ഥലവും കെട്ടിടവും ഇല്ല.

3. സാക്ഷരത തുടർവിദ്യാഭ്യാസ പ്രവർത്തനം മന്ദഗതിയിലാണ്.

4. കായികരംഗം നിർജ്ജീവമാണ്.

5. കാർഷിക സാംസ്കാരത്തിന്റെ ഭാഗമായ കാളവണ്ടി ഓട്ടം പോലുള്ള മത്സരങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതാണ്.

6. കലാ–സാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികൾ സാമ്പത്തിക ബാദ്ധ്യതമൂലം പിന്നോക്കം പോകുന്നു.

7. ഗവണ്മെന്റ് എയിഡഡ് സ്കൂളുകളിൽ ആവശ്യമായ പാഠ്യപാഠ്യേതര കാര്യങ്ങളിൽ സൗകര്യങ്ങൾ കുറവാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ആസ്ഥാനത്ത് ഓരോ വർഷമാപിനിയും ഉഷ്ണമാപിനിയും സ്ഥാപിച്ച് രേഖകൾ സൂക്ഷിക്കുക.

2. എല്ലാ വായനശാലകളിലും കെട്ടിട സൗകര്യവും പുസ്തകങ്ങൾ സൂക്ഷിക്കുന്ന തിനുള്ള സൗകര്യവും വർദ്ധിപ്പിക്കുക.

3.ലൈബ്രറികൾക്കും വായനശാല കൾക്കും പഞ്ചായത്തിൽനിന്നും നൽകിവരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.

4. ലൈബ്രറികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് (കലാസാഹിത്യ) ഒരു വകുപ്പ് പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.

5. സാമ്പത്തികമായി പിന്നോക്കം നിൽക്കു ന്നവരും, കലാ–സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥി കൾക്ക് സാമ്പത്തിക സഹായവും പ്രോത്സാഹന വും നൽകുക.

6. ശിലാസ്ഥാപനം നടത്തിയ പഞ്ചായ ത്ത് സാംസ്കാരിക നിലയത്തിന്റെ പണി എത്ര യും വേഗം പൂർത്തിയാക്കുക. അവിടെ ഒരു വായ നശാലയും ഇൻഫർമേഷൻ സെന്ററും സ്ഥാപിക്കു ക.

7. പൊതുജനപങ്കാളിത്തമുള്ള വികസന പരിപാടികൾ പ്രത്യേകിച്ചും കലാ–കായികമേള, കേരളോത്സവും മുതലായവയിൽ സന്നദ്ധസംഘ ടനകളുടെ പങ്കാളിത്തം ഉറപ്പാക്കുക.

8. പഞ്ചായത്ത് ഓഫീസ് ഗ്രൗണ്ടിൽ ഒരു റ്റി. വി. സെറ്റ് സ്ഥാപിക്കുക.

9. പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണ ത്തിൽ ഒരു ആമ്പുലൻസ് സർവ്വീസ് ആരംഭിക്കേ ണ്ടതാണ്.

## പള്ളികൾ, ആലയങ്ങൾ, ക്ഷേത്രങ്ങൾ, സാമുദായിക സംഘടനകളുടെ വിവരം

അവലംബം : പഞ്ചായത്ത്



| | പള്ളികൾ | ആലയങ്ങൾ | ക്ഷേത്രങ്ങൾ | സാമുദായിക സംഘടനകൾ | | |
|---|---|---|---|---|---|---|
| | | | | N.S.S. കരയോഗം | S. N. D. P ശാഖ | വിശ്വകർമ്മ സഭാശാഖ |
| 1 | സെന്റ് തോമസ് വലിയപള്ളി | പെന്തക്കോസ്ത് പ്രാർത്ഥനാലയം കങ്ങഴക്കുന്ന് | | | | |
| 2 | സെന്റ് ജോൺസ് യാക്കോബായ പള്ളി | | മീനടം ഭഗവതി ക്ഷേത്രം | 210 | 265 | 1033 |
| 3 | സെന്റ് ജോർജ്ജ് പുത്തൻപള്ളി | | | | | 259 |
| 4 | ശാലോം മാർത്തോമ്മ പള്ളി | രാജ്യഹാൾ (യഹോവസാക്ഷി) | വട്ടക്കാവ് ദുർഗ്ഗാ ക്ഷേത്രം | 956 | 1687 | |
| 5 | പൊത്തമ്പുറം ദയറാ | | | | | |
| 6 | സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി | ഇൻഡ്യാ പൂർണ്ണ സുവിശേഷസഭ | | 2063 | | |
| 7 | സി. എം. എസ്. ആഗ്ലിക്കൽ ചർച്ച് | | ശിവദർശന ക്ഷേത്രം മഞ്ഞാടി | | | |
| 8 | മലങ്കര സിറിയൻ കത്തോലിക്കാ പള്ളി | ബ്രദറൺ സഭാഹാൾ | | 4096 | | |
| 9 | സെന്റ് ഇഗ്നാത്തിയോസ് യാക്കോബായ പള്ളി | പെന്തക്കോസ്ത് ആലയം പുതുവയൽ | | | | |
| | | ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ | | | | |

മേൽപറഞ്ഞവ കൂടാതെ മലവേടർ (ഉള്ളാടർ) വിളക്കിത്തലനായർ, ഗണക മഹാസഭ, ഭരതർ മഹാസഭ, വണ്ണവർ സമുദായം തുടങ്ങിയ സാമുദായിക സംഘടനകളുടെ ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു.



'കേരളോൽസവ്' കലക്ടർ ശ്രീ. പി. എച്ച്. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു.



'പങ്കെടുത്തവർക്കൊക്കെ നന്ദി'

## 5(9). വനിതാക്ഷേമം

മീനടത്തിന്റെ ചരിത്രം പരിശോധിച്ചാൽ സ്ത്രീകൾ എക്കാലവും പുരുഷമേധാവിത്വത്തിൻ കീഴിലാണ് കഴിഞ്ഞുപോന്നത്. കുടുംബ ശ്രേയസ്സിന് വേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു യന്ത്രമായി എല്ലാ അർത്ഥത്തിലും അവഗണിക്കപ്പെടുന്ന ഒരു വിഭാഗമായിരുന്നു സ്ത്രീകൾ. എന്നാൽ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ചതിന്റെ ഫലമായി സ്ത്രീ-പുരുഷ സമത്വം എന്ന ആശയത്തിലേക്ക് വരുകയും സ്ത്രീകളുടെ സാമൂഹ്യ അവസ്ഥക്ക് മാറ്റമുണ്ടാകുകയും ചെയ്തു. തന്മൂലം നമ്മുടെ പഞ്ചായത്തിലും സാമൂഹ്യ-രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ വനിതകളുടെ സാന്നിധ്യം ശ്രദ്ധേയമായി. വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ നല്ലൊരു വിഭാഗം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. മുൻ കാലങ്ങളിൽ കാർഷികരംഗത്ത് സാധാരണക്കാരായ സ്ത്രീകൾക്ക് ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ആധുനികവൽക്കരണം മൂലം ഇന്ന് ഈരംഗത്ത് സ്ത്രീകൾ തൊഴിൽ രഹിതരായിരിക്കുന്നു.

ആരോഗ്യപരമായ കാര്യങ്ങളിൽ ഈ പഞ്ചായത്തിലെ സ്ത്രികൾ വളരെ മുൻപന്തിയിലാണ്. ഇവിടുത്തെ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭ്യമാകുന്ന സംവിധാനമുണ്ട്.

സാമ്പത്തീക പരാധീനതമൂലം യുവതികളെ വിവാഹം ചെയ്തയക്കാൻ ബുദ്ധിമുട്ടുന്ന നിരവധി കുടുംബങ്ങൾ ഇവിടെയുണ്ട്. അതോടൊപ്പം സ്ത്രീപീഡനം പോലുള്ള ഒറ്റപ്പെട്ട സംഭവങ്ങളും ഈ പഞ്ചായത്തിലുണ്ട്.

കുടുംബത്തിന്റെ സാമ്പത്തീക ഭദ്രതക്കും അതുവഴി നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും സ്ത്രീകളെ കൂടുതൽ പങ്കാളികളാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുതലത്തിൽ ചെയ്യേണ്ടതാണ്.

### പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ.

2. പൊതുരംഗങ്ങളിൽ സ്ത്രീകൾ കടന്നു വരുവാനുള്ള വിമുഖത

3. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനം.

4. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

5. കുടുംബനാഥന്റെ മദ്യപാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ.

### നിർദ്ദേശങ്ങൾ

1. സ്വയം തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കുക.

2. പുരുഷന്മാരോടൊപ്പം സ്തീകൾക്കും തൊഴിലിനു തുല്യമായ വേതനം നടപ്പിലാക്കുക.

3. സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യങ്ങളും സുരക്ഷിതത്വവും ഉറപ്പുവരുത്തുക.

4. അംഗനവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

5. വിധവാപെൻഷൻ കൃത്യമായി വിതരണം ചെയ്യുക.

6. മഹിളാസംഘടനകളുടെ പ്രവർത്തനം എല്ലാവാർഡുകളിലും വ്യാപിപ്പിച്ച് നേതൃത്വ പരിശീലനം കൊടുക്കുക.

7. സ്ത്രീധനം, സ്ത്രീപീഡനം എന്നീ കാര്യങ്ങൾ പരിഹരിക്കാൻ പഞ്ചായത്തുതലത്തിൽ ഫാമിലി കൗൺസിലിംഗ് സെന്റർ സ്ഥാപിക്കുക.

8. അടുക്കളതോട്ടങ്ങൾ നിർമ്മിക്കുന്നതിനും പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉള്ള പരിശീലനം കൊടുക്കുക.

9. റെഡിമെയ്ഡ് ഗാർമെന്റ്, കറി പൗഡർ നിർമ്മാണം, അച്ചാർ, സോപ്പ്നിർമ്മാണം തുടങ്ങി

യവ ആരംഭിക്കുന്നതിനുവേണ്ട പ്രോത്സാഹനം ചെയ്തു കൊടുക്കുക.

10. മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരി ക്കുക.

11. അംഗനവാടി അധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുക.

12. ഗാർഹിക സേവനസംഘം, ബ്യൂട്ടി പാർലർ എന്നിവയ്ക്ക് വേണ്ട പ്രോത്സാഹനം കൊടുക്കുക.

13. ചാരായ നിരോധനം പൂർണ്ണമായി ന ടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരി ക്കണം.

14.മീനടം പഞ്ചായത്തിന്റേതായ ക്രഷ് രൂ പീകരിക്കേണ്ടതാണ്.

15. മാതൃശിശു സംരക്ഷണ കേന്ദ്രം പ്ര വർത്തനക്ഷമമാക്കണം.

16. കുടുംബഭദ്രതയ്ക്ക് വേണ്ടി സ്ത്രീക ളെയും പുരുഷന്മാരേയും ഓരേപോലെ ബോധ വൽക്കരിക്കണം.

17. വെള്ളത്തിന്റെ ദൗർബല്യംമൂലം ഉണ്ടാ കുന്ന കഷ്ടതകളിൽ കൂടുതലും അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. ആയതിനാൽ എല്ലാ വീ ട്ടിലും ജലം ലഭ്യമാക്കത്തക്കവിധത്തിലുള്ള സംവി ധാനം ഉണ്ടാകേണ്ടതാണ്.

18. കംപ്യൂട്ടർ മുതലായ തരത്തിലുള്ള ആധുനിക പരിശീലന കേന്ദ്രങ്ങൾ കുറഞ്ഞ ചില വിൽ കുട്ടികളെ പഠിപ്പിക്കത്തക്ക രീതിയിൽ പഞ്ചാ യത്തുതല സംവിധാനം ഉണ്ടാകണം.

19. കുറ്റിമുല്ല, ഓർക്കിഡ് കൃഷി എന്നിവ പ്രോത്സാഹിപ്പിച്ച് സ്ത്രീകൾക്ക് പ്രത്യേക വരുമാ ന മാർഗ്ഗം കാണുക.

20. പഞ്ചായത്തു തലത്തിൽ ഉന്നത വി ദ്യാഭ്യാസം, വിവാഹം, കായിക താരങ്ങളെ പ്രോ ത്സാഹിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പൊതു ഫണ്ട് ശേഖരിച്ച് സാമ്പത്തിക ശേഷിയില്ലാത്തവ രെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി വേണ്ട ന ടപടി സ്വീകരിക്കുക.

21. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തു ക.

22. സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള പോഷകാഹാരക്കുറവ് നികത്തുന്നതിലേക്കായി സർക്കാർ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

## വിവരണപട്ടിക

### പഞ്ചായത്തുതലം

8 വാർഡുകൾ

| ഇനം | സ്ത്രീകൾ |
|---|---|
| 1. ആകെ സ്ത്രീകളുടെ എണ്ണം | 8,077 |
| 2. അംഗനവാടികൾ | 13 |
| 3. കുട്ടികളുടെ എണ്ണം | 830 (6 മാസം മുതൽ 5 വയസുവരെ) |
| 4. ഗർഭിണികളുടെ എണ്ണം | 68 |
| 5. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 78 |
| 6. സ്ത്രീകൾക്കു തൊഴിൽ കിട്ടുന്നതിനുള്ള സ്ഥാപനങ്ങളുടെ എണ്ണം | 4 |

അവലംബം - അങ്കനവാടി

## 5(10). സഹകരണം

ഭാരതത്തിൽ പദ്ധതി പ്രവർത്തനങ്ങൾ - പൊതുമേഖല.

സ്വകാര്യമേഖല...

സംയുക്ത.. മേഖല എന്നിങ്ങനെ വിവിധങ്ങളാണ്. അതിൽ നാലാമത്തേതും അതി പ്രധാനവുമാണ് സഹകരണമേഖല. ഈ പഞ്ചായത്തിലെ സഹകരണരംഗം. എങ്ങനെ?

പൂർവ്വകാലത്തെസ്ഥിതിയല്ല. ഇന്നു വിവധസ്ഥാപനങ്ങളുണ്ട്. 1960 വരെ പേരിന് ഒറ്റ ഒരു സ്ഥാപനമെ ഉണ്ടായിരുന്നുള്ളു. മഞ്ഞാടിയിലെ കൂട്ടുകൃഷി സഹ.സംഘം. അറുപതു കാലഘട്ടത്തിൽ അതു ലിക്വിഡേഷൻ ഭീഷണിയായി. അതൊഴിവാക്കി നന്നായി പ്രവർത്തിക്കുവാൻ ചില സുഹൃത്തുക്കൾ സർവ്വീസ് സഹകരണസംഘത്തിന്റെ ആശയവുമായി മുന്നോട്ടുവന്നു. ജനങ്ങൾ സജീമായി സഹകരിച്ചെങ്കിലും ആവേശവും വാശിയും നിമിത്തം സ്പഷ്ടമായ രാഷ്ട്രീയചേരിതിരിവുണ്ടായി.

തൽഫലമായി ഒരേ ഏരിയായിൽ ഒരേ സ്വഭാവമുള്ള രണ്ടു സഹകരണസംഘങ്ങൾ നിലവിൽവന്നു. സംസ്ഥാനത്തുതന്നെ ഇതാദ്യ സംഭവമായിരുന്നു. 1973-ൽ രണ്ടുസംഘങ്ങളും സംയോജിച്ചു. അതാണ് ഇന്നത്തെ K.401 സ.സ. ബാങ്ക്. വേറെയും ചില സംഘങ്ങൾ ഇന്ന് ഇവിടെ പ്രവർത്തിച്ചു വരുന്നു. അവ താഴെ ചേർക്കുന്നു.

1. ക്ഷീരവ്യവസായസഹ.സംഘം, മീനടം.

2. റബ്ബർ ഉൽപ്പാദക സഹ. സംഘം.

3. ഇന്ദിരാഗാന്ധി മെമ്മോറിയൽ ജനറൽ മാർക്കറ്റിംഗ് സഹ. സംഘം. ന. K.900.

4. പ്രിയ ദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ല്. IND HT (ST) 3

ഇവ കൂടാതെ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ഇവിടെ പ്രവർത്തിച്ചിരുന്നു. ആദ്യം സ്തംഭിക്കുകയും പിന്നീട് നിന്നുപോവുകയും ചെയ്തു.

തെങ്ങ്, മരച്ചീനി, ചില പച്ചക്കറികൾ ഇവയുടെ കൃഷി തീർത്തും നിർജ്ജീവമാവുകയും അവയുടെ സ്ഥാനം റബ്ബർ കീഴടക്കുകയും ചെയ്തു. അതിനാൽ ഇനി റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കാണു കൂടുതൽ സാദ്ധ്യത.

സഹകരണമേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1 (1)റബ്ബർബാൻഡ്, ത്രെഡ്, ക്രമ്പ് തുടങ്ങിയവ.

(2) പാക്കിംഗ് കേസുകൾ

(3) ട്യൂബുകൾ, ബലൂണുകൾ, കളിപ്പാവകൾ.

ഇവ ഉണ്ടാക്കുന്ന ചെറുകിടഫാക്ടറികൾ സൊസൈറ്റി അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2 ഭക്ഷ്യവസ്തുക്കൾ, പനീയങ്ങൾ

3 മണലിഷ്ടിക, തീപ്പെട്ടി

4 മോട്ടോർവാഹന സഹകരണ സംഘം

5 പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ലഭ്യമാക്കുന്നതിന് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നിവയും പരിഗണിക്കേണ്ടതാണ്. ഇതുവഴി പഞ്ചായത്തിലെ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ജനങ്ങളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താവുന്നതാണ്.

## നിലവിലുള്ള സഹ. സ്ഥാപനങ്ങളുടെ വിവരങ്ങൾ

സ്ഥാപനത്തിന്റെ പേര് – മീനടം സർവ്വീസ് സഹ. ബാങ്ക് ക്ലിപ്തം ന. ക. 401

പ്രവർത്തവ പരിധി – മീനടം പഞ്ചായത്ത്

ക്രഡിറ്റ/നോൺക്രഡിറ്റ് – ക്രഡിറ്റ്

പ്രവർത്തനാരംഭം – 1961

രണ്ടുസംഘങ്ങൾ യോജിപ്പിച്ച് ഒന്നാക്കിയത് – 1973

ആകെ അംഗങ്ങൾ – 4705

ഒറ്റ ഓഹരിവില – 10 രൂപ

അംഗീകൃത ഓഹരിമൂലധനം – 15 ലക്ഷം

ഓഹരിത്തുക – 4,84,130/

നിക്ഷേപങ്ങൾ – 62,00,000/

വായ്പകൾ – 52,00,000/

സർക്കാർ ഓഹരി ഉണ്ടോ – ഉണ്ട്

ഉണ്ടെങ്കിൽ തുക – 40,000/

പരമാവധി കടമെടുക്കാവുന്ന തുക – ഓഹരിമൂലധനത്തിന്റെ ഇരുപത് ഇരട്ടി

**പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ**

1. സ്ഥിരം – 44,88,845/
2. ഹ്രസ്വകാലം – 21,24,640/

**നൽകിയിട്ടുള്ള വായ്പകൾ**

1. കാർഷികവായ്പകൾ
   - ഹ്രസ്വകാലം – 16,89,450/
   - മദ്ധ്യകാലം – 70,885/
2. മറ്റുവായ്പകൾ

ഇനം

I.R.D.P. (1) വ്യാപാരം, (2) പശുവളർത്തൽ – 2,9,750

3. O.F. വായ്പ – 27,09,328/
4. (1) സ്വർണ്ണപ്പണയം – 7,68,755/
   (2) നിക്ഷേപവായ്പകൾ – 1,16,412/

**സ്ഥാപനങ്ങളിൽനിന്നു സ്വീകരിച്ചവ**

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. ജില്ലാ സഹ. ബാങ്ക് | ഹ്രസ്വകാലവായ്പകൾ | 13,67,804/ |
| 2. ഗവണ്മെന്റ് | ഗോഡൗൺ വായ്പ | 3,000/ |

**നൽകിയ വായ്പ കാലാവധി കഴിഞ്ഞു കിട്ടാനുള്ളവ**

| വായ്പ | തുക |
|---|---|
| ഹൃസ്വകാലം | 1,29,799/ |
| മദ്ധ്യകാലം | 13,762.00 |
| ദീർഘകാലം | 1,945/ |

II ഇന്ദിരാഗാന്ധി മെമ്മോറിയൽ ജനറൽ മാർക്കറ്റിംഗ് സഹ.സംഘം No.K. 900

മീനടം കോട്ടയം

| | |
|---|---|
| പ്രവർത്തന മേഖല | – കോട്ടയം താലൂക്ക് |
| ആരംഭിച്ച തീയതി | – 20.9.94 |
| ഓഹരി വില | – 100 രൂപ |
| ആകെ അംഗങ്ങൾ | – 306 |
| വ്യക്തി ഓഹരി | – 59,600 |
| ഗവ. ഓഹരി | – 1,00,000 |
| ആകെ ഓഹരിമൂലധനം | – 1,59,600 |
| നിക്ഷേപം | – 60,000 |
| വായ്പ | – 2,00,000 |

V പ്രിയദർശിനി കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ R.No. 1 N.D.H.T. (ST) 3

| | |
|---|---|
| പ്രവർത്തവ മേഖല | – കേരള സംസ്ഥാന ആകെ |
| ആരംഭിച്ചത് | – 1994 ഒക്ടോബർ |
| അംഗീകൃത ഓഹരിമൂലധനം | – 15 കോടി |
| ഒറ്റ ഓഹരിവില | – 1000 രൂപ |
| ഓഹരി | – ഒന്നര ലക്ഷം |
| സർക്കാർ മൂലധനമായി ലഭിച്ചത് | – 4,99,53,000 രൂപ |
| സംരംഭകരുടെ മൂലധനം | – 50,00,000 രൂപ |
| പൂർത്തിയാകുമ്പോൾ ആകെ ചെലവ് | – 40 കോടി രൂപ |

II ക്ഷീരവ്യവസായ സഹ.സംഘം

മീനടം

പ്രവർത്തന മേഖല – മീനടം പഞ്ചായത്തിന്റെ എല്ലാ ഏറിയായും.

മൊത്തം ശേഖരിക്കുന്ന പാല് – 1 ദിവസം 200 ലിറ്റർ

III റബ്ബറുല്പാദക സഹ. സംഘം

നിക്ഷേപസമാഹരണത്തിൽ സഹ. ബാങ്കിനെ സഹായിക്കുന്നു. റബർപാൽ സംഭരണം മാത്രമാണ് പ്രധാന പ്രവർത്തനം

**നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള നേട്ടങ്ങൾ**

പഞ്ചായത്തിൽ കോമേർഷ്യൽ ബാങ്കുകൾ പരിമിതമാണ്. ലീഡ് ബാങ്കായി ആകെ ഉള്ളത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മാത്രമാണ്. അവർ പ്രവർത്തനങ്ങളിൽ ലാഭംമാത്രം കണക്കാക്കുന്നു. സേവനത്തിനു പ്രാധാന്യം നൽകുന്നില്ല. ഈ കുറവുനികത്തിക്കൊണ്ടിരിക്കുന്നത്. സ. സ. ബാങ്കാണ്. ഭൂരിപക്ഷം വരുന്ന ഗ്രാമീണ കൃഷിക്കാരുടെ വായ്പാവശ്യങ്ങൾ നിരവേറ്റുന്നത് ഏറിയപങ്കും ഈ സ്ഥാപനമാണ്.

**നിർദ്ദേശങ്ങൾ**

1 സഹ.ബാങ്കിന് മുകളിൽ ഒരു നിലകൂടി ഉടനെ തീർത്ത് പ്രവർത്തനം ഊർജ്ജിതമാക്കുക.

2) മഞ്ഞാടി- നാരകത്തോട് എന്നിവിടങ്ങളിൽ ഓരോ ബ്രാഞ്ച് തുടങ്ങുക.

3) വായ്പകൾ കാലെ കൂട്ടിയറിഞ്ഞ് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

4) നബാഡിൽ നിന്നു കൺസഷൻ ഫിനാൻസ് കൃത്യമായി അനുവദിക്കുക.

5) ചെറുകിടസമ്പാദ്യപദ്ധതിയുടെ ഏറിയ വർദ്ധിപ്പിക്കുകയും, പുതിയ ചില ചിട്ടികൾകൂടി ആരംഭിക്കുകയും ചെയ്യണം.

6) മിൽക് സൊസൈറ്റി പഞ്ചായത്തിലെ കാലിവളർത്തലുകാരുടെ ആവശ്യങ്ങൾ സാധിപ്പിക്കുന്നില്ലാത്തതിനാൽ ഒരുകോണിൽ നിന്നു മാറ്റി മാളികപ്പടി കേന്ദ്രമാക്കി പുതുതായു ഒരു മിൽക് സൊസൈറ്റി രൂപീകരിക്കണം.

7) റബ്ബർ ഉല്പാദക സഹകരണ സംഘത്തിന് പ്രത്യേകം ഏറിയാതിരിച്ച് കൊടുത്തിട്ടുള്ളതിനാൽ മറ്റൊന്നുകൂടി രൂപീകരിക്കണം.

8) ഇന്ദിരാഗാന്ധി മെമ്മോറിയൽ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന് സ്ഥലവും കെട്ടിടവും ഉണ്ടാകണം.

9. പ്രിയദർശിനി കോ. സ്പി. മില്ല് മീനടം പഞ്ചായത്തിലായതിനാൽ ജോലിക്കാരെ തെരഞ്ഞെടുക്കുമ്പോൾ മീനടം പഞ്ചായത്തിന് മുൻഗണന നൽകണം.

10. സർവ്വോപരി റബ്ബർമേഖലയായതിനാൽ ഒരു വൻകിട സഹകരണ റബ്ബർ ഫാക്ടറി രൂപീകരിക്കണം.

11. സമീപപ്രദേശങ്ങളിൽനിന്നും കോട്ടയം പട്ടണത്തിൽനിന്നും വൻകിടസ്വകാര്യ വ്യവസായി കളേയും ഇവിടേയ്ക്കു ക്ഷണിക്കണം.

12. മേൽപ്പറഞ്ഞ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹകരണവും തൊഴിൽ സമാധാനവും നിലനിർത്തുന്നതിന് ശ്രദ്ധിക്കണം.

13. മീനടത്ത് പ്രവർത്തനരഹിതമായി കിടക്കുന്ന ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

14. സഹകരണമേഖലയിൽ ഒരു ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.

## 5(11). പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

**മീ**നട പഞ്ചായത്തിൽ 86 പട്ടികജാതി പട്ടികവർഗ്ഗക്കുടുംബങ്ങൾ ഉണ്ട്. ഇവരിൽ ഭൂരിഭാഗം പേരും കുടികിടപ്പവകശാത്തിൽ കൂടി ലഭിച്ച സ്ഥലത്ത് വീടുകൾ കെട്ടി താമസിക്കുന്നവരാണ്. ഏറിയപങ്കും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസരംഗത്ത് ഇവർ ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ്. ഇവരുടെ ക്ഷേമത്തിനായി സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഒരു ചെറിയ ശതമാനം ആളുകൾക്ക് മാത്രമെ അതിന്റെ പ്രയോജനം സിദ്ധിക്കുന്നുള്ളു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഏറ്റവും ആവശ്യം വിദ്യാഭ്യാസമാണ്. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കലോചിതമായ രീതിയിൽ വർദ്ധിപ്പിക്കേണ്ടതാണ്. ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്ന സാങ്കേതിക വിദ്യാഭ്യാസരംഗത്തേക്ക് പട്ടികജാതി–പട്ടിക വർഗ്ഗത്തിൽ പെട്ട കുട്ടികൾ കടന്നു വരേണ്ടതാണ്. ഈ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് സർക്കാരിൽനിന്നും കാലാകാലങ്ങളിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഈ വിഭാഗത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാരിൽനിന്നും കൊടുക്കുന്ന എല്ലാ സാമ്പത്തിക സഹായങ്ങളും യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നു എന്ന് ഉറപ്പ് വരുത്തണം. ലഭ്യമായ കണക്ക് അനുസരിച്ച് ഇവരുടെ ജനസംഖ്യ 374 ആണ്.

### വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് കൂടുതൽ പുരോഗതി ആവശ്യമാണ്. എസ്.എസ്.എൽ.സി.യ്ക്ക് ശേഷം ഉള്ള വിദ്യാഭ്യാസം ലഭിച്ചവർ കുറവാണ്. അതിനാൽ ഈ പ്രദേശത്ത് ഒരു സാങ്കേതികവിദ്യാഭ്യാസസ്ഥാപനം അത്യാവശ്യ മാണ്. ഈ വിഭാഗത്തിന് മാത്രമായി ഒരു ഹോസ്റ്റൽ ആരംഭിക്കേണ്ടതാണ്.

### തൊഴിൽ

ജനകീയാസൂത്രണം നടപ്പിൽ വരുന്ന തോടുകൂടി കാർഷികരംഗത്ത് തൊഴിൽദിനങ്ങൾ വർദ്ധിക്കും. ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇത് ഒരു തൊഴിൽ മേഖല ആകുന്നതാണ്. കാർഷികതൊഴിൽ ലഭ്യമല്ലാത്ത കാലത്തേക്ക് വീടുകളിൽ ഇരുന്ന് ചെയ്യാവുന്ന പരമ്പരാഗത തൊഴിലിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മുള, ചൂരൽ, ഈറ്റ മുതലായവ ലഭ്യമാക്കേണ്ടതാണ്.

### പാർപ്പിടം

പഞ്ചായത്തിൽനിന്നും ലഭ്യമായ സ്ഥലങ്ങളിൽ വാസയോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെ നിർമ്മിക്കുന്ന വീടുകൾക്ക് കിണറും, കക്കൂസും ലഭ്യമാക്കുന്നതിനും നടപടി കൈക്കൊള്ളണം.

### നിർദ്ദേശങ്ങൾ

#### വിദ്യാഭ്യാസം

1. നാല് വയസ്സുമുതൽ അഞ്ചുവയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം നൽകുക.

2. അഞ്ചു വയസ്സിനുമേൽ പ്രായമുള്ള എല്ലാ കുട്ടികളെയും വിദ്യാലയങ്ങളിൽ അയക്കുക.

3. ഇങ്ങനെ പോകുന്ന കുട്ടികൾക്ക് പ്രാഥമിക തലം മുതൽ തന്നെ തൊഴിൽ പരിശീലനം വിദ്യാലങ്ങളിൽ നിന്നുതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുക.

4. പ്രീ പ്രൈമറി വിദ്യാലയങ്ങളിൽ സൗജന്യ പോഷകാഹാരവിതരണം നടത്തുക.

5. കലാ-കായി രംഗങ്ങളിൽ പ്രോത്സാഹനം നൽകിക്കൊണ്ട് ഇവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ശ്രമം നടത്തണം.

### തൊഴിൽ

1. കാർഷിക മേഖലയിൽ തൊഴിൽ ചെയ്യാവുന്നവരെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ആവശ്യാനുസരണം തൊഴിൽ മേഖലയിൽ പ്രവർത്തിപ്പിക്കുക.

2. കർഷകതൊഴിലാളിപെൻഷനും അതുപോലുള്ള മറ്റ് ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നെന്ന് ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണ്.

3. കൈത്തൊഴിൽ, തയ്യൽ മുതലായവയിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് വേണ്ട പ്രോത്സാഹനങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

4. സഹകരണവ്യവസായസ്ഥാപനങ്ങളിൽ തൊഴിലവസരങ്ങളിൽ അർഹപ്രാതിനിധ്യം നൽകുന്നതിന് നടപടി ഉണ്ടാവണം.

### പാർപ്പിടം

1. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം ഉണ്ടാക്കിനൽകണം.

2. നിലവിലുള്ള പാർപ്പിടങ്ങളുടെ കേടുപാടുകൾ തീർത്ത് വാസയോഗ്യമാക്കി കൊടുക്കണം.

3. കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യാനുസരണം കിണറുകൾ കുഴിപ്പിച്ച് നൽകണം.

4. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകണം.

5. ഒരു പൊതുശ്മശാനം പഞ്ചായത്തു തലത്തിൽ നിർമ്മിക്കുക.

6. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട 14 കുടുംബങ്ങൾ വസിക്കുന്ന 2-ാം വാർഡിലുള്ള കുരിക്കകുന്ന് കോളനി പട്ടികജാതി-പട്ടികവർഗ്ഗകോളനിയായി പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെതന്നെ 1-ാം വാർഡിൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഇടശ്ശേരിമേപ്പുറം ഭാഗം പട്ടിക ജാതി കോളനിയായി പ്രഖ്യാപി ക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. വ്യവസാനയ രംഗത്തേയ്ക്ക് പട്ടികജാതി-വർഗ്ഗ വിഭാഗത്തിന് കടന്നുവരുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ദേശസാൽകൃത ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലഭ്യമാക്കണം.

2. പട്ടികജാതി-വർഗ്ഗ വികസന കോർപ്പറേഷനിൽകൂടിയുള്ള പദ്ധതികളുടെ ഗുണഭോക്താക്കളെ പഞ്ചായത്തു തലത്തിൽ കണ്ടുപിടിക്കുന്നതിനും യഥാസമയം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

3. സഹകരണ സ്ഥാപനങ്ങൾ മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന ജോലി ഒഴിവുകളിൽ അർഹതയുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

4. പഞ്ചായത്തുവക ഷോപ്പിംഗ് സെന്ററുകളിൽ വ്യാപാരവും മറ്റ് തൊഴിലുകളും ചെയ്യുന്നതിന് ആവശ്യമായ മുറികൾ നൽകേണ്ടതാണ്.

5. സ്വന്തമായി ഭൂമിയും പാർപ്പിടവും ഇല്ലാത്ത പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിട സൗകര്യം നൽകേണ്ടതാണ്.

6. പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളുടെ വിദ്യാഭ്യാസ സെൻസസ് എടുത്ത് പഞ്ചായത്തിൽ സൂക്ഷിക്കുകയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.

7. സാക്ഷരതാ പ്രവർത്തകർ പട്ടികജാതി-വർഗ്ഗ കോളനികൾ സന്ദർശിച്ച് വിദ്യാഭ്യാസത്തിന്റെ മാഹ്ത്മ്യം പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയും എല്ലാ കുട്ടികളെയും സ്കൂളുകളിൽ അയയ്ക്കുവാൻ രക്ഷിതാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3-ാം വാർഡിൽ പുതുവയൽ കോളനി പട്ടികജാതി കോളനിയായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

## പട്ടിക

ജനസംഖ്യ, വിദ്യാർത്ഥികളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തിയ പട്ടികകൾ ചുവടെ ചേർക്കുന്നു.

### പട്ടിക 1

### പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമം

### കുടുംബങ്ങളും ജനസംഖ്യയും

| ആകെ കുടുംബങ്ങൾ | ജനസംഖ്യ | | | ആകെ |
|---|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | കുട്ടികൾ | |
| 86 | 118 | 138 | 118 | 374 |

അവലംബം - കുടുംബസർവ്വേ

### പട്ടിക 2

### വിവിധ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| ക്രമനമ്പർ | വിദ്യാലയങ്ങൾ | കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | ആൺ | പെൺ | |
| 1 | പൊതുവിദ്യാലയങ്ങൾ | 38 | 22 | 60 |
| 2 | ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | 1 | 4 | 5 |
| 3. | സാങ്കേതിക വിദ്യാലയം | 3 | – | 3 |

അവലംബം - സ്ക്കൂൾ സർവ്വേ

## 5(12).വിഭവസമാഹരണം

നമ്മുടെ ഗ്രാമം നേരിടുന്ന പ്രശ്നങ്ങൾ ഓരോ മേഖലയായി തിരിച്ച് വിശദീകരിക്കുകയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭാവനാസമ്പന്നമായ ആസൂത്രണപ്രക്രിയഫലപ്രദമായി നടപ്പിലാക്കിയാൽ എല്ലാ രംഗങ്ങളിലും പ്രത്യേകിച്ച് കാർഷിക, വ്യാവസായിക, മൃഗസംരക്ഷണ, സഹകരണ മേഖലകളിൽ ഒരു കുതിച്ചുചാട്ടം നടത്തുകയും പഞ്ചായത്തുപ്രദേശത്തെ പൊതുവെയുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും തദ്വാര പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യുന്നതാണ്. ഇപ്പോഴത്തെ വരുമാനവിവരം 1995-96ലെ ആകെ വരുമാനം കേവലം 5.60 ലക്ഷം രൂപയായിരുന്നു.



പട്ടിക 1

പ്രധാന വരുമാന മാർഗ്ഗങ്ങൾ

1995-96

| ക്രമനമ്പർ | ഇനങ്ങൾ | തുക |
|---|---|---|
| 1 | കെട്ടിടനികുതി | 1,20,696.10 |
| 2 | തൊഴിൽ നികുതി | 44,895.00 |
| 3 | ലൈസൻസ് ഫീസ് | 4,555.00 |
| 4 | വസ്തു കൈമാറ്റ നികുതി (75%) | 6,712.00 |
| | ,, (25%) | 1,34,076.00 |
| 5 | ഗ്രാന്റുകൾ മറ്റ് വരവുകൾ | 2,42,292.55 |
| 6 | ഡിപ്പോസിറ്റ് | 7,379.00 |
| | | 5,60,605.65 |

അവലംബം - പഞ്ചായത്ത് രേഖകൾ

11.44 സ്ക്വ. കി.മി. വിസ്തീർണ്ണവും 16,300 ഓളം ആൾക്കാർ താമസിക്കുകയും ചെയ്യുന്ന ഈ പഞ്ചായത്തിന്റെ വരുമാനം നിസ്സാരമാണെന്ന് മേൽപ്പറഞ്ഞ കണക്ക് വ്യക്തമാക്കുന്നു. അതേ സമയം വരുമാനത്തിന്റെ സിംഹഭാഗവും (ഏതാണ്ട് 4.24 ലക്ഷം രൂപ) ഭരണച്ചെലവിനായി പോകുന്നു. എന്തെങ്കിലും വികസന പ്രവർത്തനം നടത്തണമെങ്കിൽ ഇന്നത്തേതിന്റെ ഇരട്ടിയോ അതിലധികമോ വരുമാനം ആവശ്യമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. അതുപോലെ ഇവിടുത്തെ ബാങ്കുകളെ ക്കുറിച്ച് മനസ്സിലാക്കേണ്ടതാണ്. പട്ടിക കാണുക.

## പ്രശ്നങ്ങൾ

ഈ പ്രദേശത്തെ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം കെട്ടിട നികുതിയിലോ സർക്കാർ അർദ്ധസർക്കാർ തൊഴിൽ സ്ഥാപനങ്ങൾ എന്നിവയുടെ ദൗർലഭ്യം മൂലം തൊഴിൽ നികുതിയുലോ ഇന്നാട്ടിൽ സിനിമാശാലകൾ ഇല്ലാത്തതിനാൽ വിനോദനികുതി ഇനത്തിലോ കാര്യമായ വർദ്ധനവിന് സാദ്ധ്യത കുറവാണ്. എങ്കിലും ഈ രംഗങ്ങളിൽ ഉചിതമായ വർദ്ധനവിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. കെട്ടിടനികുതി – വീടുകൾ, പീടികമുറികൾ, വ്യവസായശാലകൾ മുതലായവയുടെ കരം കാലോചിതമയി പരിഷ്കരിക്കുക.

2. തൊഴിൽ നികുതി – ഈ പ്രദേശത്തെ മാസശമ്പളം പറ്റുന്ന എല്ലാ ആൾക്കാരിൽനിന്നും തൊഴിൽകരം ഈടാക്കത്തക്ക വിധം അസ്സസ്സ്മെന്റ് നടത്തുക.

3. വിനോദനികുതി – ഒരു സിനിമാതീയറ്റർ സ്ഥാപിക്കുന്നതിനും തദ്വാരാ ഈ പ്രദേശങ്ങളിലെ ആളുകൾ വിനോദത്തിനായി പുതുപ്പള്ളി, പമ്പാടി, തോട്ടയ്ക്കാട് തുടങ്ങിയ സമീപപ്രദേശങ്ങളിൽ ചിലവഴിക്കുന്ന വിനോദനികുതി ഇവിടെതന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുക.

4. ഖനനം – ആറാണിക്കുന്ന് പ്രദേശത്ത് ഇരുമ്പയിര് ഉള്ളതിനാൽ ലാഭകരമാണെന്ന് പരീക്ഷണത്തിൽ തെളിയുന്ന പക്ഷം ഇരുമ്പ് ഖനനം അരംഭിക്കുക.

5. ഒരു പബ്ലിക് മർക്കറ്റ് സ്ഥാപിച്ച് ഈ പ്രദേശത്തെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് സൗകര്യം ഉണ്ടാക്കുകയും അതുവഴി പഞ്ചായത്തിന്റെ ധനാഗമനം വർദ്ധിപ്പിക്കുകയും ചെയ്യുക.

6. ഈ പഞ്ചായത്തിന് ഒരു ഷോപ്പിംഗ് കോംപ്ലെക്സ്, ബസ്സ്റ്റാന്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ അത്യാവശ്യ ഘടകങ്ങളാണ്. ഇതിന് സർക്കാരിൽനിന്നും കൂടുതൽ തുക അനുവദിക്കണം.

7. ശാസ്ത്രീയമായ പഠനം നടത്തിയും എസ്റ്റിമേറ്റ് തയ്യാറാക്കിയും മുൻഗണന നിശ്ചയിച്ചും റോഡുകൾ, കലുങ്കുകൾ, ഓടകൾ മുതലായവ നിർമ്മിച്ചും ഘട്ടം ഘട്ടമായി ടാർ റോഡുകൾ ആക്കിമാറ്റുന്നതിന് മരാമത്തിനുള്ള പണം വിനിയോഗിക്കേണ്ടതാണ്.

8. അശാസ്ത്രീയമായ നികുതിഘടന – പഞ്ചായത്തുതലത്തിലെങ്കിലും മാറ്റി പ്രായോഗിക വീക്ഷണത്തോടുകൂടിയ നികുതി നിശ്ചയിക്കുകയും ഇപ്പോൾ നികുതിയിൽ നിന്നും ഒഴിഞ്ഞുമാറുന്നവരിൽ നിന്നും ന്യായമായ നികുതി ഈടാക്കുന്നതിന് ആത്മാർത്ഥമായ ശ്രമം നടത്തുകയും വേണം.

9. പഞ്ചായത്തുകൾക്ക് ഫണ്ട് നിശ്ചയിക്കുമ്പോൾ ജനസംഖ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവകൂടി കണക്കിലെടുക്കേണ്ടതാണ്.

10. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്റ്റേറ്റ്ബാങ്ക് സാധാരണക്കാർക്ക് കൂടുതൽ പ്രയോജനകരമായ രീതിയിൽ വായ്പാഘടന പരിഷ്കരിക്കേണ്ടതാണ്. അതേപോലെതന്നെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

11. മീനടം സർവ്വീസ് സഹകരം ബാങ്ക് വായ്പാപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

### പട്ടിക 2
### മീനടത്തു പ്രവർത്തിക്കുന്ന ബാങ്കുകളുടെ ധനസ്ഥിതിയും വായ്പാ വിവരവും

| ന. | ബാങ്കിന്റെ പേര് | ഡിപ്പോസിറ്റ് | വായ്പകൾ |
|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മീനടം ശാഖ | 390 ലക്ഷം | 90 ലക്ഷം |
| 2 | സർവ്വീസ് സഹകരണ ബാങ്ക് മീനടം ന.401 | 62 ലക്ഷം | 52 ലക്ഷം |

അവലംബം – ബാങ്ക് രേഖ

12. വികലാംഗക്ഷേമം – വികലാംഗർക്ക് ടെലിഫോൺബൂത്ത്, ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള മെഷീൻ, പിഎസ്.സി. ഫാറങ്ങൾ, സ്റ്റാമ്പുകൾ, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സമർപ്പിക്കാനുള്ള അപേക്ഷകൾ എന്നിവ സംഭരിച്ച് വിൽപന നടത്തുന്നതിനും ഫാറങ്ങൾ പൂരിപ്പിക്കുന്നതിനും ഉള്ള സംവിധാനം സർക്കാരിന്റെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ആരംഭിക്കുക.

13. സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ മാസശമ്പളക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുക.

14. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്നതിന് കെട്ടിടങ്ങളെ A, B, C, D ഗ്രേഡായി തരംതിരിച്ച് വിസ്തീർണ്ണവും, P.W.D. പഞ്ചായത്ത് റോഡുകളുടെ അകലവ്യത്യാസവും കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ നികുതി ഘടന പരിഷ്കരിക്കേണ്ടതാണ്.

15, നിലവിലുള്ള എല്ലാ നികുതികളും ശാസ്ത്രീയമായ രീതിയിൽ പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

16. സന്നദ്ധസംഘടനകളും, പ്രാദേശിക സമിതികളും നൽകുന്ന തൊഴിലിന് ഭക്ഷണം കർഷകരിൽനിന്നും ദാനമായി സംഭരിച്ച് ലഭ്യമാക്കുക.

17. കെട്ടിടനികുതിയോടുകൂടി വസൂലാക്കുന്ന ലൈബ്രറിസെസ്സ് ഈ പഞ്ചായത്തിൽതന്നെയുള്ള ലൈബ്രറികൾക്ക് വിനിയോഗിക്കുക.

18. ആധുനിക അറവുശാലകൾ പഞ്ചായത്ത് ആഭിമുഖ്യത്തിൽ നിർമ്മിച്ച് ലേലം ചെയ്ത് നൽകുക.

19. കരിങ്കൽ ക്വാറിക്ക് ലൈസൻസുകൾ നിർബന്ധമാക്കുക.

20 പൊതുസ്ഥലങ്ങളിൽ മൂത്രപ്പുര, കക്കൂസ്, കുളിമുറി മുതലായവ പഞ്ചായത്ത് നിർമ്മിച്ച് അവ ഉപയോഗിക്കുന്നതിന് നിശ്ചിത ഫീസ് നിർണ്ണയിച്ച് ഫീസ് ഈടാക്കുന്നതിന് ലേലം ചെയ്ത് ആൾക്കാരെ ഏർപ്പെടുത്തുക.

21. ജനന, മരണ, വിവാഹ രജി. ഫീസ് കാലോചിതമായി പരിഷ്കരിക്കുക.

22. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ ഒ.പി. ടിക്കറ്റിന് നാമമാത്രമായ ഫീസ് നിശ്ചയിച്ച് തുക സംഭരിച്ച് അതാതു സ്ഥാപനങ്ങളുടെ വികസനത്തിന് ഉപയോഗിക്കുക. അതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക.

23. ഷോപ്പിംഗ് കോംപ്ലെക്സ് പഞ്ചായത്തുതലത്തിൽ നിർമ്മിച്ച് സെക്യൂരിറ്റിയും വാടകയും ഈടാക്കി ആവശ്യക്കാർക്ക് നൽകുക.

24. ഷെഡ്യൂൾ ബാങ്കുകളുടെ ശാഖകൾ മീനടത്ത് ആരംഭിക്കുക.

25. ടാക്സി, ഓട്ടോ സ്റ്റാന്റ് നിർമ്മിക്കുക.

### പട്ടിക 3
### മീനടം ഗ്രാമപഞ്ചായത്ത്
### ചെലവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 4,23,983.00 |
| പൊതുമരാമത്ത് | 3,38,150.00 |
| വിദ്യാഭ്യാസം | 1,15,800.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 17,479.00 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 49,476.00 |
| മറ്റുള്ളവ | 16,395.00 |
| ആകെ | 9,61,283.00 |

അവലംബം – പഞ്ചായത്ത് രേഖ

## പട്ടിക 4
## പഞ്ചായത്തുരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

തുക

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതരവിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | – | 308 | 308 |
| ആരോഗ്യം | 61,895 | 1662 | 63,557 |
| കൃഷി | 1,07,865 | – | 1,07,865 |
| പി.ഡബ്ല്യു.ഡി. | 7,300 | – | 7,300 |
| ഹരിജനക്ഷേമം | 68 | – | 68 |
| മറ്റുള്ളവ | | | |
| ഐ.സി.ഡി.എസ്. | 25,000 | – | |
| വിദ്യാഭ്യാസം – | | 500 | 25,500 |
| ആകെ | 2,02,128 | 2470 | 2,04,598 |

അവലംബം – പഞ്ചായത്ത് രേഖയിൽനിന്ന്

## പട്ടിക 5
## ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

| പട്ടമരങ്ങൾ | ഫലവൃക്ഷങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|
| 18,500 | 335 | – | 18,835 |

അവലംബം – പഞ്ചായത്ത് രജിസ്റ്റർ

## പട്ടിക 6
## ഗ്രാന്റ് വിവരങ്ങൾ

### ഗ്രാന്റ് രജിസ്റ്ററും സോഷ്യൽഗ്രാന്റ് രജിസ്റ്ററും

| VRM | MI | VTC | അടിസ്ഥാന നികുതി | | SPL Grand | JRY | അൺടൈഡ് ഫണ്ട് | ആകെ Rs. |
|---|---|---|---|---|---|---|---|---|
| Rs. 1 | Rs. 2 | Rs. 3 | 25% 4 | 75% 5 | Rs. 6 | Rs. 7 | Rs. 8 | 9 |
| 21,045 | 846 | 1,83,423 | – | 23,777 | – | 51,900 | 2,25,840 | 5,06,831 |

അവലംബം – പഞ്ചായത്തു രജിസ്റ്റർ

## പട്ടിക 7
## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനങ്ങളുടെ എണ്ണം

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 8 | 2 | 16 | 1 | 27 | 1130 |
| 2 | 2 | 1 | 2 | – | 5 | 80 |
| 3 | 5 | – | 4 | 2 | 11 | 610 |
| 4 | 2 | – | 1 | – | 3 | 60 |
| 5 | 2 | – | 1 | – | 3 | 300 |
| 6 | 4 | – | 5 | 8 | 17 | 805 |
| 7 | 3 | 2 | 6 | 15 | 26 | 840 |
| 8 | 1 | – | 1 | 1 | 3 | 70 |
| | 27 | 5 | 36 | 27 | 95 | 3895 |

അവലംബം – പഞ്ചായത്ത് രജിസ്റ്റർ



# സമഗ്ര ഗ്രാമ വികസനം



സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം

ഗ്രാമവികസനത്തിന് വിഭവം ആവശ്യം

വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

ഗ്രാമ വികസനത്തിന്റെ ചാലകശക്തി

പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക

പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക

ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക.



'വൃക്ഷമുത്തച്ഛൻ' പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ചിറയ്ക്കൽ സർപ്പക്കാവെന്നറിയപ്പെടുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന അറ ആഞ്ഞിലി എന്നു പറയപ്പെടുന്ന ഈ വൃക്ഷത്തിന് ഉദ്ദേശം 70 അടി ഉയരവും 130 ഇഞ്ച് വണ്ണവും കണക്കാക്കുന്നു. കെ. പി. ഗോപാലകൃഷ്ണൻനായർ പെറുമ്പാൽ പരിപാലിക്കുന്ന ഈ സർപ്പക്കാവിലെ വൃക്ഷത്തിന് ഏകദേശം രണ്ടു നൂറ്റാണ്ടോളം പഴക്കമുള്ളതായി കരുതപ്പെടുന്നു. വർഷകാലത്ത് ഇലപൊഴിക്കുന്ന ഈ വൃക്ഷം വേനൽക്കാലത്ത് താങ്ങും തണലുമായി നിലകൊള്ളുന്നു.

## വികസനരേഖ തയ്യാറാക്കാൻ സഹായിച്ചവർ, സഹകരിച്ചവർ

1. K. H. വർഗ്ഗീസ്, ചാമക്കാലായിൽ
2. K. T. കുര്യാക്കോസ്, വെളത്തേടത്തുപറമ്പിൽ
3. തങ്കമ്മ ജോൺ, കരിമ്പിൽ
4. M. A. സുകുമാരൻ, മൈലാടിയിൽ
5. റവ. ഫാ. K. S. ജേക്കബ്, കക്കാട്ട്
6. ഉമ്മൻ വർഗീസ്, വെട്ടിക്കോട്ട്
7. V. J. ജോസഫ്, വെളത്തേടത്തുപറമ്പിൽ
8. C. P. കോര, ചുണ്ടില്ലാമറ്റം
9. സാറാമ്മ മത്തായി, പാറയിൽ
10. M. C. സ്കറിയാ, മല്ലകാട്ടുകടുപ്പിൽ
11. M. V. നൈനാൻ, ചിറമാട്ടേൽ
12. C. D. പരമേശ്വരൻനായർ, ഈഴേപ്പറമ്പിൽ
13. ഗോപിനാഥൻ നായർ, കുറ്റിക്കാട്ട്
14. സാബു S. മൈലാടിൽ
15. തങ്കച്ചൻ, മുണ്ടിയാക്കൽ
16. K. S. സോമശേഖരൻ നായർ, കൊല്ലംപറമ്പിൽ
17. K. K. ഗോപാലൻ, പാറയിൽ
18. K. S. രാജപ്പൻ, ശ്രീമന്ദിരം
19. ചാക്കോ പി. ഏലീയാസ്, പമ്പൂര്
20. അന്നമ്മ ചാക്കോ
21. K. V. ചാക്കോ, മേട്ടയിൽ
22. N. സുകുമാരൻ, പരുന്തൂർ, പയ്യപ്പാടി
23. C. M. ഫിലിപ്പ്, ഗ്രേസ് കോട്ടേജ്
24. രാധാമണി N. നായർ, കുന്നാത്ത്
25. ഗ്രേസി ജോസഫ്, പനയ്ക്കൽ
26. M. A. അപ്പുക്കുട്ടൻ, മൈലാടിൽ
27. സാറാമ്മ കോര, കുറ്റിക്കൽ
28. P. N. കുഞ്ഞ്, പൊങ്ങഴയിൽ
29. T. N. മധുസൂദൻ, തച്ചേരിൽ
30. ഗോപാലകൃഷ്ണൻ V. K. വേടരുപറമ്പിൽ
31. V. N. ഫിലിപ്പ്, വട്ടക്കടപ്പിൽ
32. K. V. ഏബ്രഹാം, കുഴിയാത്ത്
33. N. T. ഫിലിപ്പ്, നെടുംപൊയ്കയിൽ
34. C. V. വർഗ്ഗീസ്, ചാരോത്ത്
35. തോമസ്, മധുരംചേരിൽ
36. P. J. ഫിലിപ്പ്, പൂതമറ്റത്തിൽ
37. P. V. ചാക്കോ, കാലായിൽ
38. P. K. കുര്യൻ, പള്ളിക്കുന്നേൽ
39. C. V. ചെല്ലപ്പൻ, ചെമ്പൻകുഴി
40. ജോസ് കുര്യാക്കോസ്
41. E. T. തോമസ് ഇലവുങ്കൽ
42. അന്നമ്മ ചാക്കോ
43. K. R. കൃഷ്ണൻകുട്ടി കണിയാംപറമ്പിൽ
44. പ്രീതാ പ്രസാദ് തച്ചേരിൽ
45. A. M. മത്തായി
46. തങ്കമ്മ ജോൺ, പനയ്ക്കൽ
47. V. K. കൃഷ്ണൻകുട്ടി നായർ
48. V. M. ഗോപാലകൃഷ്ണൻ
49. P. P. ഗോപി പേരുകിഴക്കേതിൽ
50. M. R. മോഹനകുമാർ, മഞ്ഞാടികരോട്ട്

# ഉപസംഹാരം

വികസനം കൊതിക്കുന്ന ഒരു കൊച്ചു ഗ്രാമത്തിന്റെ നൊമ്പരങ്ങളും നെടുവീർപ്പുകളും ഇവിടെ പദ്ധതികളായി രൂപം കൊള്ളുന്നു. ചരിത്രത്തിന്റെ ആഴങ്ങളിലേക്ക് എത്തിനോക്കുവാനും കിട്ടുന്ന അവസരം. കേരളത്തിന്റെ പഞ്ചായത്ത് തലത്തിൽ ഈ ഗ്രാമത്തിന് സ്ഥാനം ലഭിച്ചിട്ട് കേവലം 16 വർഷങ്ങൾ മാത്രം. അതിനുശേഷം മാത്രമാണിവിടുത്തെ വിദ്യാഭ്യാസ മേഖലയിൽ ഒരു ഹൈസ്ക്കൂൾ ഉണ്ടായതും ആരോഗ്യരംഗത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം രൂപം കൊണ്ടതും. മാറി മാറി വന്ന പഞ്ചായത്ത്, സംസ്ഥാന ഭരണമാറ്റം ഈ ഗ്രാമത്തിന്റെ വികസനത്തിന് നേട്ടവും കോട്ടവും സംഭാവനയായി നൽകി. എടുത്തു പറയേണ്ടവരിൽ ശ്രീ. ഉമ്മൻചാണ്ടിM. L. A. ഒന്നാം സ്ഥാനത്തു തന്നെ നിൽക്കുന്നു. തട്ടാൻകടവു പാലവും താവു വടക്കേൽ, കാരയ്ക്കാകുഴി, തോട്ടയ്ക്കാട് റോഡുകളും വില്ലേജായി മാറ്റിയ ഈ ഗ്രാമത്തിന്റെ ചരിത്രാദ്ധ്യായത്തിന്റെ പുതിയ താളുകൾ എഴുതിച്ചേർത്തു. വികസന കാര്യങ്ങളിൽ സഹായിയായി നിൽക്കുന്ന ശ്രീ. രമേശ് ചെന്നിത്തല എം. പി. യുടെ സേവനം പ്രശംസനീയമാണ്.

മീനടത്തിന്റെ സാമൂഹിക സാംസ്ക്കാരിക വികസന രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമുണ്ടായിരുന്ന ശ്രീ. കെ. സി. വർക്കിയെ പ്രത്യേകം സ്മരിക്കുന്നു.

വിശ്വാസങ്ങളിൽ വൈരുദ്ധ്യം ഉണ്ടെങ്കിൽകൂടി കക്ഷി രാഷ്ട്രീയത്തിന്റെ അകൽച്ചയില്ലാതെ ജാതി മതത്തിന്റെ വേലികളില്ലാതെ ജനകീയ വികസനത്തിന് ഗ്രാമത്തിലെ ജനങ്ങൾ ഒന്നിച്ച് നിൽക്കുന്നു. ഒരു ലക്ഷം രൂപ പഞ്ചായത്തനുവദിച്ച IV –ാം വാർഡിലെ ശിവദർശന ക്ഷേത്രം – പാമ്പാടിദയറാ റോഡിന് ഇപ്പോൾ ഏകദേശം600–ൽ പരം കായികശേഷി ഉപയോഗിച്ചു കഴിഞ്ഞു. നവം.1–ാം തീയതി പുനരർപ്പണത്തിന്റെ ഭാഗമായി തുടക്കം കുറിച്ച ഈ റോഡിന്റെ നിർമ്മാണം ജനപങ്കാളിത്തത്തിന്റെ ഉദാഹരണമാണ്.

2000 മാണ്ടോടുകൂടി സമ്പൂർണ്ണ ശുചിത്വം എന്ന ബാനറിന്റെ കീഴിൽ ഈ പഞ്ചായത്തിലും നടപ്പാക്കുന്ന 'നിർമ്മൽ 2000' മഞ്ഞാടി ലക്ഷം വീടു കോളനിയിൽ തുടക്കം കുറിച്ചു.

കാർഷിക മേഖലയിൽ ജില്ലയിൽ പേരെടുത്തു പറയാവുന്ന ഈ പഞ്ചായത്തിലെ പച്ചക്കറികളുടെ വിപണിതേടി മറ്റു സ്ഥലങ്ങളിലേക്കായിരുന്നു പോകേണ്ടിയിരുന്നതെങ്കിൽ ഇവിടുത്തെ കർഷകന്റെ സ്വപ്ന സാക്ഷാത്ക്കാരം എന്ന നിലയിൽ പഞ്ചായത്തിന്റെ സസ്യമാർക്കറ്റ് പണി തീർന്നു വരുന്നു.

റോഡുകളുടെ കാര്യത്തിൽ പോസ്റ്റാഫീസ് പടി, പരിയാരം, കാളച്ചന്ത പമ്പുകവല, തട്ടാൻകടവ് മഞ്ഞാടി. ചീരംകുളം നാരകത്തോട് തുടങ്ങിയ റോഡുകളുടെ വികസനത്തിന് പഞ്ചായത്ത് പ്രാരംഭ നടപടി എടുത്തുകഴിഞ്ഞു.

ഗ്രാമത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടുന്ന മിനി ഇൻഡസ്ട്രീസ് എസ്റ്റേറ്റ്, പൊതു സ്മശാനം, ഷോപ്പിംഗ് കോംപ്ലക്സ്, ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ വികസം, കോളനികളുടെ അറ്റകുറ്റ പണികൾ, മണ്ണുസംരക്ഷണം, കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനത്തിൽ ഉയർന്ന സാങ്കേതിക വിദ്യയുടെ പ്രചരണം, റബ്ബർ അതിഷ്ടിത വ്യവസായങ്ങൾ തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ 9–ാം പദ്ധതിയിൽ ചെയ്തു തീർക്കാമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

വികസനത്തിലെ ജനപങ്കാളിത്തം ജനങ്ങളിൽ ഒത്തിരി പ്രതീക്ഷകൾ വളർത്തിയിരിക്കുന്നു. കുടിവെള്ളത്തിന്റെ പരിഹാരമെന്ന നിലയിൽ ചെറുകിട പദ്ധതികൾ വാർഡുതലത്തിൽ നടപ്പിലാക്കുമ്പോൾ പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

കർഷകന്റെ മുതൽ മുടക്ക് കൂടുകയും റബ്ബർ, കൊക്കോ, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ വിലയിടിവ് ഉണ്ടാകുകയും ചെയ്യുന്നത് നിത്യജീവിതത്തെ ബാധിക്കുന്നു. വായ്പ ലഭിക്കുന്നതിനായുള്ള സാമ്പത്തിക ഏജൻസികൾ വളരെ കുറവും ഉള്ളവ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താതിരിക്കുന്നതും സശ്രദ്ധം വീക്ഷിക്കേണ്ടിയിരിക്കുന്നു. കാർഷിക വികസന ബാങ്കുകൾ വളരെ അനിവാര്യമാവുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്.

ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും, ഗ്രാമങ്ങൾ ഉണർന്നാൽ മാത്രമേ വളരാൻ കഴിയൂ എന്നും കണ്ടെത്തിയ രാഷ്ട്രപിതാവിന്റെ സ്വപ്നത്തിലെ 'ഗ്രാമസ്വരാജ്' കെട്ടിയുയർത്തുവാൻ മുന്നോട്ട് വന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് പ്രശംസ അർഹിക്കുന്നു. കുറഞ്ഞ സമയത്തിൽ കൂടുതൽ അദ്ധ്വാനം വേണ്ടി വന്നു. തിടുക്കത്തിലെ പോരായ്മകൾ ഉണ്ടായേക്കാം. എങ്കിലും മുമ്പോട്ടുള്ള പ്രചാരണത്തിൽ ഒപ്പം നിന്നവർ ശക്തി പകർന്നവർ അവരുടെയൊക്കെ ബുദ്ധിയെ ശക്തിയെ സമന്വയപ്പെടുത്തിയ ഈ കൊച്ചു ഗ്രാമം ഇനിയും പലതും പ്രതീക്ഷിച്ചുകൊണ്ട്

K. T. പൊന്നപ്പൻ

പ്രസിഡന്റ്

മീനടം ഗ്രാമപഞ്ചായത്ത്



# Special Thanks

**P. Z. ജോസഫ്**

**V. G. രാമചന്ദ്രൻ നായർ**

**M. R. ഗോപാലകൃഷ്ണൻ നായർ**

**P. S. ചന്ദ്രകുമാർ**

**അനിയൻ മാത്യു**



"ഉപഭോക്താവ് നമ്മുടെ അതിഥി യാണ്. അദ്ദേഹം നമ്മെ ആശ്രയിച്ചു കഴിയുന്ന ആളല്ല. നാം അദ്ദേഹത്തെ ആശ്രയിച്ചു കഴിയുകയാണ് ചെയ്യുന്നത്. അദ്ദേഹം നമ്മുടെ ജോലിക്ക് തടസ്സമല്ല. നമ്മുടെ ജോലിയുടെ ലക്ഷ്യം തന്നെ അദ്ദേഹമാണ്. നമ്മുടെ സേവനം ഒരു ഔദാര്യമല്ല. സേവിക്കാൻ അനുവദിക്കുന്നത് അദ്ദേഹം നമ്മോട് കാണിക്കുന്ന ഔദാര്യമാണ്."

# ജനന മരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്
ഉദ്യോഗത്തിന്
വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്
പൗരത്വം സ്ഥാപിക്കുന്നതിന്
റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്
വയസ്സ് തെളിയിക്കുന്നതിന് കൃത്യമായ രേഖ വേണം
ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക



അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്
ഇൻഷുറൻസ് തുക ലഭിക്കുന്നതിന്
മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്
മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം
മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന്
ഉറപ്പുവരുത്തുക

**ജനനവും മരണവും 21 ദിവസത്തിനകം**
**രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.**
**ഇത് നിർബന്ധമാണ്.**

# അധികാരം ജനങ്ങളിലേക്ക്

## *ഒൻപതാം പദ്ധതി ജനകീയ പദ്ധതി*



ഒൻപതാം പദ്ധതിയുടെ 35–40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം

പഞ്ചായത്ത് രാജ്–നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു

വികസന സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ

വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ

ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി



'ഗ്രാമത്തിൻെറ തലസ്ഥാനം'. ഗ്രാമപഞ്ചായത്ത് ഓഫീസ്, മീനടം